**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

**ആറാമത് റിപ്പോർട്ട്**

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച റിപ്പോർട്ട്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

ആറാമത് റിപ്പോർട്ട്

(2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ്
ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്]

467/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 84 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

### ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, കെ. എൻ. എ. ഖാദർ

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി.

ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി

,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002-03 മുതൽ 2004-05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജനുവരി മാസം 4-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

## റിപ്പോർട്ട്

### തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ചത്

### മംഗലപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**1996–ലെ വരൾച്ച കുടിവെള്ളം വിതരണത്തിലെ ക്രമക്കേടുകളും നഷ്ടവും**

1996-ലെ വരൾച്ചക്കാലത്ത് കുടിവെള്ള വിതരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ഈ ഇടപാടിൽ ക്രമക്കേടുകൾ നടന്നതായും അതുവഴി പഞ്ചായത്തിനും സർക്കാരിനും സാമ്പത്തിക നഷ്ടം സംഭവിച്ചതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിലെ അവനവൻചേരിയിലുള്ള പമ്പ് ഹൗസിൽ നിന്നും 5000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കർ ലോറികളിൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ളം എത്തിക്കുകയാണ് പദ്ധതി. പരിശോധനയിൽ 145 ലോഡ് വെള്ളം വിതരണം നടത്തിയതായി സ്റ്റേറ്റ്മെന്റ് ഹാജരാക്കി കരാറുകാരൻ പഞ്ചായത്തിൽ നിന്നും ഒരു ലോഡിന് 575 രൂപ നിരക്കിൽ മൊത്തം 83,375 രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ 89 ലോഡ് വെള്ളം മാത്രമാണ് വിതരണം ചെയ്തിരിക്കുന്നതെന്ന് വിശദമായ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇപ്രകാരം അനർഹമായി 56 ലോഡ് വെള്ളത്തിന് 575 രൂപ ക്രമത്തിൽ അധികമായി വാങ്ങിയ 32,000 രൂപ ഉത്തരവാദികളായവരിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

കുടിവെള്ള വിതരണം സംബന്ധിച്ച ചെലവുകൾ ആദ്യം പഞ്ചായത്തുകൾ തന്നെ വഹിക്കേണ്ടതും യഥാർത്ഥ കണക്കുകൾ ഹാജരാക്കി സർക്കാരിൽ നിന്നും അർഹമായ തുക വാങ്ങേണ്ടതുമാണ്. 145 ട്രിപ്പ് വെള്ളത്തിന് കരാറുകാരന് തുക നൽകിയെങ്കിലും 89 ട്രിപ്പ് വെള്ളം മാത്രമാണ് യഥാർത്ഥത്തിൽ വിതരണം നടത്തിയത്. 89 ട്രിപ്പിന് 55 കിലോമീറ്റർ വച്ച് 4895 കിലോമീറ്റർ ദൂരത്തിന് 8 രൂപ നിരക്കിൽ 39,160 രൂപയ്ക്കു മാത്രമേ അർഹതയുള്ളൂ. എന്നാൽ വ്യാജമായ കണക്കുകൾ ഹാജരാക്കി സർക്കാരിൽ നിന്നും 83,600 രൂപ വാങ്ങിയിട്ടുണ്ട്. ഇപ്രകാരം അനർഹമായി സർക്കാരിൽ നിന്നും അധികമായി വാങ്ങിയ 44,440 രൂപ സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.1.1(i)]

1. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി:—

"5-12-2007-ന് A1-168/03 നമ്പരായി വെള്ളം വിതരണം ചെയ്ത കോൺട്രാക്ടർ ഷംനാദ് എന്നയാളിന് അധികമായി കൈപ്പറ്റിയ 32,000 രൂപ തിരിച്ചടയ്ക്കുന്നതിന് രജിസ്ട്രേഡ് തപാലിൽ നോട്ടീസ് നൽകിയിട്ടുണ്ട്."

2. കുടിവെള്ള വിതരണം നടത്തിയതിൽ 44,440 രൂപ സർക്കാരിന് നൽകാനുള്ളത് സംബന്ധിച്ച് ബാദ്ധ്യത ആരുടെ പേരിലാണ് ഫിക്സ് ചെയ്തിട്ടുള്ളതെന്നും 145 ട്രിപ്പ് വെള്ളം വിതരണം ചെയ്തിട്ട് 189 ട്രിപ്പിന് പണം വാങ്ങിയിരിക്കുന്നുവെന്ന വ്യത്യാസം വന്നതെങ്ങനെയെന്നും 27-12-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞു. വെള്ളയമ്പലം, അവനവഞ്ചേരി എന്നീ സ്ഥലങ്ങളിലെ പമ്പ് ഹൗസുകളിൽ നിന്നും 189 ലോഡ് വെള്ളം വിതരണം നടത്തിയിട്ടുണ്ടെന്നും അതിൽ അവനവഞ്ചേരിയിൽ നിന്നുമുള്ള രേഖ മാത്രമേ ഫയലിൽ ഉണ്ടായിരുന്നുള്ളൂവെന്നും മറ്റു രേഖകൾ പേയ്മെന്റിനുവേണ്ടി താലൂക്കാഫീസിൽ കൊടുത്തിരിക്കുകയാണെന്നും വൗച്ചറുകൾ താലൂക്കാഫീസിൽ ഹാജരാക്കിയതിനുശേഷമാണ് പണം പിൻവലിച്ചിരിക്കുന്നതെന്നും കണക്കുകൾ ക്ലിയർ ചെയ്തിട്ടുണ്ടെന്നും രണ്ട് പ്രാവശ്യം അടവു വന്നിട്ടുള്ളതിനാൽ രണ്ടു സെക്രട്ടറിമാരും ഉൾപ്പെടുമെന്നും അധികമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുന്നതിനു കോൺട്രാക്ടർ ഷംനാദിന് 5-12-2007-ൽ രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിവരങ്ങൾ സാധൂകരിക്കുന്നതിന് തെളിവോ രേഖയോ ഉണ്ടെങ്കിൽ ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടു.

3. സമിതി നിർദ്ദേശപ്രകാരം സെക്രട്ടറി ലഭ്യമാക്കിയ രേഖകളിന്മേൽ 11-1-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ.ജി.2/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു :

"1996-ലെ വരൾച്ച നേരിടുന്നതിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്തതിന്റെ അസ്സൽ ബില്ലുകളും വൗച്ചറുകളും തിരുവനന്തപുരം താലൂക്ക് ഓഫീസിൽ സമർപ്പിക്കുകയും പഞ്ചായത്തിന് കുടിവെള്ളം വിതരണം ചെയ്ത വകയിൽ ചെലവായ തുക റീഫണ്ട് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ടെന്ന് പ്രാദേശിക പരിശോധന വേളയിൽ സെക്രട്ടറി മറുപടി നൽകിയിരിക്കുന്നു. അടിയന്തിരമായി വൗച്ചറുകൾ താലൂക്ക് ഓഫീസിൽ സമർപ്പിക്കേണ്ടിവന്നതിനാൽ അവയുടെ കോപ്പിയെടുത്ത് സൂക്ഷിക്കുന്നതിന് കഴിഞ്ഞില്ലായെന്ന വാദം അംഗീകരിക്കത്തക്കതല്ല. വെള്ളം വിതരണം ചെയ്തതിന് യാതൊരുവിധ രേഖകളും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലായെന്ന പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കൂടുതലായി രേഖകളൊന്നും ഹാജരാക്കാത്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നുവെന്നറിയിക്കുന്നു."

4. തുടർന്ന് പരാമർശവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-3-2009-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

കുടിവെള്ള വിതരണം സംബന്ധിച്ചു വിവരങ്ങൾ നൽകുന്നതിന് സെക്രട്ടറി വാട്ടർ അതോറിറ്റിയിൽ അപേക്ഷ നൽകിയിരുന്നുവെങ്കിലും റെക്കോർഡുകൾ ലഭ്യമല്ല എന്ന മറുപടിയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയിട്ടുള്ളത്. കുടിവെള്ള വിതരണം സംബന്ധിച്ച് ഒറിജിനൽ വൗച്ചറുകൾ താലൂക്കാഫീസിൽ ഹാജരാക്കിയാണ് പഞ്ചായത്ത് ചെലവായ തുക കൈപ്പറ്റിയിട്ടുള്ളത്. എന്നാൽ ഈ വൗച്ചറുകൾ താലൂക്കാഫീസിൽ ലഭ്യമല്ലെന്ന് 30-5-2008-ലെ ജി5.13129/08 നമ്പർ കത്തിലൂടെ തിരുവനന്തപുരം തഹസിൽദാർ മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ

അറിയിച്ചിട്ടുണ്ട്. കുടിവെള്ളം വിതരണം ചെയ്തതിന് പഞ്ചായത്ത് ചെലവാക്കിയിട്ടുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട വൗച്ചറുകളുടെ അടിസ്ഥാനത്തിൽ താലൂക്ക് ഓഫീസർ തിരികെ നൽകിയിട്ടുണ്ടെന്നും കുടിവെള്ളം വിതരണം ചെയ്ത വകയിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നുമുള്ള വിവരം 10-9-2008-ലെ എ1-168/03 നമ്പർ കത്തുപ്രകാരം മംഗലപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, തിരുവനന്തപുരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചിട്ടുണ്ട്."

5. തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 31-8-2009-ലെ 14484/സ്പെ.സെൽ.ജി.2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

"വരൾച്ച കുടിവെള്ളം വിതരണത്തിലെ ക്രമക്കേടുകളും നഷ്ടവും എന്ന പരാമർശത്തിന്മേലുള്ള നഷ്ടം നാളിതുവരെ ഈടാക്കിയിട്ടില്ലാത്തതിനാൽ പരാമർശം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

**6. 27-12-2007-ലെ തെളിവെടുപ്പ് യോഗത്തിൽ 1996-ലെ വരൾച്ച കുടിവെള്ളം വിതരണത്തിലെ ക്രമക്കേടുകളും നഷ്ടവും എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും മറ്റ് രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി വ്യക്തമായ നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെ സമിതിനിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് തടസ്സപ്പെടുത്തിയ മുഴുവൻ തുകയും അധികമായി തുക കൈപ്പറ്റിയ കോൺട്രാക്ടറിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## വെള്ളനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണി—കൃത്രിമ രേഖകൾ ചമച്ച് രണ്ടു പ്രാവശ്യം തുക കൈപ്പറ്റി**

വെള്ളനാട് പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലുള്ള റോഡുകളുടെ മെറ്റലിംഗിന്റെയും ടാറിംഗിന്റെയും പണികൾ ചെയ്തു പൂർത്തിയാക്കി പണം കൈപ്പറ്റിയതിനുശേഷം അതേ പണികൾ തന്നെ വീണ്ടും ചെയ്തതായി കൃത്രിമ രേഖകൾ ചമച്ച് ഭീമമായ തുക രണ്ടാം തവണയും കൈപ്പറ്റിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. വെള്ളനാട് ഗ്രാമപഞ്ചായത്തിലെ മേപ്പാട്ടുമല പഞ്ചായത്ത് ഓഫീസ് റോഡിന്റെ മെറ്റലിംഗും ടാറിംഗും പണി ഇരട്ടിപ്പായി ചെയ്തതിനാൽ 1,93,651 രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. അതുപോലെ തന്നെ പുതുക്കുളങ്ങര കന്യാരുപാറ കോളനി റോഡ് റീടാറിംഗ് ജോലി ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തുതീർത്തതാണ്. എന്നാൽ ഇതേ പണി പഞ്ചായത്ത് ഫണ്ടിൽനിന്നും V.T.C.യിൽ ഉൾപ്പെടുത്തി വീണ്ടും ചെയ്തതായി രേഖയുണ്ടാക്കി പണം തട്ടിയെടുത്തിട്ടുണ്ട്. ഈയിനത്തിൽ 1,12,750 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ

നിന്നും ഈടാക്കാൻ ഓഡിറ്റ് നിർദ്ദേശിച്ചിട്ടുണ്ട്. മുണ്ടേല കുരിശ്ശടി കാണിക്കപ്പെട്ടി റോഡ് റീടാറിംഗ് ചെയ്ത ഇനത്തിൽ 1,00,000 രൂപയും കവിയാകോട് കടുവാക്കുഴി റോഡ് മെറ്റലിംഗിന്റെയും ടാറിംഗിന്റെയും പണി ചെയ്ത ഇനത്തിൽ 98,000 രൂപയും ഇരട്ടിപ്പായി ചെലവാക്കിയതിനാൽ ഓഡിറ്റ് നിരാകരിച്ചിട്ടുണ്ട്. മേൽവിവരിച്ച നാലു റോഡുകളുടേയും പണികൾ രണ്ടു പ്രാവശ്യം ചെയ്തതായി രേഖകൾ ചമച്ച് പണം കൈക്കലാക്കിയതിനാൽ വെള്ളനാട് ഗ്രാമപഞ്ചായത്തിന് ആകെ 5,04,401 രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.1.2(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

7. 1998-99 ഓഡിറ്റ് റിപ്പോർട്ടിലെ 44, 45, 46, 47 എന്നീ ഖണ്ഡികകളുമായി ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീമതി ഡി. രാജമ്മ, 30-3-2000-ൽ സർവ്വീസിൽനിന്ന് വിരമിച്ചു.

ശ്രീമതി ഡി. രാജമ്മ, കുഴിവിള വീട്, ധനുവച്ചപുരം പി.ഒ., നെയ്യാറ്റിൻകരയ്ക്ക് ഈ കാര്യാലയത്തിൽ നിന്നും 3-10-2002-ൽ എ1/412/2002 പ്രകാരം, ടി ഖണ്ഡിക കളിൽ പറഞ്ഞിട്ടുള്ളതും ഓഡിറ്റിൽ നിരാകരിച്ചിട്ടുള്ളതുമായ തുക ഈ ഓഫീസിൽ ഒടുക്കണമെന്നു കാണിച്ചു കൊണ്ട് ഓഡിറ്റ് ഖണ്ഡിക രജിസ്റ്റേർഡായി അയച്ചു കൊടുത്തിട്ടുണ്ട്.

ടിയാനിൽ നിന്നും മറുപടി ഒന്നും ലഭിച്ചിട്ടില്ല.

ശ്രീമതി രാജമ്മയുടെ പെൻഷനുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് 3-10-2002-ൽ എ1/616/01 നമ്പരായി നൽകിയി ട്ടുള്ള ബാദ്ധ്യതാ സാക്ഷ്യപത്രത്തിൽ ടി ഖണ്ഡികയിൽ പറയുന്ന തുക കൂടി ഉൾപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്.

8. കൃത്രിമ രേഖ ചമച്ച് രണ്ടു പ്രാവശ്യം കൈപ്പറ്റിയ തുകയായ 5,04,401 രൂപ ഉത്തരവാദിയായ സെക്രട്ടറിയുടെ പക്കൽ നിന്നും അവരുടെ DCRG തുകയായ 1,98,000 രൂപ ഈടാക്കിയതിനുശേഷം ബാക്കിവരുന്ന തുകയായ 3,06,401 രൂപയ്ക്ക് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ശ്രീമതി ഡി. രാജമ്മ 30-3-2000-ൽ പെൻഷനായെന്നും പെൻഷൻ നടപടി പൂർത്തിയാക്കുന്നതോടൊപ്പം ആർ. ആർ. നടപടിയും പൂർത്തിയാക്കാൻ കഴിയുമെന്ന് എ.ഡി.പി. 27-12-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി മുമ്പാകെ ബോധിപ്പിച്ചു.

9. ഓഡിറ്റ് തടസ്സം വന്നപ്പോൾ തന്നെ ബന്ധപ്പെട്ട സെക്രട്ടറിയോട് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ആയതിന് രേഖാമൂലമുള്ള മറുപടി ലഭ്യമാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുന്നതിന് സഹകരിക്കുകയോ ചെയ്തില്ലെന്നും ഒരു റോഡിന്റെ തന്നെ 3 റീച്ചുകളിലെ പണിയാണ് ചെയ്തതെന്ന് വാക്കാൽ മറുപടി നൽകുകയാണുണ്ടായ തെന്നും മറ്റു പോംവഴികളില്ലാത്തതിനാലാണ് ആർ.ആർ. നടപടിയെടുത്തതെന്നും

പഞ്ചായത്ത് ഡയറക്ടർ സമിതിയെ അറിയിച്ചു. കൃത്യമായ തുക കണക്കാക്കി നടപടി സ്വീകരിച്ച് മറുപടി രണ്ടാഴ്ചയ്ക്കകം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

പരാമർശത്തിന് സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് വകുപ്പ് നൽകിയ വിശദീകരണം 13-10-2008-ലെ L.F. 20396/സ്പെ.സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

10. 1998-99 വർഷത്തെ വരവുചെലവു കണക്കുകൾ 31-7-1999-നകം ഓഡിറ്റിനായി അയച്ചുതരേണ്ടതായിരുന്നുവെങ്കിലും ആയത് യഥാസമയം ലഭ്യമാക്കിയില്ല. യഥാസമയം കണക്കുകൾ സമർപ്പിക്കാതിരുന്നതിനാൽ 15-5-2001 മുതൽ 30-5-2001 വരെയുള്ള കാലയളവിൽ, 1998-99-ലെ ചെലവു കണക്കുകളുടെ ഓഡിറ്റ് നടത്തി, ചെലവു ഓഡിറ്റ് റിപ്പോർട്ട് ഈ ഓഫീസിലെ എൽ.എഫ്.റ്റി. ഡി.6(സി)823/01 നമ്പർ പ്രകാരം 19-9-2002-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് വെള്ളനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ റിപ്പോർട്ടിന് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ പഞ്ചായത്ത് അധികൃതർ വീഴ്ച വരുത്തിയ സാഹചര്യത്തിൽ എൽ.എഫ്.റ്റി.ഡി.ജി.പി.5/ 320/2008, തീയതി 28-3-2008 പ്രകാരം പ്രാദേശിക പരിശോധന നടത്തി, പുനരഭിപ്രായക്കുറിപ്പുകൾ പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു.

വെള്ളനാട് ഗ്രാമപഞ്ചായത്തിന്റെ 1998-99-ലെ വരവ് കണക്കുകൾ 7-3-2007-ൽ മാത്രമാണ് ഈ ഓഫീസിൽ ലഭിച്ചിട്ടുള്ളത്. ടി കണക്കുകളുടെ ഓഡിറ്റ് 15-4-2008 മുതൽ 19-4-2008 വരെയുള്ള കാലയളവിൽ പൂർത്തിയാക്കി 2-9-2008-ലെ എൽ.എഫ്.റ്റി.ഡി.ജി.പി.5/1043/08 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

ടിയാൾ പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ വാർഷിക കണക്കുകൾ യഥാസമയം തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കാതിരുന്നത്, അവരുടെ ഭാഗത്തെ വീഴ്ചയായി കണക്കാക്കാവുന്നതാണ്. എന്നാൽ പിൽക്കാലത്ത് ആയത് സമർപ്പിക്കപ്പെടുകയും ഓഡിറ്റ് പൂർത്തിയാക്കുകയും ചെയ്ത സാഹചര്യത്തിൽ പരാമർശം ഒഴിവാക്കുന്ന കാര്യം സമിതിയുടെ പരിഗണനയ്ക്ക് വിടുന്നു. ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളെ സംബന്ധിച്ച അഭിപ്രായങ്ങൾ ഇപ്രകാരമാണ് :

(1) ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക-44 : മുണ്ടേല-കുരിശ്ശടി കാണിയ്ക്കപ്പെട്ടി റോഡ് :

റോഡ് ടാറിംഗിന്റെ ഒന്നാംഘട്ടം നടപ്പാക്കാൻ 28-7-1997-ലെ 1(എ)(1)-ാം തീരുമാനപ്രകാരവും രണ്ടാംഘട്ടത്തിന് 21-3-1998-ലെ 1-ാം നമ്പർ തീരുമാന പ്രകാരവും ഭരണാനുമതി നൽകി പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച് മിനിട്സ് ഒഴികെ യാതൊരു രേഖകളും പ്രാദേശിക പരിശോധനയിൽ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ നിലനിൽക്കുന്നു.

(2) ഖണ്ഡിക-45 : കവിയാക്കോട് കടുവാക്കുഴി റോഡ് :

റോഡിന് രണ്ടു ഘട്ടമായി പണി നടത്താൻ 21-3-1998-ലെ 4(7), 1(എം)-6 എന്നീ നമ്പർ തീരുമാനങ്ങളിലൂടെ ഭരണാനുമതി നൽകിയതിന്റെ മിനിട്ട്സ് ഒഴികെ മറ്റു രേഖകൾ ലഭ്യമാക്കിയിട്ടില്ല.

(3) ഖണ്ഡിക-46 :

5-3-1997-ലെ 1(6), 21-3-1998-ലെ IV/10-ാം നമ്പർ തീരുമാനങ്ങളിലൂടെ ഭരണാനുമതി നൽകിയതിന്റെ മിനിട്ട്സ് ഒഴികെ മറ്റു യാതൊരു രേഖകളും പരിശോധനാ വേളയിൽ ലഭ്യമാക്കിയിട്ടില്ല.

(4) ഖണ്ഡിക-47 :

21-3-1998-ലെ 4(9), 31-3-1998-ലെ VII(ജെ) എന്നീ നമ്പർ തീരുമാനങ്ങളിലൂടെ ഒന്നാംഘട്ടത്തിനും രണ്ടാം ഘട്ടത്തിനും യഥാക്രമം ഭരണാനുമതി നൽകിയതായി കാണുന്നു. മറ്റു രേഖകൾ ലഭ്യമല്ല.

സമിതി നിർദ്ദേശാനുസരണം പ്രസ്തുത വിഷയത്തിന്മേൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

11. വെള്ളനാട് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തിയതിൽ 1997-98, 1998-99 എന്നീ വർഷങ്ങളിലെ എല്ലാ രേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല. ലഭ്യമായ രേഖകൾ പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് താഴെ കൊടുക്കുന്നു :

''ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ടിലും ലോക്കൽ ഫണ്ട് ഓഡിറ്റ് പഞ്ചായത്തിനു നൽകിയ 1998-99 വർഷത്തെ റിപ്പോർട്ടിലും കവിയാക്കോട്-കടുവാക്കുഴി റോഡ്, പുതുക്കുളങ്ങര-കന്യാരുപാറ കോളനി റോഡ്, മുണ്ടേല-കുരിശ്ശടി-കാണിക്കപ്പെട്ടി റോഡ്, മേപ്പാട്ടുമല-പഞ്ചായത്ത് ഓഫീസ് എന്നീ നാലു റോഡുകളുടെ പണി ഇരട്ടിപ്പായി ചെയ്ത് കാണിച്ചിരിക്കുന്നുവെന്നാണ് പരാമർശിച്ചിരിക്കുന്നത്.

രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ റോഡുകളിൽ താഴെപ്പറയും പ്രകാരം വിഭിന്ന എസ്റ്റിമേറ്റുകളും കരാറുകളും പ്രകാരം ഒരേ റോഡിൽ ഒന്നിൽ കൂടുതൽ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളായി ചെയ്തതായി ബോധ്യപ്പെട്ടു.

| *ക്രമ നമ്പർ* | *എസ്റ്റിമേറ്റ് തുക* | *പണിയുടെ പേര് (വി.റ്റി.സി.)* | *കരാർ നമ്പറും തീയതിയും* | *കൺവീനറുടെ പേര്* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| I(a) | 1,00,000 | കവിയാക്കോട്-കടുവാക്കുഴി റോഡ് (3-ാംഘട്ടം) | 1/98-99 12-11-1998 | ശ്രീ. ഡി. രവീന്ദ്രൻ നായർ |
| I(b) | 1,00,000 | കവിയാക്കോട്-കടുവാക്കുഴി റോഡ് (2-ാംഘട്ടം) | 8/98-99 10-6-1998 | ശ്രീ. ജി. രാജേന്ദ്രൻ |
| II(a) | 1,12,750 | പുതുക്കുളങ്ങര-കന്യാരുപാറ കോളനി റോഡ്—റീ ടാറിംഗ് | 2/98-99 15-6-1998 | ശ്രീ. കെ. ശശീന്ദ്രൻ നായർ |
| II(b) | 1,30,000 | പുതുക്കുളങ്ങര-കന്യാരുപാറ കോളനി റോഡ്—റീ ടാറിംഗ് | 9/98-99 10-6-1998 | ശ്രീ. കെ. ശശീന്ദ്രൻ നായർ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| III(a) | 1,00,000 | മുണ്ടേല-കുരിശ്ശടി-കാണിക്കപ്പെട്ടി റോഡ് (1-ാംഘട്ടം) | 7/98-99 10-6-1998 | ശ്രീ. കെ. ബേബി നായർ |
| III(b) | 1,00,000 | മുണ്ടേല-കുരിശ്ശടി-കാണിക്കപ്പെട്ടി റോഡ്—റീ ടാറിംഗ് | 4/98-99 12-11-1998 | ശ്രീ. കെ. ബേബി നായർ |
| IV(a) | 1,00,000 | മേപ്പാട്ടുമല-പഞ്ചായത്ത് ഓഫീസ് റോഡ് (3-ാംഘട്ടം) | 2/98-99 12-11-1998 | ശ്രീ. എം. അജയ കുമാർ |
| IV(b) | 1,97,603 | മേപ്പാട്ടുമല-പഞ്ചായത്ത് ഓഫീസ് റോഡ് | 2/98-99 20-6-1998 | ശ്രീ. ജി. രാജേന്ദ്രൻ |
| | | രണ്ട് റീച്ചായാണ് പണി ചെയ്തിട്ടുള്ളത് രണ്ട് കരാറും ഒപ്പിട്ടുണ്ട് | 10/98-99 17-6-1998 | |

മുകളിൽ കാണിച്ചിരിക്കും പ്രകാരം ഒരേ റോഡിൽ തന്നെ വിവിധ റീച്ചുകളിലായി ചെയ്ത പ്രവൃത്തികളാണ് പണി ചെയ്യാതെ ബില്ലുമാറി പണം കൈപ്പറ്റിയതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത്. ഓഡിറ്റ് സമയത്ത് എല്ലാ രേഖകളും ഓഡിറ്റിന് ലഭ്യമായിരുന്നുവെന്നാണ് ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാകുന്നത്. പ്രവൃത്തി ചെയ്യാതെ വ്യാജരേഖകൾ ചമച്ച് പണം കൈക്കലാക്കിയെന്ന ഗുരുതരമായ ആരോപണം ഓഡിറ്റ് റിപ്പോർട്ടിലും സമാഹൃത റിപ്പോർട്ടിലും ഉൾപ്പെടുത്തുന്നതിനു മുമ്പ് വസ്തുതകൾ ശരിയായി അപഗ്രഥിച്ച് മനസ്സിലാക്കാതിരുന്നത് അക്ഷന്തവ്യമായ അപരാധമാണ്. ഓഡിറ്റിന്റെ ഇത്തരം പ്രവൃത്തികൾമൂലം പഞ്ചായത്ത് ജീവനക്കാർക്കുണ്ടാകുന്ന മാനസിക പീഡനങ്ങൾക്കും, ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസവും കണക്കിലെടുക്കുമ്പോൾ അനവധാനതയോടുകൂടി ഓഡിറ്റ് നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥർ തങ്ങളിൽ അർപ്പിതമായ ഉത്തരവാദിത്വവും ചുമതലയും സത്യസന്ധമായും ആത്മാർത്ഥമായും നിർവ്വഹിച്ചുവെന്ന് കരുതാനാകില്ല."

12. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട് 17-11-2009-ൽ കൂടിയ സമിതി യോഗം പരിഗണിക്കുകയും, ശരിയായ രീതിയിൽ രേഖകൾ സൂക്ഷിക്കാതിരിക്കുകയും ഓഡിറ്റ് സമയത്ത് മതിയായ രേഖകൾ ഓഡിറ്റിന് ഹാജരാക്കാതിരിക്കുകയും ചെയ്തതിനാൽ സംഭവിച്ച പിഴവുമൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായതാണെന്ന S. P. A. O.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിക്കുകയും പ്രസ്തുത വിവരം ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

**13. സമിതി നിർദ്ദേശപ്രകാരം ശ്രീമതി രാജമ്മയുടെ പേരിലുള്ള ഓഡിറ്റ് പരാമർശം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-3-2010-ലെ സ.ഉ.(സാധാ.) നമ്പർ 921/2010/തസ്വഭവ നമ്പർ കത്തുപ്രകാരം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിരിക്കുന്നതിനാൽ ഓഡിറ്റ് ഖണ്ഡികയിന്മേൽ തുടർനടപടി ആവശ്യമില്ല എന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കാട്ടാക്കട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ പണം അനധികൃതമായി കൈവശം സൂക്ഷിച്ചു**

കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രോജക്ടായി തയ്യാറാക്കിയ സമഗ്ര പുരയിട കൃഷി പദ്ധതിക്കായി കൃഷി ഓഫീസർ 88,750 രൂപ പിൻവലിച്ച് 355 ഗുണഭോക്താക്കൾക്കായി 250 രൂപ ക്രമത്തിൽ വിതരണം ചെയ്യുകയുണ്ടായി. എന്നാൽ പിൻവലിച്ച തുക കാഷ് ബുക്കിൽ ചേർക്കുകയോ ഓരോ ദിവസം വിതരണം ചെയ്ത തുകയുടെ വിവരം, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അതിനാൽ കൃഷി ഓഫീസർ പ്രസ്തുത തുക താല്ക്കാലികമായി തിരിമറി നടത്തിയതായി ഓഡിറ്റിൽ സംശയിക്കുന്നു. തുക അനധികൃതമായി കൈവശംവച്ച കാലത്തേക്ക് പലിശ ഉൾപ്പെടെ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.1.3(i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി:—

14. ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കൃഷി ഓഫീസർക്ക് 31-10-2002-ലെ എ449/02 നമ്പർ കത്തുമുഖേനയും 29-11-2007-ലെ A2/626/07 നമ്പർ കത്തുമുഖേനയും അറിയിപ്പ് നൽകിയിട്ടുള്ളതുമാകുന്നു. കൃഷി ഓഫീസർ 3-12-2007-ലെ കെ.കെ.ബി. 39/07-08 നമ്പർ കത്തു മുഖേന ടി ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ആ കാലയളവിലെ കൃഷി ഓഫീസർമാരെ അറിയിച്ച് വിവരം നൽകിയിട്ടുണ്ട്.

15. ജനകീയാസൂത്രണ പദ്ധതി പ്രകാരം പുരയിട കൃഷി പദ്ധതിക്കായുള്ള തുക യിൽ നിന്ന് കൃഷി ഓഫീസർ 88,750 രൂപ പിൻവലിച്ച് അനധികൃതമായി കാഷ് ബുക്കിൽ ചേർക്കാതെയും വിതരണം ചെയ്യാതെയും കയ്യിൽ സൂക്ഷിച്ചതിൽ സമിതി വിശദീകരണമാരാഞ്ഞതിന് തുക പലിശസഹിതം തിരിച്ചടയ്ക്കണമെന്നു കാണിച്ച് 3-10-2002-ൽ നോട്ടീസ് കൊടുത്തിട്ടുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച വിശദവിവരം ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എബി1/07/ത.സ്വ.ഭ.വ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു :

16. "21-1-2008-ൽ കെ.വി.പി.(എ) 39/07-08 നമ്പർ കത്ത് പ്രകാരം അന്നത്തെ കൃഷി ഓഫീസർ ശ്രീ. എൻ. രാജീവ് ഓഡിറ്റ് പരാമർശത്തിന് നൽകിയ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും എൽ.എഫ്. 20396/സ്പെ.സെൽ(ജി)07, തീയതി 31-1-2008 നമ്പർ കത്ത് മുഖേന കൃഷി ഓഫീസറുടെ മറുപടി ബന്ധപ്പെട്ട ഭരണവകുപ്പിന് ശുപാർശ ചെയ്യുവാൻ അറിയിക്കുകയും ആയതിനെ തുടർന്ന്

23-2-2008-ലെ എ2.626/07 നമ്പർ കത്തു പ്രകാരം കൃഷി വകുപ്പ് ഡയറക്ടർക്ക് ശ്രീ. എൻ. രാജീവ് നൽകിയ മറുപടി അനുകൂല തീരുമാനത്തിനായി ശുപാർശ ചെയ്തിട്ടുണ്ടെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 14-7-2009-ലെ എൽ.എഫ്. 20396/ സ്പെ.സെൽ(ജി)2/07 നമ്പർ കത്തുപ്രകാരം അറിയിച്ച വിവരം ചുവടെ ചേർക്കുന്നു:—

17. "ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരുന്ന കാഷ് ബുക്ക് മനഃപൂർവ്വം ഓഡിറ്റിന് നൽകാതിരിക്കുകയോ ടി രേഖകൾ നഷ്ടപ്പെടുകയോ ചെയ്തതു കൊണ്ടാണ് രൂപ ചെലവഴിച്ചത് ബോധ്യപ്പെടുത്തുവാൻ സാധിക്കാതെ വന്നതെന്ന കൃഷി ഓഫീസറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹം മനഃപ്പൂർവ്വം പണം കൈവശം വയ്ക്കുകയോ തിരിമറി നടത്തുകയോ ചെയ്തിട്ടില്ലെന്ന് പഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യമായതായി കമ്മിറ്റിയുടെ 17-11-2008-ലെ VIII(1)-ാം നമ്പർ തീരുമാനത്തിൽ പറയുന്നു. വ്യക്തമായ രേഖകളുടെ അഭാവത്തിൽ തീരുമാനത്തിന്റെ സാധുത പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

18. **'സമഗ്ര പുരയിട കൃഷി പദ്ധതി'യുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ശ്രീ. എൻ. രാജീവ് പണം മനഃപ്പൂർവ്വം കൈവശം വയ്ക്കുകയോ തിരിമറി നടത്തുക യോ ചെയ്തിട്ടില്ലെന്ന് ബോദ്ധ്യമായതായി 17-11-2008-ലെ VIII(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉള്ളതായും എന്നാൽ വ്യക്തമായ രേഖകളുടെ അഭാവത്തിൽ ടി തീരുമാനത്തിന്റെ സാധുത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല എന്നും ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ പരാമർശവിധേയനായ ഉദ്യോഗസ്ഥന്റെ പ്രവൃത്തി ന്യായീകരിക്കുന്നതിനാവശ്യമായ രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു**

## ചെമ്മരുതി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അംഗീകരിച്ച നിരക്കിനേക്കാൾ കൂടുതൽ തുകയ്ക്ക് തയ്യൽ മെഷീൻ വാങ്ങി— നഷ്ടം 17,904 രൂപ**

ചെമ്മരുതി ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തെരഞ്ഞെടുക്ക പ്പെട്ട വനിതകൾക്ക് തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്നതാണ് പദ്ധതി. ഇതിലേക്കുവേണ്ടി സർക്കാർ ഉത്തരവ് നമ്പർ (Ms.) 9/97/S.P.D. 24-12-1997 പ്രകാരമുള്ള ഉത്തരവിനെ ആധാരമാക്കി ക്വട്ടേഷൻ ആവശ്യമില്ല എന്ന ന്യായത്തിൽ ഇരിങ്ങാലക്കുടയിലുള്ള മാത്യൂസ് സെയിൽ കോർപ്പറേഷനിൽ നിന്നും ലക്ഷ്മി ടെയിലർ മോഡൽ എന്ന തയ്യൽ മെഷീൻ 2,200 രൂപ നിരക്കിൽ വാങ്ങിയിരിക്കുകയാണ്. എന്നാൽ 24-12-1997-ലെ സർക്കാർ ഉത്തരവ് നമ്പർ (Ms.) 9/97/S.P.D. ഉത്തരവ് പ്രകാരം ലക്ഷ്മി മോഡൽ ടെയ്‌ലർ മെഷീന് സർക്കാർ അംഗീകരിച്ച നിരക്ക് 1,989 രൂപ 36 പൈസയാണ്. ഇതിനുവിരുദ്ധമായി പഞ്ചായത്തുമായി കരാർ പോലും ചമയ്ക്കാതെ 2,200 രൂപ നിരക്കിൽ 85 തയ്യൽ മെഷീന് 1,87,000 രൂപ

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിട്ടുണ്ട്. സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്ടിന് വിരുദ്ധമായി കൂടിയ നിരക്കിൽ തയ്യൽമെഷീനുകൾ വാങ്ങിയ ഇനത്തിൽ 17,904 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ VII.I.1.4(i)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി.)

19. I. 22-5-2006-ൽ A1 182/06-ാം നമ്പരായി തയ്യൽമെഷീൻ നൽകിയ മാത്യൂസ് സെയിൽസ് കോർപ്പറേഷന് അധിക തുക ഈടാക്കിയതിന് വിശദീകരണം തേടി കത്തയച്ചു.

II. 23-2-2007-ൽ 9/07-ാം നമ്പരായി ശ്രീമതി എ. ലളിതാംബികയ്ക്ക് അറിയിപ്പ് നൽകി.

III. 7-12-2007-ൽ നിരാകരിച്ച തുക തിരിച്ചടയ്ക്കണമെന്ന് കാണിച്ച് ശ്രീമതി എ. ലളിതാംബികയ്ക്ക് കത്ത് നൽകി (No. A1-9/07).

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് തയ്യൽമെഷീൻ വാങ്ങി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് 17,904 രൂപ നഷ്ടമുണ്ടായതു സംബന്ധിച്ച് 27-12-2007-ലെ തെളിവെടുപ്പു യോഗത്തിൽ വിശദവിവരം ആരാഞ്ഞതിന് 1,986 രൂപ 36 പൈസയാണ് സർക്കാർ ഒരു മെഷീന് വില നിശ്ചയിച്ചിരുന്നതെന്നും എന്നാൽ മെച്ചപ്പെട്ട ഗുണനിലവാരമുള്ള മെഷീൻ വാങ്ങണമെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2,200 രൂപ വീതം വിലവരുന്ന ആക്സസറീസോടു കൂടിയ 85 തയ്യൽമെഷീൻ വാങ്ങിയതെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പും ബില്ലിന്റെ രേഖകളും ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-3-2009-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

20. "പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പും ബില്ലിന്റെ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് 8-1-2008 തീയതിയിലെ എ1-9/07 നമ്പർ കത്തു പ്രകാരം സമർപ്പിച്ചിട്ടുണ്ടെന്ന വിവരം ചെമ്മരുതി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്".

പ്രസ്തുത വിവരത്തെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്. 20396/സ്പെ.സെൽ ജി2/07 നമ്പർ കത്തു പ്രകാരം ഇങ്ങനെ അറിയിച്ചിക്കുന്നു :

21. "തയ്യൽമെഷീൻ വാങ്ങലുമായി ബന്ധപ്പെട്ട ഒറിജിനൽ കാഷ് ബിൽ, പർച്ചേസ് ബിൽ, പർച്ചേസ് ഫയൽ എന്നിവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ പരാമർശം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

**22. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് തയ്യൽമെഷീൻ വാങ്ങി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഒറിജിനൽ ക്യാഷ് ബിൽ, പർച്ചേസ് ബിൽ, ഫയൽ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ ബാധ്യത തുകയായ 17,904 രൂപ നഷ്ടത്തിന് ഉത്തരവാദിയായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി എ. ലളിതാംബികയിൽ നിന്ന് പലിശസഹിതം തുക ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

കാരോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഒരിക്കൽ ചെയ്ത പണി വീണ്ടും ചെയ്തതായി കൃത്രിമ രേഖകൾ ചമച്ച് പണം കൈക്കലാക്കി**

1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വലിയതോട് പുനരുദ്ധാരണം നടത്തിയതിന് വിഹിതമായ 15,000 രൂപ അനുവദിക്കുകയും 29-3-2000-ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതേ പദ്ധതി തന്നെ വീണ്ടും 2000-2001-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 50,000 രൂപ എസ്റ്റിമേറ്റോടുകൂടി വീണ്ടും നടപ്പിലാക്കിയതായി കാണിച്ച് 48,970 രൂപ അനുവദിച്ചിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. ഈ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.1.5(i)]

(ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 21-12-2007-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി)

23. 1999-2000 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ 11-ാം നമ്പർ പ്രോജക്ട് ആയി ഉൾക്കൊള്ളിച്ച് 15,000 രൂപ ചെലവഴിച്ചിട്ടുള്ള പദ്ധതിയും 2000-01-ൽ 50,000 രൂപ ചെലവഴിച്ചിട്ടുള്ള പദ്ധതിയും രണ്ട് പ്രവൃത്തികൾ ആണ്. ടി പ്രവൃത്തികൾ ചെയ്തിട്ടുള്ള വലിയതോടിന് 10 കിലോമീറ്ററിൽ അധികം നീളം ഉണ്ട്. 1999-2000 വർഷത്തെ പ്രോജക്ടിൽ ഒന്നാം റീച്ച് എന്നും 2000-01 വർഷത്തെ പ്രോജക്ടിൽ രണ്ടാം റീച്ച് എന്നും എഴുതാത്തതിനാലാണ് ടി പരാമർശം ഉണ്ടായിട്ടുള്ളത്.

24. ഓഡിറ്റ് പരാമർശം സംബന്ധിച്ച് 27-12-2007-ലെ തെളിവെടുപ്പു യോഗത്തിൽ വിശദീകരണമാരാഞ്ഞതിന് ഇത് രണ്ട് റീച്ചാണെന്നും ഒന്നാമത്തേത് (1999-2000) 15,000 രൂപയുടേതാണെന്നും രണ്ടാമത്തേത് (2000-01) 50,000 രൂപയുടെ പ്രവൃത്തിയാണെന്നും റീച്ച് എഴുതാൻ വിട്ടുപോയതാണെന്നും കാരോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. രണ്ട് വർക്ക് രണ്ട് റീച്ചാണെന്നും വലിയ തോടായതിനാൽ അളന്നുവരാൻ ബുദ്ധിമുട്ടാണെന്നും അതിനാൽ റീച്ച് ഇത്രയാണെന്ന് പറയാൻ സാധിക്കില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച് എം. ബുക്ക് ഉൾപ്പെടെയുള്ള രേഖകൾസഹിതം വിശദീകരണം നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

25. "6-5-2008-ന് ബിൽ ബുക്ക് ഉൾപ്പെടെ ഉള്ള രേഖകൾ പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ഹാജരാക്കിയിട്ടുണ്ടെന്ന് 16-12-2008-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിരിക്കുന്നു."

സമിതി നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ച്, ലോക്കൽ ഫണ്ട് വകുപ്പ് 25-6-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ (ജി.2)/07 നമ്പർ കത്തു പ്രകാരം റിപ്പോർട്ട് ചെയ്ത വസ്തുതകൾ ചുവടെ ചേർത്തിരിക്കുന്നു :

26. "യഥാർത്ഥ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. ആയവ പരിശോധിച്ചതിൽ നിന്നും 1999-2000-ലെ 11-ാം പ്രോജക്ട് പ്രകാരം ചെയ്ത പണിയും 2000-01-ലെ 7-ാം നമ്പർ പ്രോജക്ട് പ്രകാരം ചെയ്ത പണിയും രണ്ടാണെന്നു വ്യക്തമാകുന്നു. ഓഡിറ്റ് വേളയിൽ ശരിയായ വിശദീകരണവും രേഖകളും ലഭ്യമാക്കാതിരുന്നതും രേഖകളിൽ റീച്ച് രേഖപ്പെടുത്താത്തതുംമൂലമാണ് ഇപ്രകാരം ഒരു ഓഡിറ്റ് പരാമർശത്തിന് കാരണമായിട്ടുള്ളത്".

**നിഗമനങ്ങൾ/ശുപാർശകൾ**

**27. ഓഡിറ്റ് വേളയിൽ ശരിയായ വിശദീകരണവും രേഖകളും ലഭ്യമാക്കാതിരുന്നതും രേഖകളിൽ റീച്ച് രേഖപ്പെടുത്താതിരുന്നതുമാണ് ഓഡിറ്റ് പരാമർശത്തിന് കാരണമെന്നും, പ്രോജക്ടുമായി ബന്ധപ്പെട്ട യഥാർത്ഥ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചതിൽനിന്നും 1999-2000-ലെ 11-ാം പ്രോജക്ട് പ്രകാരം ചെയ്ത പണിയും 2000-01-ലെ 7-ാം നമ്പർ പ്രോജക്ട് പ്രകാരം ചെയ്ത പണിയും രണ്ടാണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**28. മരാമത്തു പണികളിൽ പ്രത്യേകിച്ച് റോഡ്, തോട്, കുളം പുനരുദ്ധാരണം എന്നിവയിൽ പണിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതുമൂലം പല ഓഡിറ്റ് തടസ്സങ്ങളും, നിരാകരണങ്ങളും ഉണ്ടാകുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ റോഡ്, തോട് എന്നിവയുടെ പണി ചെയ്യുമ്പോൾ ഏതു റീച്ചാണ് പണി ചെയ്യുന്നതെന്നതു സംബന്ധിച്ച് വ്യക്തമായ സൂചന എസ്റ്റിമേറ്റിലും ടെണ്ടറിലും കാണിച്ചിരിക്കണമെന്ന് പഞ്ചായത്തു സെക്രട്ടറിമാർക്കു നിർദ്ദേശം നൽകണമെന്നു സമിതി ശുപാർശ ചെയ്യുന്നു.**

കഴക്കൂട്ടം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മാർക്കറ്റ് നവീകരണം—പണി പൂർത്തീകരിക്കാത്ത കോൺട്രാക്ടർക്ക് ടെന്റർ അധികം നൽകി**

1998-99 വർഷത്തെ അംഗീകരിച്ച പദ്ധതി പ്രകാരം കഴക്കൂട്ടം മാർക്കറ്റിന്റെ നവീകരണത്തിനായി 7,15,000 രൂപ വകയിരുത്തി പണി ആരംഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ കരാറിലെ വ്യവസ്ഥകൾ ലംഘിച്ച് കരാറുകാരൻ പണി പൂർത്തീകരിച്ചില്ല.

ആയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം പരിഹരിച്ചശേഷം മാത്രമേ കരാറുകാരന് പണം നൽകുവാൻ നിയമമുള്ളൂ. ഈ വസ്തുത കണക്കാക്കാതെ കരാറുകാരന് നൽകിയ ടെന്റർ അധികം തുക 15,731 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.1.1)

(ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി)

29. ടി പണി ചെയ്ത കോൺട്രാക്ടറായ ശ്രീ. ജിമോൻ, രോഹിണി നിലയം, കഴക്കൂട്ടം-ന്റെ സെക്യൂരിറ്റി തുകയായ 29,400 ഇതുവരെ തിരികെ നൽകിയിട്ടില്ല. ടി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ട്. 3 വർഷം കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ബാക്കിയുള്ള തുക തിരികെ നൽകാൻ കഴിയാത്തവിധം കാലഹരണപ്പെട്ട് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുള്ളതാണ്.

30. 27-12-2007-ലെ സമിതിയുടെ തെളിവെടുപ്പു യോഗത്തിൽ മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട പണി പൂർത്തിയായോയെന്നും ഫൈനൽ ബിൽ കൊടുത്തിട്ടുണ്ടോയെന്നതും സംബന്ധിച്ച് ആരാഞ്ഞതിന് പണി പൂർത്തിയായിട്ടുണ്ടെന്നും കരാറുകാരൻ സെക്യൂരിറ്റിയായി വച്ചിരുന്ന 29,400 രൂപ മൂന്നുവർഷമായതിനാൽ പഞ്ചായത്ത് ഫണ്ടിൽ വകയിരുത്തിയെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

31. മാർക്കറ്റ് നവീകരണവുമായി ബന്ധപ്പെട്ട പണി പൂർത്തിയാക്കുന്നതിന് അധികമായി ചെലവാക്കിയ തുക എത്രയെന്നും ആ തുക എങ്ങനെ അക്കൗണ്ടു ചെയ്തു എന്നിവയുടെ വിശദവിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 20-3-2009-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

32. "ടെൻഡർ അധികം നൽകിയ തുകയായ 15,731 രൂപ കരാറുകാരന്റെ സെക്യൂരിറ്റി തുകയിൽ നിന്ന് ഈടാക്കിയിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റർക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കി കിട്ടുന്നതിനായി 11-4-2004-ലെ XIII (1)-ലെ കമ്മിറ്റി തീരുമാനം സഹിതം 24-5-2008-ലെ എ.1/96/04-ാം നമ്പർ കത്തു പ്രകാരം അറിയിച്ചിട്ടുണ്ട്".

തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിവരത്തിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുനഃപരിശോധന നടത്തി 25-6-2008-ലെ എൽ.എഫ്. 20396/സ്പെ. സെൽജി.2/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

33. "കഴക്കൂട്ടം മാർക്കറ്റ് നവീകരണം എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ. ജീമോന് അധികം നൽകിയതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്ന 15,731 രൂപ ടിയാൻ തിരികെ അടയ്ക്കാത്തതിനാൽ, ടിയാൻ 21-5-1999-ൽ 82063/56-ാം

നമ്പർ രസീതു പ്രകാരമടച്ച ഇ.എം.ഡി. 12,000 രൂപയും 17-6-1999-ൽ 82063/99-ാം നമ്പർ രസീതു പ്രകാരമടച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് 17,300 രൂപയും പഞ്ചായത്ത് കമ്മിറ്റി യുടെ 11-4-2008-ലെ 13(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ട്. ഇതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം ഒഴിവായിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു".

**നിഗമനങ്ങൾ/ശുപാർശകൾ**

34. **കഴക്കൂട്ടം മാർക്കറ്റ് നവീകരണം എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ. ജീമോന്റെ ബാധ്യത തുകയായ 15,731 രൂപ ടിയാൻ തിരികെ അടയ്ക്കാത്ത തിനാൽ, ടിയാൻ 21-5-1999-ൽ 82063/56-ാം നമ്പർ രസീതുപ്രകാരമടച്ച ഇ.എം.ഡി. 12,000 രൂപയും 17-6-1999-ൽ 82063/99-ാം നമ്പർ രസീതു പ്രകാരമടച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് 17,000 രൂപയും പഞ്ചായത്ത് കമ്മിറ്റിയുടെ 11-4-2008-ലെ 13(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടെന്നും ആയതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം ഒഴിവായിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്ന താണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുന്നാട്ടുനട ഉള്ളൂർ കോണം റോഡ് നിർമ്മാണം—ഗുണഭോക്തൃ സമിതിക്ക് ലാഭം നൽകിയ നടപടി ക്രമവിരുദ്ധം**

2000-2001-ൽ തുടർപദ്ധതിയായ പ്രസ്തുത പണിയുടെ എസ്റ്റിമേറ്റിന്റെ 5-ാം ഇനം പ്രകാരം എം.$^3$-ന് 94.93 രൂപ നിരക്കിൽ 1095 എം.$^3$ മണ്ണ് റോഡിൽ നിറയ്ക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അളവ് ബുക്കിലും അവസാന ബില്ലിലും 1800 എം.$^3$ മണ്ണ് നിറച്ചതായി രേഖപ്പെടുത്തി പണം പറ്റിയിട്ടുണ്ട്. അവസാന ബില്ലിൽ 10/99-ൽ രേഖപ്പെടുത്തിയ 2,13,824 രൂപയ്ക്ക് ചെയ്ത പണി 1,82,000 രൂപയ്ക്ക് ലിമിറ്റ് ചെയ്ത് 10% ലാഭംകൂടി കൂട്ടി (18,200 രൂപ) തുക നൽകിയിട്ടുണ്ട്. കൺവീനർ ചെയ്ത പണിക്ക് ലാഭം നൽകിയത് നിയമവിരുദ്ധമായതിനാൽ 18,200 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 21-12-2007-ലെ 73811/ എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

35. ടി പണി ചെയ്ത ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. വിശ്വംഭരൻ, മണി മന്ദിരം, കിഴക്കുംഭാഗം, കഴക്കൂട്ടത്തിന്റെ പേരിൽ 5-12-2007-ൽ A1/96/04-ാം നമ്പരായി ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

36. കൺവീനർ ചെയ്ത പണിക്ക് നിയമവിരുദ്ധമായി ലാഭം നൽകിയ തുക തിരിച്ചുപിടിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സമിതിയുടെ 27-12-2007-ലെ തെളിവെടുപ്പുയോഗത്തിൽ പഞ്ചായത്ത് സെക്രട്ടറിയോട് സമിതി വിശദീകരണം

ആരാഞ്ഞു. അതു സംബന്ധിച്ച് 5-12-2007-ൽ ആർ.ആർ. നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ആർ.ആർ. നടപടികളുടെ പുരോഗതി അറിയിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-3-2009-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവരം :

37. കൺവീനറായ ശ്രീ. വിശ്വംഭരന് നോട്ടീസ് അയച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ച അപേക്ഷ 11-4-2008-ന് കൂടിയ പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ചു. ടിയാന്റെ അപേക്ഷയിൽ ജി.ഒ. (എംഎസ്.) നമ്പർ 20/99/Plg. തീയതി 5-4-1999 പ്രകാരം വിവിധ മരാമത്തു പണികൾക്ക് സി.പി. ഒഴിവാക്കിയിട്ടുണ്ടെങ്കിൽ എർത്ത് വർക്കിന് 25% അധികം നൽകാം എന്ന് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 11-4-2008-ലെ X iii (1) നമ്പർ തീരുമാനമായി ഇങ്ങനെ അധികം നല്കിയ തുക ഒഴിവാക്കി കൊടുക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി തീരുമാനത്തിന്റെ പകർപ്പ് അനുകൂല നടപടികൾക്കായി 24-5-2008-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് ലോക്കൽ ഫണ്ടിന് സമർപ്പിച്ച കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പിൻമേൽ ലോക്കൽ ഫണ്ട് ഡയറക്ടറുടെ അഭിപ്രായ കുറിപ്പ് 15-9-2009-ലെ എൽ.എഫ്. 14987/സ്പെ.സെൽ ജി.2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർത്തിരിക്കുന്നു :

38. "സമാഹൃത റിപ്പോർട്ട് 2003-04 ഖണ്ഡിക 3.1.1(2)-ൽ ഉൾപ്പെട്ട കഴക്കൂട്ടം ഗ്രാമപഞ്ചായത്തിന്റെ പുന്നാട്ടുനട-ഉള്ളൂർക്കോണം റോഡ് സംബന്ധിച്ച പരാമർശ ത്തിൻമേലുള്ള നഷ്ടം ഈടാക്കാനായി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി കൺവീനർക്ക് പഞ്ചായത്ത് കത്തുനല്കിയിരുന്നു. പ്രസ്തുത കത്തിന് ടിയാൻ സമർപ്പിച്ച മറുപടി പരിഗണിച്ച് ടിയാനെ ബാധ്യതയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് 11-4-2008-ൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായി കാണുന്നു. എന്നാൽ 2000-2001 ഓഡിറ്റ് റിപ്പോർട്ടിനു യഥാസമയം നടപടി സ്വീകരിക്കാതെയും, കാര്യങ്ങളുടെ ഗൗരവം ഉൾക്കൊള്ളാതെയും പഞ്ചായത്ത് സമിതിയെടുത്തിരിക്കുന്ന തീരുമാനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിക്കുവാൻ സാധിക്കാത്തവ യാണെന്ന് സൂചന കത്തു മുഖേന റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ഖണ്ഡികയിലെ പരാമർശം നിലനിൽക്കുന്നതായി അറിയിക്കുന്നു".

**നിഗമനങ്ങൾ/ശുപാർശകൾ**

**39. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കൺവീനറായ ശ്രീ. വിശ്വംഭരനെ ബാദ്ധ്യതയിൽ നിന്നൊഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റിയെടുത്ത തീരുമാനം അംഗീകരിക്കാൻ കഴിയില്ലെന്നും ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായും ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, കൺവീനർ ശ്രീ. വിശ്വംഭരനിൽ നിന്നും സി.പി.-യായി നൽകിയ 18,200 രൂപ തിരികെ ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

## അമ്പൂരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചീനിക്കാല അംഗൻവാടി നിർമ്മാണം—അഡ്വാൻസും പാർട്ട് ബില്ലും കൈപ്പറ്റിയ ശേഷം പ്രവൃത്തി അപൂർണ്ണമായി ഉപേക്ഷിച്ചു**

65,000 രൂപ എസ്റ്റിമേറ്റുള്ള ഈ പ്രവൃത്തിക്കുവേണ്ടി മൊബിലൈസേഷൻ അഡ്വാൻസായി 8,750 രൂപയും അഡ്വാൻസായി 12,000 രൂപയും രണ്ട് പാർട്ട് ബില്ലുകളിലായി 14,600 രൂപയും കൺവീനറായ ശ്രീ. ജെ. വർഗ്ഗീസ് കൈപ്പറ്റിയിട്ടുണ്ട്. ഗുണഭോക്തൃ വിഹിതമായി 15,000 രൂപയും സംഭാവനയായി 15,000 രൂപയും ആകെ 30,000 രൂപ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നെങ്കിലും ഇത് ലഭിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ടി 10,000 രൂപ എസ്റ്റിമേറ്റിൽ മറ്റൊരു പ്രോജക്ട് തയ്യാറാക്കുകയും ടെക്നിക്കൽ കമ്മിറ്റിയുടെ പി.ഡബ്ല്യു. 12/എ.എം.ബി. 2000–2001 നമ്പരായി അംഗീകാരം വാങ്ങുകയും ചെയ്തു. ഇതിന് കൺവീനറായ ശ്രീ. ജെ. വർഗ്ഗീസ് 2,500 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകുകയും ചെയ്തു. കൺവീനർ തുടർന്ന് പണി ചെയ്യുകയോ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല. കരാർ ലംഘനമുണ്ടായിട്ടും പഞ്ചായത്ത് അധികൃതർ യാതൊരു നിയമ നടപടിയും സ്വീകരിച്ചിട്ടില്ല. പണി പൂർത്തിയാകാത്ത സാഹചര്യത്തിൽ നൽകിയ 37,850 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.2.1 )

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 21-12-2007-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

40. “ചീനിക്കാല അംഗൻവാടി കെട്ടിട നിർമ്മാണം പ്രോജക്ടിൽ നിഷ്കർഷിച്ചതിൻ പ്രകാരം ലഭിക്കാതിരുന്ന 30,000 രൂപ കിഴിച്ച് 2 പ്രോജക്ടുകളിലായി ഉൾപ്പെടുത്തിയിരുന്ന 45,000 രൂപ എസ്റ്റിമേറ്റ് അനുശാസിക്കുംവിധം പണി പൂർത്തീകരിച്ച് അംഗൻവാടിയുടെ ആവശ്യത്തിന് ഉപയോഗിച്ചുവരുന്നു”.

41. ചീനിക്കാല അംഗൻവാടി നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് പരാമർശ ത്തിൻമേൽ 27-12-2007-ലെ യോഗം തെളിവെടുപ്പു നടത്തി. ഓഡിറ്റ് നടത്തുമ്പോൾ പണി പൂർത്തീകരിച്ചിരുന്നില്ലെന്നും അഡ്വാൻസ് മാത്രമേ കൊടുത്തിരുന്നുള്ളൂവെന്നും ഇപ്പോൾ പണി പൂർത്തിയാക്കുകയും 11-7-2001-ൽ 6,000 രൂപ ഫൈനൽ ബിൽ പേമെന്റ് നടത്തിയതായും സെക്രട്ടറി അറിയിച്ചു. ഇതു സംബന്ധിച്ച് ശരിയായ വിശദീകരണം ഓഡിറ്റ് വകുപ്പിന് നൽകി നടപടി പൂർത്തിയാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-3-2009-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

42. "ഈ ഓഫീസിലെ 10-7-2008-ലെ പി.എ.1/1274/07-ാം നമ്പർ കത്തു പ്രകാരം ടി പ്രവൃത്തിയുടെ എം.ബുക്കും, ഫൈനൽബില്ലും അടിയന്തിരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് പരിശോധനയ്ക്ക് വിധേയമായി റിപ്പോർട്ടു നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്".

എന്നാൽ പ്രസ്തുത പരമർശവുമായി ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്. 20396/സ്പെ.സെൽ.ജി.2/07 നമ്പർ കത്തിൽ ഇപ്രകാരം അറിയിച്ചിരിക്കുന്നു.

43. "പ്രവൃത്തിയുമായി ബന്ധപ്പെട്ട എം.ബുക്ക്, ഫൈനൽ ബിൽ എന്നിവ ഗ്രാമപഞ്ചായത്തിൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ പരാമർശം നിലനിൽക്കുന്നു".

**നിഗമനങ്ങൾ/ശുപാർശകൾ**

**44. ചീനിക്കാല അംഗൻവാടി നിർമ്മാണം അഡ്വാൻസും പാർട്ട് ബില്ലും കൈപ്പറ്റിയശേഷം പ്രവൃത്തി അപൂർണ്ണമായി ഉപേക്ഷിച്ചു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എം.ബുക്ക്, ഫൈനൽ ബിൽ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും ആയത് പരിശോധിച്ച് സമിതിക്കു റിപ്പോർട്ടു നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തേക്കുപാറ കൊണ്ട്കെട്ടി റോഡ് ടാറിംഗ് ടെന്റർ കിഴിവ് അവസാന ബില്ലിൽ നിന്നും കുറയ്ക്കാത്തതുകൊണ്ടുള്ള നഷ്ടം രൂപ 19,348**

1,75,000 രൂപ എസ്റ്റിമേറ്റ് പ്രകാരം ടെന്റർ നൽകിയ പണിക്ക് 12% കുറച്ചാണ് കോൺട്രാക്ടർ പണി ഏറ്റെടുത്തത്. എന്നാൽ ഫൈനൽ പേമെന്റ് നല്കിയപ്പോൾ ടെന്റർ ഡിഡക്ഷൻ ആയ 12% കുറയ്ക്കാതെ എസ്റ്റിമേറ്റ് തുകയ്ക്ക് അനുസൃതമായി ചെയ്ത പണിക്ക് പൂർണ്ണമായും പേമെന്റ് നൽകുകയുണ്ടായി. ടെന്റർ ഡിഡക്ഷൻ കുറക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിൽ 19,348 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.2.2 )

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 21-12-2007-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

45. "തേക്കുപാറ കൊണ്ട്കെട്ടി റോഡിന്റെ അധികം കൊടുത്ത തുക കോൺട്രാക്ടറുടെ 3 വർക്കിലുള്ള EMD-യിൽ നിന്നും 17,361 രൂപ തിരികെ പിടിച്ചിട്ടുണ്ട്. (പഞ്ചായത്ത് കമ്മിറ്റിയുടെ 15-5-2007 VIII(7) തീരുമാനം) ബാക്കി

തുകയായ 1,987 രൂപ ഈടാക്കുന്നതിന് 5-12-2007-ൽ കോൺട്രാക്ടർക്ക് No. D1/594/2007 നമ്പർ ആർ.ആർ. നോട്ടീസ് രജിസ്റ്റേഡായി അയച്ചിട്ടുണ്ട്".

46. തേക്കുപാറ കൊണ്ട്കെട്ടി റോഡ് ടാറിംഗ് ടെൻഡർ കിഴിവ് അവസാന ബില്ലിൽ നിന്ന് കുറയ്ക്കാതിരുന്നതിനാൽ പഞ്ചായത്തിന് 19,348 രൂപയുടെ നഷ്ടം ഉണ്ടായതു സംബന്ധിച്ച് 27-12-2007-ലെ തെളിവെടുപ്പു വേളയിൽ സമിതി വിശദീകരണം ആരാഞ്ഞു. പേമെന്റ് കൊടുത്തപ്പോൾ ഗുണഭോക്തൃ കമ്മിറ്റിക്ക് കൊടുക്കുന്നതുപോലെ സി.പി. കുറയ്ക്കാതെയാണ് കൊടുത്തതെന്നും എന്നാൽ പിന്നീട് കണ്ടുപിടിച്ചതിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് നോട്ടീസ് കൊടുക്കുകയും അയാൾ തുക തിരിച്ചടയ്ക്കാതെ ഇ.എം.ഡി. തുക ഇതിലേക്ക് കണ്ടുകെട്ടുകയാണുണ്ടായതെന്നും ഇനി 1,987 രൂപകൂടി ഈടാക്കാനുണ്ടെന്നും ആ തുക ഈടാക്കുന്നതിനായി 5-12-2007-ൽ ആർ.ആർ. നടപടിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടെന്ന് മുൻ സെക്രട്ടറി അറിയിച്ചു. ആർ.ആർ. നടപടിയുടെ പുരോഗതി അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/ എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു :

47. "തേക്കുപാറ കൊണ്ട്കെട്ടി റോഡിന്റെ വർക്ക് ബില്ലിൽ അധികം നൽകിയ തുകയായ 19,348 രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന വിവരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്".

പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2009-ന് എൽ.എഫ്. 20396/സ്പെ.സെൽ ജി.2/07 നമ്പർ കത്തു പ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു :

48. "ഖണ്ഡിക പ്രകാരമുള്ള നഷ്ടം 19,348 രൂപ ഈടാക്കിയിട്ടുണ്ട്".

**നിഗമനങ്ങൾ/ശുപാർശകൾ**

49. **തേക്കുപാറ കൊണ്ട്കെട്ടി റോഡിന്റെ വർക്ക് ബില്ലിൽ അധികം നൽകിയ 19,348 രൂപ ഈടാക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## പാറശ്ശാല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഊറാകുളം പുനരുദ്ധാരണം—മൺ പണിക്ക് അധിക നിരക്ക് നൽകിയതു മൂലമുള്ള നഷ്ടം 21,767 രൂപ**

മേൽപ്പറഞ്ഞ പ്രവൃത്തിക്ക് എം.2-ന് 337 രൂപ നിരക്കിൽ നൽകുന്നതിന് പകരം 433 രൂപ നിരക്ക് നൽകിയതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം 21,767 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് 21-12-2007-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

50. "ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ആഫീസറാണ്. പേര്: വി. ശിവരാമ കൃഷ്ണൻ, ഡെപ്യൂട്ടേഷനിൽ, ഡെപ്യൂട്ടി മാനേജർ, വി.എഫ്.പി.സി.കെ.-38, ചെമ്പക നഗർ, ബേക്കറി ജങ്ഷൻ, തിരുവനന്തപുരം-1. എന്നയാൾക്ക് കത്ത് നൽകിയിട്ടുണ്ട്. കത്ത് നമ്പർ എ-4950/2003 തീയതി 10-12-2007".

51. ഊറാംകുളം പുനരുദ്ധാരണ പദ്ധതിക്ക് എം.2-ന് 337 രൂപ നിരക്ക് നൽകുന്നതിന് പകരം 433 രൂപ നൽകിയതുമൂലം പഞ്ചായത്തിന് ഉണ്ടായ 21,767 രൂപയുടെ നഷ്ടം സംബന്ധിച്ച് സമിതി 27-12-2008-ൽ തെളിവെടുപ്പ് നടത്തുകയുണ്ടായി. വാല്യുവേഷനും എസ്റ്റിമേറ്റും ഒന്നുതന്നെയായിരുന്നുവെന്നും ബ്ലോക്ക് കമ്മിറ്റിയും വിദഗ്ദ്ധ കമ്മിറ്റിയും അപ്രൂവ് ചെയ്ത റേറ്റായിരുന്നുവെന്നും അന്നത്തെ എഞ്ചിനീയർ കൊടുത്ത വാല്യുവേഷൻ അനുസരിച്ച് കൃഷി ഓഫീസർ എന്ന നിലയ്ക്കാണ് ബില്ല് പാസ്സാക്കിയിട്ടുളളതെന്നും പാറശ്ശാല പഞ്ചായത്തിലെ മുൻ കൃഷി ഓഫീസർ സമിതിയെ അറിയിച്ചു.

52. എസ്റ്റിമേറ്റ് തുകയും എഞ്ചിനീയർ സർട്ടിഫൈ ചെയ്ത രേഖയും ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

സമിതി നിർദ്ദേശാനുസരണം ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണവകുപ്പിൽ നിന്നും 20-3-2009-ലെ 73811/എ.ബി.1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ഇപ്രകാരം അറിയിച്ചിരിക്കുന്നു.

53. "കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയും മറ്റ് രേഖകളും 2-1-2008-ലെ എ-4950/03 നമ്പർ കത്തു പ്രകാരം ലോക്കൽ ഫണ്ടിന് സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്".

54. എന്നാൽ ഖണ്ഡികയിൽ പരാമർശിച്ചിരുന്ന നഷ്ടം ഈടാക്കുന്നതിനുളള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കാത്തതിനാൽ, തടസ്സം നിലനിൽക്കുന്നു" എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്. 20396/സ്പെ. സെൽ ജി.2/07 നമ്പർ കത്തു പ്രകാരം സമിതിയെ അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

55. **ഊറാക്കുളം പുനരുദ്ധാരണം—മൺപണിക്ക് അധിക നിരക്ക് നൽകിയതു മൂലം പഞ്ചായത്തിനുണ്ടായ 21,767 രൂപയുടെ നഷ്ടം സാധൂകരിക്കാനാവശ്യമായ രേഖകൾ ലോക്കൽ ഫണ്ടിന് സമർപ്പിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും "ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന നഷ്ടം ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായി" ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിനോട് സമിതി നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന നഷ്ടം, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## മടവൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കെട്ടിടനികുതി കുടിശ്ശിക കാലഹരണപ്പെട്ടതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം 9740 രൂപ**

ഡിമാൻഡു രജിസ്റ്ററുകളും ഡി.സി.ബി.യും പരിശോധന പ്രകാരം 31-3-2001 വരെ കെട്ടിടനികുതി ഇനത്തിൽ കുടിശ്ശികയായിരുന്ന 1,83,908 രൂപയിൽ 1,18,326.50 രൂപ 2001-2002-ൽ പിരിച്ചെടുത്തതായി കാണുന്നു. ശേഷിക്കുന്ന 6,55,881.50 രൂപയുടെ വിശദാംശങ്ങൾ വിലയിരുത്തിയതിൽ 1995-96 മുതൽ 1998-99 വരെയുള്ള കാലയളവിൽ ഡിമാന്റ് ചെയ്തിട്ടും സമയപരിധിക്കുള്ളിൽ നിയമനടപടികൾ സ്വീകരിക്കാതിരുന്നതുമൂലം 9,740 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. നഷ്ടത്തിനുത്തരവാദികളായ ജീവനക്കാരെ കണ്ടെത്തി തുക ഈടാക്കാൻ വേണ്ട നടപടികൾ ഭരണവകുപ്പ് സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.4.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

56. "2001-2002 കാലയളവിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1995-96 മുതൽ 1998-99 വരെയുള്ള കാലയളവിൽ ഡിമാന്റ് ചെയ്തിട്ടും സമയപരിധിക്കുള്ളിൽ നിയമനടപടികൾ സ്വീകരിക്കാത്തതിന് ഉത്തരവാദികൾ താഴെപറയുന്നവരാണ്. ഇവരിൽ നിന്നും മറുപടി ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്രട്ടറിമാർ

| | |
|---|---|
| 1. 1995-ശ്രീ. വി. രവീന്ദ്രൻ നായർ | .. അഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ടിക്കുന്നു. |
| 2. 1996-ശ്രീ. എസ്. രാജേന്ദ്രൻ | .. പെൻഷൻ പറ്റി |
| 3. 1997-ശ്രീ. എസ്. രാജേന്ദ്രൻ | .. പെൻഷൻ പറ്റി |
| 4. 1998-എസ്. കെ. ഷാജിലാൽ | .. മരണപ്പെട്ടു |
| 5. 1999-എസ്. കെ. ഷാജിലാൽ | .. മരണപ്പെട്ടു. |

എൽ.ഡി.ക്ലാർക്കുമാർ

| | |
|---|---|
| 1. റ്റി.എസ്. മുരളീധരൻ നായർ | .. നാവായിക്കുളം ഗ്രാമപഞ്ചായത്തിൽ എൽ. ഡി. ക്ലാർക്കായി സേവനമനുഷ്ഠിക്കുന്നു. |
| 2. റ്റി. തങ്കപ്പൻ | .. പെൻഷൻ പറ്റി |

| | | |
|---|---|---|
| 3. ബി. എസ്. സുനിൽകുമാർ | .. | പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ യു.ഡി. ക്ലാർക്കായി സേവനമനുഷ്ഠിക്കുന്നു. |
| 4. സി. അജിത്കുമാർ | .. | പഞ്ചായത്ത് ഡയറക്ടറേറ്റിൽ യു.ഡി. ക്ലാർക്കായി സേവനമനുഷ്ഠിക്കുന്നു". |

57. 31-3-2001 വരെ കെട്ടിടനികുതിയിനത്തിൽ വന്ന കുടിശ്ശിക പിരിച്ചെടുക്കാത്തതുമൂലം പഞ്ചായത്തിനുണ്ടായ 9,740 രൂപയുടെ നഷ്ടം സംബന്ധിച്ച് സമിതി 27-12-2007-ലെ യോഗത്തിൽ തെളിവെടുക്കുകയുണ്ടായി. 1,83,908 രൂപയിൽ 1,18,326 രൂപ 50 പൈസ 2001-2002-ൽ പിരിച്ചെടുത്തിട്ടുണ്ടെന്നും ശേഷിക്കുന്ന 85,681 രൂപ 50 പൈസയുടെ വിശദാംശങ്ങൾ വിലയിരുത്തിയതിൽ 1995-96 മുതൽ 1998-99 വരെയുള്ള കാലയളവിൽ ആവശ്യപ്പെട്ടിട്ടും കൃത്യസമയത്ത് നിയമനടപടികൾ സ്വീകരിക്കാത്തതുമൂലം പഞ്ചായത്തിന് 9,740 രൂപയുടെ നഷ്ടം ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലമാണുണ്ടായതെന്ന് സമിതി അഭിപ്രായപ്പെട്ടു. കെട്ടിട നികുതി നിർബന്ധമായും പിരിക്കണമെന്നും നൂറ് ശതമാനം നികുതിപിരിവ് നടത്തുന്നതിനുവേണ്ടി മുൻകൂട്ടി ഡിമാന്റ് നോട്ടീസ് കൊടുക്കണമെന്നും തുക അടച്ചില്ലെങ്കിൽ ആർ.ആർ. നടപടി എടുക്കണമെന്ന നിയമമുണ്ടെന്നും തിരുവനന്തപുരം എ.ഡി.പി.യുടെ ചാർജ് വഹിക്കുന്ന ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. പഞ്ചായത്തിനു നഷ്ടമായ 9,740 രൂപ അന്ന് സെക്രട്ടറിയായവരിൽ മരണപ്പെട്ട ഷാജിലാൽ ഒഴിച്ച് രവീന്ദ്രൻ നായർ, എസ്. രാജേന്ദ്രൻ, മുരളീധരൻ നായർ, തങ്കപ്പൻ, സുനിൽകുമാർ, സി. അജിത്കുമാർ എന്നിവരിൽ നിന്നും ഓരോരുത്തരുടെയും ബാദ്ധ്യത തിട്ടപ്പെടുത്തി തുല്യമായി ഈടാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

**നിഗമനങ്ങൾ/ശുപാർശകൾ**

58. **കെട്ടിടനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അനാസ്ഥ കാട്ടിയതുമൂലമുണ്ടായ നഷ്ടത്തിന് കാരണക്കാരായവരിൽ മരണപ്പെട്ട ഷാജിലാൽ ഒഴികെ എസ്. രവീന്ദ്രൻ നായർ, എസ്. രാജേന്ദ്രൻ, ജി. എസ്. മുരളീധരൻ നായർ, റ്റി. തങ്കപ്പൻ, ബി. എസ്. സുനിൽകുമാർ, സി. അജിത്കുമാർ എന്നിവരിൽ നിന്നും ഓരോരുത്തരുടെയും ബാധ്യത തുക തിട്ടപ്പെടുത്തി ഈടാക്കി ടി വിവരം അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കെ.എസ്.ആർ.ഡി.ബി. വായ്പയിൽ ഭീമമായ കുടിശ്ശിക-കല്യാണമണ്ഡപവും വസ്തുവും ജപ്തി നടപടിയിൽ.**

ഭരണസമിതിയുടെ നിർദ്ദേശപ്രകാരം കല്യാണമണ്ഡപം പണിയാൻ കെ.എസ്.ആർ. ഡി.ബി. 14,04,100 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2-2-1991-ലെ 13/ഡി1/89/ആർ.ഡി.ബി 10 നമ്പർ കത്ത് പ്രകാരം ടി തുകയുടെ വായ്പയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. മടവൂർ വില്ലേജ് സർവേ 2372/05, 2510/16 എന്നീ നമ്പരുകളിൽപ്പെട്ട 26 സെന്റ് പുരയിടമാണ് മണ്ഡപത്തിനുപയോഗിച്ചിട്ടുള്ളത്. താരതമ്യേന ഉയർന്ന പലിശയും ഓവർഹെഡ് ചാർജും കൊടുക്കേണ്ടി വരുമെന്നറിഞ്ഞിട്ടും കൂടുതൽ വരുമാനം ലഭിക്കുമെന്ന് വാസ്തവ വിരുദ്ധമായ

കണക്കുകൾ ഹാജരാക്കി പദ്ധതി ഒരു റമ്യൂണറേറ്റീവ് ഡെവലപ്പ്മെന്റ് സ്കീമാക്കി കാണിച്ചാണ് വായ്പ എടുത്തിട്ടുള്ളത്. 28-12-1990-ൽ കെ.എസ്.ആർ.ഡി.ബി.യുമായി കരാറിലേർപ്പെടുകയും പണി പൂർത്തിയാക്കി 1-8-1995-ൽ കല്യാണ മണ്ഡപത്തിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തു.

നിർമ്മാണചെലവിന്റെ അടിസ്ഥാനത്തിൽ 23,17,602 രൂപ 24 തവണകളായി അടയ്ക്കുന്നതിന് ആർ.ഡി.ബി. ആവശ്യപ്പെട്ടെങ്കിലും 2 ലക്ഷം രൂപാ മാത്രമേ പഞ്ചായത്തിന് അടയ്ക്കാൻ കഴിഞ്ഞുള്ളൂ. തുടർന്ന് 30-9-1997-വരെ പലിശയും പിഴപലിശയും ഉൾപ്പെടെ 21,08,846 രൂപ ഈടാക്കുവാൻ 1997-ൽ റവന്യൂ റിക്കവറി നടപടി ആരംഭിച്ചു. പിന്നീട് പഞ്ചായത്ത് ഒടുക്കിയ 3 ലക്ഷം രൂപയിൽ 15,000 രൂപ കളക്ഷൻ ചാർജിനുശേഷം 2,85,000 രൂപ കെ.എസ്.ആർ.ഡി.ബി.യ്ക്ക് കൈമാറിയിട്ടുണ്ട്. പഞ്ചായത്തിന്റെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 5-6-2002-ലെ 83/421എസ്.3/01/ആർ.ഡി. നമ്പർ ഉത്തരവിൽ കുടിശ്ശിക തുകയുടെ 25% 29-6-2002-നും ബാക്കി തുക 29-7-2002 മുതൽ 10 തുല്യമാസതവണകളായി അടയ്ക്കേണ്ടതാണെന്നും സൂചിപ്പിച്ചെങ്കിലും തുക നാളിതുവരെ അടച്ചിട്ടില്ല. ചിറയിൻകീഴ് തഹസീൽദാർ 12-11-2002-ലെ 1928/98-ാം നമ്പർ കത്ത് പ്രകാരം സ്ഥാപര സ്വത്തുക്കൾ ജപ്തി ചെയ്തു കൊണ്ടുള്ള അറിയിപ്പ് ഗ്രാമപഞ്ചായത്തിന് നൽകി കഴിഞ്ഞു. മണ്ഡപത്തിന്റെ താക്കോലുകൾ മടവൂർ വില്ലേജ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. 31-1-2001 വരെയുള്ള കണക്കനുസരിച്ച് തന്നെ 54,55,962 രൂപ (മുതൽ 23,17,601+പലിശ 28,69,377+ പിഴപലിശ 2,68,983) കെ.എസ്.ആർ.ഡി.ബി.-ക്ക് നൽകാനുണ്ട്.

യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനത്തിന്റെ അഭാവംമൂലം വായ്പയെടുത്ത് നിർമ്മിച്ച കല്യാണമണ്ഡപവും റവന്യൂ വകുപ്പിൽനിന്നും പഞ്ചായത്തിന് ലഭിച്ച 26 സെന്റ് ഭൂമിയും നഷ്ടപ്പെടുകയാണ്. ലേലം നടന്നാൽ തന്നെ ലേലതുക മതിയാകാത്ത സാഹചര്യത്തിൽ വായ്പയ്ക്കാധാരമായ ആസ്തികളോടൊപ്പം പഞ്ചായത്തിന്റെ ശേഷിക്കുന്ന ആസ്തികളും ജപ്തി നടപടികളുടെ ഭീഷണിയാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.4.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

59. "മടവൂർ ഗ്രാമപഞ്ചായത്തിന്റെ വക മടവൂർ ജംങ്ഷനിലുള്ള 26 സെന്റ് വസ്തുവിൽ 1993-94 കാലഘട്ടത്തിൽ കേരള സംസ്ഥാന ഗ്രാമവികസന ബോർഡ് 14,04,100 രൂപയുടെ അടങ്കൽ തുകയ്ക്ക് വായ്പ പ്രകാരം ഒരു കല്യാണമണ്ഡപം പണിചെയ്ത് പഞ്ചായത്തിനു വിട്ടുതന്നു. കേരള സംസ്ഥാന ഗ്രാമവികസന ബോർഡ് നേരിട്ട് നിർമ്മിച്ചിട്ടുള്ള മേപ്പടി ഹാളിന്റെ നിർമാണത്തിലുള്ള അപാകതകൾ കാരണം മേപ്പടി ഹാൾ ആരും വാടകയ്ക്ക് എടുക്കാത്ത സാഹചര്യത്തിലും പഞ്ചായത്തിന്റെ തനതു വരുമാനം തീരെ കുറവായതിനാലും വായ്പാ തവണകൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ല. അതിനാൽ 12-11-2002-ലെ 1928/98 നമ്പർ കത്തു പ്രകാരം ചിറയിൻകീഴ് തഹസീൽദാർ ഈ സ്ഥാവരസ്വത്തുക്കൾ ജപ്തി ചെയ്തു. പലിശയും പിഴപലിശയും ഉൾപ്പെടെയുള്ള ഭീമമായ തുക തിരികെ ഒടുക്കുവാൻ

കഴിയാത്ത സാഹചര്യത്തിൽ പലിശയും പിഴപലിശയും ഇളവുചെയ്ത് പഞ്ചായത്തിന്റെ വരുമാനത്തിൽ നിന്നും തിരിച്ചടയ്ക്കത്തക്കവണ്ണം ഗഡുക്കൾ നിശ്ചയിച്ച് മണ്ഡപം പഞ്ചായത്തിന് വിട്ടുതരണമെന്ന് 20-10-2005-ലെ II(1)-ാം നമ്പർ തീരുമാനപ്രകാരം ബഹുമാനപ്പെട്ട കേരള റവന്യൂ വകുപ്പ് മന്ത്രിയോടും ബന്ധപ്പെട്ടവരോടും അപേക്ഷിച്ചെങ്കിലും പരിഹാരമുണ്ടായില്ല. മേപ്പടി തുക പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും ശ്രമിച്ചെങ്കിലും അനുമതി ലഭിച്ചില്ല. അതിനാൽ പഞ്ചായത്ത് വക വസ്തുക്കൾ ജപ്തി ചെയ്യുന്നതിനും അക്കൗണ്ട് മരവിപ്പിക്കുന്നതിനും ചിറയിൻകീഴ് തഹസീൽദാർ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയും കല്യാണമണ്ഡപം ഇപ്പോൾ അനാഥമായി കിടക്കുക യുമാണ്. ഇപ്പോൾ കെ.എസ്.ആർ.ഡി.ബി.യുടെ കണക്കുപ്രകാരം 50 ലക്ഷത്തിലധികം രൂപ അടയ്ക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം പ്രതിവർഷം 7 ലക്ഷം രൂപ മാത്രമാണ്. ഇതിൽ നിന്നും ഒരു ഭീമമായ തുക കൊടുത്ത് തീർക്കുന്നതിനോ കല്യാണമണ്ഡപം പഞ്ചായത്തിന് സ്വന്തമാക്കുന്നതിനോ സമീപഭാവിയിലൊന്നും സാധിക്കുകയില്ല. നാളിതുവരെ 13 ലക്ഷം രൂപ അടച്ചിട്ടുണ്ട്. ഈ വിവരം ഗവൺമെന്റിനെ ധരിപ്പിക്കുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനും ബഹു. കേരള മുഖ്യമന്ത്രി, ബഹു. കേരള റവന്യൂ മന്ത്രി, ബഹു. കേരള ധനകാര്യ വകുപ്പുമന്ത്രി, ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി എന്നിവർക്ക് നിവേദനം സമർപ്പിക്കുന്നതിന് 26-10-2007-ലെ പഞ്ചായത്തു കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്."

60. ഓഡിറ്റ് പരാമർശം സംബന്ധിച്ച് 27-12-2007-ൽ തെളിവെടുപ്പ് നടത്തുകയു ണ്ടായി. പതിനാലര ലക്ഷം മുതലിൽ 13 ലക്ഷം രൂപ അടച്ചിട്ടുണ്ടെന്നും പ്രസ്തുത കല്യാണമണ്ഡപം ലേലത്തിൽ വച്ചിട്ട് ലേലത്തിൽ പങ്കെടുക്കുവാൻ ആരും എത്തിയി ല്ലെന്നും മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. കല്യാണമണ്ഡപം പണിത തിൽ പഞ്ചായത്തിനുള്ള ബാദ്ധ്യത ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**61. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുള്ള ബാദ്ധ്യത ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്ന് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെ ത്താൻ നിർദ്ദേശിക്കുന്നു. അന്തിമ മറുപടി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പുലിയൂർക്കോണം-അടുക്കോട്ടുകോണം റോഡിന്റെ പുനരുദ്ധാരണം (എസ്.സി.പി. സ്പിൽ ഓവർ പ്രോജക്ട് 68/01-02 ഒഴിവാക്കാമായിരുന്ന ചെലവ്**

പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും അതിന് സാങ്കേതിക അനുമതി നൽകിയതിലും പൊതുമരാമത്ത് പുറപ്പെടുവിച്ചിട്ടുള്ള ടെക്നിക്കൽ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12/85-ാം നമ്പർ സർക്കുലറിന് വിരുദ്ധമായി കൂടിയ അനുപാതത്തിൽ കലുങ്കിന്റെ അബട്ട്മെന്റ് പണി നടത്തിയതുമൂലം 14,343 രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട്-ഖണ്ഡിക നമ്പർ-3.1.4.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

62. "മടവൂർ ഗ്രാമപഞ്ചായത്തിലെ 2001-2002-ലെ 68-ാം നമ്പർ പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്ന റോഡ് പുനരുദ്ധാരണം പണിയുടെ അംഗീകരിച്ച എസ്റ്റിമേറ്റിൽ കലുങ്കിന്റെ അബട്ടുമെന്റ് പണി നടത്തിയതുമൂലം 14,343 രൂപയുടെ നഷ്ടം ഉണ്ടായ തായി സൂചിപ്പിച്ചിരിക്കുന്നു. ഈ പണിക്ക് പഞ്ചായത്തിലെ അപ്രന്റീസ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് ബ്ലോക്കുതല ടെക്നിക്കൽ കമ്മിറ്റിയാണ് സാങ്കേതിക അനുമതി നൽകിയത്. എസ്റ്റിമേറ്റിലെ പോരായ്മ സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതി ലേക്കായി ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് കിളിമാനൂർ ബി.ഡി.ഒ. മുഖാന്തിരം ടെക്നിക്കൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറയ്ക്ക് ആയത് റിപ്പോർട്ട് ചെയ്യുന്നതാണ്."

63. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ സർക്കുലറിന് വിരുദ്ധമായി കൂടിയ അനുപാതത്തിൽ കലുങ്കിന്റെ അബട്ട്മെന്റ് പണി നടത്തിയതുമൂലം 14,343 രൂപയുടെ നഷ്ടം ഉണ്ടായതു സംബന്ധിച്ച് 27-12-2007-ൽ സമിതി തെളിവെടുക്കുകയുണ്ടായി. ബി.ഡി.ഒ.യാണ് പണി ചെയ്യിച്ചതെന്നും അദ്ദേഹത്തിന്റെ മറുപടി കിട്ടിയതിനുശേഷം മാത്രമേ മറുപടി പറയാൻ സാധിക്കുകയുള്ളൂവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണം വാങ്ങി ശരിയായ വസ്തുത ഓഡിറ്റിനെ ബോധിപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-8-2008-ലെ എൻ.എഫ്.20396/ സ്പെ.സെൽ/ജി2/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

64. "മടവൂർ ഗ്രാമപഞ്ചായത്തിലെ പുലിയൂർക്കോണം-അടുക്കോട്ടുകോണം റോഡിന്റെ പുനരുദ്ധാരണം (എസ്.സി.പി.)സ്പിൽ ഓവർ പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള കലുങ്കിന്റെ അബട്ട്മെന്റ് പണി, പൊതുമരാമത്തിന്റെ നിർദ്ദേശ പ്രകാരം 1:6 റാൻഡം റബിൾ മേസന്ററിയ്ക്കു പകരം 1:3:6 അനുപാദത്തിൽ സിമന്റ് കോൺക്രീറ്റ് നടത്തിയ തിലൂടെ 14,343 രൂപ നഷ്ടം വന്നു എന്നതാണ് ഓഡിറ്റ് പരാമർശം.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിമാർക്സ് അബട്ട്മെന്റ് അനിവാര്യമായി രുന്നു എന്നതാണ്. ഓഡിറ്റും അബട്ട്മെന്റിന്റെ അനിവാര്യതയെ ചോദ്യം ചെയ്തിട്ടില്ല. ടെക്നിക്കൽ സർക്കുലറിനു വിരുദ്ധമായി ഡ്രൈ റബിൾ മേസന്ററിയ്ക്ക് പകരം സിമന്റ് കോൺക്രീറ്റ് നടത്തിയതിലൂടെ നഷ്ടം വരുത്തിയതിന് വിശദീകരണം നൽകിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എബി1/07/ ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ഇപ്രകാരം അറിയിച്ചിരിക്കുന്നു.

65. "പരാമർശ വിഷയം സംബന്ധിച്ച് അബട്ടുമെന്റ് പണി അനിവാര്യമായിരുന്നു വെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് അനന്തര നടപടിക്കായി ലോക്കൽ ഫണ്ടിന് 24-5-2008-ൽ സമർപ്പിച്ചിട്ടുണ്ട്."

പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14-7-2009-ലെ എൻ.എഫ്.20396/സ്പെ.സെൽ/ജി2/07 നമ്പർ കത്തു പ്രകാരം ഇങ്ങനെ അഭിപ്രായപ്പെട്ടിരിക്കുന്നു.

66. പ്രസ്തുത പ്രവൃത്തിക്ക് കലുങ്കിന്റെ അബട്ട്മെന്റ് പണി അനിവാര്യമായിരുന്നു എന്നതിനുള്ള എൽ.എസ്.ജി.ഡി. മടവൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടെക്നിക്കൽ സർക്കുലറിനു വിരുദ്ധമായി ഡ്രൈറബിൾ മേസന്ററിക്കുപകരം സിമന്റ് കോൺക്രീറ്റ് നടത്തിയതിന് ന്യായീകരണമില്ല. എന്നിരുന്നാലും ഡി.പി.സി. അംഗീകരിച്ച പണിയെന്ന നിലയിലും സമിതിയിലെ സാങ്കേതിക വിദഗ്ദ്ധൻ ഇക്കാര്യത്തിൽ വ്യക്തമായി അഭിപ്രായം രേഖപ്പെടുത്താതെ അംഗീകാരം നൽകുകയും പണി നടപ്പാക്കുകയും ചെയ്തതിനാലും എഞ്ചിനീയറുടെ സാക്ഷിപത്രത്തിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

67. **പുലിയൂർക്കോണം-അടുക്കോട്ടുകോണം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് കലുങ്കിന്റെ അബട്ട്മെന്റ് പണി അനിവാര്യമായിരുന്നു എന്ന എൽ.എസ്.ജി.ഡി. മടവൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പദ്ധതിക്ക് ഡി.പി.സി. അംഗീകാരമുണ്ടായിരുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും സമിതിയിലെ സാങ്കേതിക വിദഗ്ദ്ധൻ ഇക്കാര്യത്തിൽ വ്യക്തമായി അഭിപ്രായം രേഖപ്പെടുത്താതെ അംഗീകാരം നൽകുകയും പണി നടപ്പാക്കുകയും ചെയ്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ നികുതി കുടിശ്ശിക—സമയപരിധി കഴിഞ്ഞതിനാൽ പിരിച്ചെടുക്കാൻ കഴിയാത്ത തുക നഷ്ടം 16,005 രൂപ**

ഒന്നാം അർദ്ധവർഷം വരെയുള്ള കാലത്തെ തൊഴിൽ നികുതി പിരിച്ചെടുക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കാതിരുന്നതുമൂലം 16,005 രൂപയുടെ വരുമാന നഷ്ടം ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. സമയപരിധി കഴിഞ്ഞ സാഹചര്യത്തിൽ നികുതിദായകരിൽ നിന്നും കുടിശ്ശിക ഈടാക്കാൻ നിയമം അനുശാസിക്കാത്തതിനാൽ നടപടി എടുക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ 3.1.5.1]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

68. "പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീമതി എം. ബി. രാജലക്ഷ്മി, സെക്ഷൻ ക്ലാർക്ക് ശ്രീമതി എൻ. ലില്ലി എന്നിവർ നഷ്ടം വരുത്തിയ തുക ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നതിന് രജിസ്റ്റേർഡായി 14-8-2007-ന് എ 115/07 നമ്പരായി കത്തയച്ചിരുന്നു. ശ്രീമതി രാജലക്ഷ്മി സ്ഥലത്തില്ലാ എന്ന് രേഖപ്പെടുത്തിയ കത്ത് മടങ്ങിവന്നു. 23-10-2007-ൽ വീണ്ടും രജിസ്റ്റേർഡായി ശ്രീമതി. രാജലക്ഷ്മിക്ക് കത്ത് നൽകിയെങ്കിലും അതും ആള് സ്ഥലത്തില്ലാ എന്ന് രേഖപ്പെടുത്തി മടങ്ങി വന്നു. ശ്രീമതി ലില്ലി തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കാണിച്ച് മറുപടി നൽകിയിട്ടുണ്ട്. ശ്രീമതി രാജലക്ഷ്മി, എൻ. ലില്ലി എന്നിവരോട് 27-12-2007-ൽ നിയമസഭാ അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ഹാജരാകുവാൻ നിർദ്ദേശിച്ച് 14-12-2007-ന് കത്ത് നൽകിയിട്ടുണ്ട്.

69. തൊഴിൽ നികുതി പിരിക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് 27-12-2007-ലെ സമിതി യോഗത്തിൽ സെക്രട്ടറി അറിയിച്ചു. സ്ഥലംമാറി പോയവരുടെ കരമാണ് പിരിച്ചെടുക്കാനുള്ളതെന്നും ഡ്രോയിംഗ് ഓഫീസറുടെ വിശദവിവരമനുസരിച്ച് നിലവിൽ ഉണ്ടായിരുന്നവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടെന്നും സ്ഥലം മാറിപോയവർക്ക് രജിസ്റ്റേർഡ് കത്ത് എ.സി.യായി ആർ.ആർ. നടപടിക്ക് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും അവ കൈപ്പറ്റി തിരികെ വന്നിട്ടുണ്ടെന്നും മുൻ സെക്ഷൻ ക്ലാർക്ക് സമിതിയെ അറിയിച്ചു.

70. പ്രസ്തുത കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീമതി എം. ബി. രാജലക്ഷ്മി പെൻഷനായെന്നും അവരുടെ പേരിൽ രണ്ട് നോട്ടീസ് അയയ്ക്കുകയും ആളില്ലെന്ന് കാണിച്ച് അവ കൈപ്പറ്റാതെ തിരികെ വന്നിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. മുൻ സെക്രട്ടറി ഒപ്പിട്ടാണ് നോട്ടീസ് അയച്ചിരുന്നതെന്നും ഇതു സംബന്ധിച്ച എല്ലാ വിവരങ്ങളും ഫയലിൽ ഉണ്ടെന്നും സെക്ഷൻ ക്ലാർക്ക് സമിതിയെ അറിയിച്ചു. വിവരങ്ങൾ കാണിച്ച് ഓഡിറ്റ് ഡയറക്ടർക്ക് രേഖകൾ സഹിതം വിശദീകരണം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

പഞ്ചായത്തിൽ നിന്ന് 4-8-2008-ലെ കത്തുപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റിന് ലഭ്യമാക്കിയവിവരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/ എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ഇപ്രകാരം അറിയിച്ചിരിക്കുന്നു.

71. "പ്രസ്തുത കാലയളവിലെ സെക്രട്ടറി ശ്രീമതി എം. ബി. രാജലക്ഷ്മി, സെക്ഷൻ ക്ലാർക്ക് ശ്രീമതി എൻ. ലില്ലി എന്നിവരോട് നഷ്ടം വരുത്തിയ തുക പഞ്ചായത്തിൽ ഒടുക്കാൻ പഴയകുന്നുമ്മേൽ സെക്രട്ടറി കത്തു നൽകി. അതിന്മേൽ സെക്ഷൻ ക്ലാർക്ക് ശ്രീമതി എൻ.ലില്ലി തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണിച്ച് മറുപടി നൽകിയിട്ടുണ്ടെന്നും ആയതിന്റെ പകർപ്പ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

സമിതി നിർദ്ദേശമനുസരിച്ച് പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ 19-11-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ ജി2/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

72. "തൊഴിൽ നികുതി കുടിശ്ശിക സംബന്ധിച്ചുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-8-2008-ലെ വിശദീകരണം തൃപ്തികരമല്ല. ആയതിനാൽ പഞ്ചായത്ത് സെക്രട്ടറി സെക്ഷൻ ക്ലാർക്ക് എന്നിവരിൽ നിന്നും നഷ്ടം തുല്യമായി ഈടാക്കാവുന്നതാണെന്ന് അറിയിക്കുന്നു".

എന്നാൽ "ഖണ്ഡികയിൽ പരാമർശിക്കുന്ന നഷ്ടം ഈടാക്കുന്നതിന് തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല. ആയതിനാൽ പരാമർശം നിലനിൽക്കുന്നു" എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്.20396/ സ്പെ.സെൽ.ജി2/07 നമ്പർ കത്തു പ്രകാരം സമിതിയെ അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**73. ഓഡിറ്റ് കാലയളവിലെ മുൻ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി എം. ബി. രാജലക്ഷ്മി, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി ലില്ലി എന്നിവരോട് പഞ്ചായത്തിന് നഷ്ടം വന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാൻ പഞ്ചായത്തിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും, തുക തുല്യമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മരാമത്ത് പണികൾ പൂർത്തീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച്**

1998-1999, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഏറ്റെടുത്ത താഴെ പറയുന്ന മരാമത്ത് പണികൾ നാളിതുവരെ പൂർത്തിയാക്കിക്കാണുന്നില്ല. മുൻകൂർ കൈപ്പറ്റിയ കൺവീനർമാരിൽ നിന്നും മുൻകൂർ തുകയും പിഴയും ഈടാക്കുന്നതിന് നടപടി കൈക്കൊണ്ട രേഖകൾ ഹാജരാക്കുകയുണ്ടായില്ല.

| *മരാമത്ത് പണികളുടെ വിവരം* | *മാരമത്ത് പണികളുടെ വർഷം* | *എസ്റ്റിമേറ്റ് തുക* | *കൺവീനർ കൈപ്പറ്റിയ തുക* |
|---|---|---|---|
| 1. കരിക്കകം | 1998-1999 | 35,200 | 15,000 |
| 2. കുറവൻകുഴി-കുടിവെള്ള പദ്ധതി | 1998-1999 | 17,116 | എസ്റ്റിമേറ്റ്, ഫയൽ എന്നിവ ഹാജരാക്കിയിട്ടില്ല. |
| 3. താന്നിമൂട്-പറയൻകാവ് റോഡ് | 1999-2000 | 1,00,000 | 40,000 |

(പണി ഭാഗികമായി ചെയ്തത് എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം പൂർത്തിയാക്കിയതിന് തുല്യമായി കണക്കാക്കാൻ കഴിയില്ല)

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.5.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73911/എബി1/02/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

74. (1) 1998-99 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട കരിക്കകം സ്റ്റെപ്പ് നിർമ്മാണം എന്ന പ്രോജക്ടിന്റെ പൂർത്തീകരണത്തിൽ വീഴ്ച വരുത്തിയ ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ ജി. സുധാകരൻ, കരിങ്ങനാംമൂലവീട്, മഠത്തിൽകുന്ന്, കിളിമാനൂർ-പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയ 15,000 രൂപ പലിശ സഹിതം തിരിച്ചടയ്ക്കുന്നതിന് 28-5-2007-ലും 20-6-2007-ലും പി.ഡബ്ള്യു 1490/06 നമ്പർ നോട്ടീസുകൾ അയച്ചിട്ടും പ്രതികരിക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണ്.

(2) 1998-99 വർഷം കുറവൻകുഴി കുടിവെള്ള പദ്ധതിക്കായി 1,00,000 രൂപ വകയിരുത്തുകയും ടി പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചതുമാണ്. കുഴൽക്കിണർ കുഴിച്ചെങ്കിലും വെള്ളം കാണാത്തതിനാൽ ടി പ്രശ്നം പഞ്ചായത്ത് ഭരണസമിതി വിശദമായി ചർച്ചചെയ്യുകയും പ്രവൃത്തി പൂർത്തീകരിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ 23-3-1999-ലെ 2-ാം നമ്പർ തീരുമാനപ്രകാരം അന്നുവരെ ചെലവായ 17,116 രൂപ കരാറുകാരന് നൽകുന്നതിനും തുടർന്നുചേർന്ന പഞ്ചായത്ത് കമ്മിറ്റി പ്രസ്തുത പ്രവൃത്തി ഉപേക്ഷിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി.

(3) 1999-2000 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട താന്നിമൂട്-പറയങ്കാട് റോഡ് പുനരുദ്ധാരണം എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ റോഡിന്റെ തേരി കുറച്ച് വീതി വർദ്ധിപ്പിക്കുന്നതിനും 30 മീറ്റർ നീളത്തിൽ സൈഡ് വാൾ നിർമ്മാണത്തിനും 150 മീറ്റർ നീളത്തിൽ ഓട നിർമ്മാണത്തിനുമാണ് ഉൾപ്പെടുത്തിയിരുന്നത്. റോഡിന്റെ മൺപണി കഴിഞ്ഞ് സൈഡ് വാൾ 12 മീറ്ററോളം നീളത്തിൽ നിർമ്മിക്കുകയും ചെയ്തു. തുടർന്നുള്ള സൈഡ് വാൾ നിർമ്മിക്കുന്നതിന് സമീപവാസികൾ തർക്കം നിന്ന് പണി തടസ്സപ്പെടുത്തി. തർക്കം പരിഹരിച്ചു പണി നടത്തുന്നതിന് വേണ്ടി പഞ്ചായത്ത് ഭരണസമിതിയും ബന്ധപ്പെട്ട അധികൃതരും പലതവണപോയി ശ്രമം നടത്തിയെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. അവശേഷിക്കുന്ന പണികൾ യാതൊരു കാരണവശാലും അവിടെ ചെയ്തു പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിലാണ് അതുവരെ ചെയ്ത പണിയുടെ മാത്രം മെഷർമെന്റ് എടുത്ത് ഗുണഭോക്തൃ സമിതിക്ക് തുക നൽകിയിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിന്റെ ബാക്കി വന്ന തുക പഞ്ചായത്തിന് നഷ്ടം വരുത്താതെ തുക തികയാതെ വന്ന വർക്കുകൾക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം ചെലവഴിച്ച് പൂർത്തീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

കരിക്കകം സ്റ്റെപ്പ് നിർമ്മാണം, കുറവൻകുഴി കുടിവെള്ള പദ്ധതി, താന്നിമൂട്-പറയൻകാവ് റോഡ് എന്നീ മൂന്നു പദ്ധതികൾക്കായി കൺവീനർ തുക കൈപ്പറ്റുകയും എന്നാൽ പണി പൂർത്തിയാക്കാതിരുന്നതും സംബന്ധിച്ച് 27-12-2007-ൽ സമിതി തെളിവെടുപ്പു നടത്തുകയുണ്ടായി. കരിക്കകം സ്റ്റെപ്പ് നിർമ്മാണം എന്ന പ്രോജക്ടിൽ 15,000 രൂപ കൺവീനർ തുക കൈപ്പറ്റിയതിന്മേൽ ആർ.ആർ.നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും കുറവൻകുഴി കുടിവെള്ള പദ്ധതിക്കായി 1,00,000 രൂപ വകയിരുത്തുകയും കുഴൽക്കിണർ കുഴിച്ചെങ്കിലും വെള്ളം കാണാത്തതിനാൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനമനുസരിച്ച് പണി അവസാനിപ്പിക്കുകയും 17,116 രൂപയുടെ ബിൽ തയ്യാറാക്കി എഞ്ചിനീയർ സർട്ടിഫൈ ചെയ്ത ബിൽ വച്ച് ഫയൽ ക്ലോസ് ചെയ്തെന്നും പഴയകുന്നുമ്മേൽ സെക്രട്ടറി സമിതിയെ അറിയിച്ചു. 17,116 രൂപ നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

താന്നിമൂട് പറയൻകോട് റോഡിന്റെ തേരി കുറച്ച് വീതി വർദ്ധിപ്പിക്കുന്നതിനും 30 മീറ്റർ നീളത്തിൽ സൈഡ് വാൾ നിർമ്മാണത്തിനും 150 മീറ്റർ നീളത്തിൽ ഓട നിർമ്മാണത്തിനുമായി 40,000 രൂപ ഗുണഭോക്തൃ സമിതിക്ക് നൽകിയെന്ന് പിന്നീട് നാട്ടുകാരുടെ പ്രതിഷേധം കാരണം പണി ഉപേക്ഷിക്കുകയും ഇതിനായി വകയിരുത്തിയ തുകയിൽ ബാക്കി തുക മറ്റു പണികൾക്ക് വിനിയോഗിക്കുകയും ചെയ്തെന്നും സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് തീരുമാനങ്ങളുടെ കോപ്പിയും വിശദീകരണവും, പൂർത്തിയായിടത്തോളം പണികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റുകളും ഓഡിറ്റിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

ഓഡിറ്റ് ഖണ്ഡികയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-11-2008-ലെ എൽ.എഫ്.20396/സ്പെ.സെൽ.ജി2/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

75. 'പ്രോജക്ടിന്റെ എസ്റ്റിമേറ്റ്, വാല്യൂവേഷൻ എന്നിവ അടക്കമുള്ള ഫയൽ നഷ്ടപ്പെട്ടെന്നും ആയതിനാൽ പ്രസ്തുത പണിയുടെ വാല്യുവേഷൻ വീണ്ടും നടത്താൻ ബി.എൽ.റ്റി.സി. എഞ്ചിനീയർ വിസമ്മതിക്കുന്നുവെന്നുമാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഓഡിറ്റ് പരാമർശം നിലനിർത്താവുന്നതാണ്'.

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ഇപ്രകാരം അറിയിച്ചിരിക്കുന്നു :

76. "കുറവൻകുഴി കുടിവെള്ള പദ്ധതിക്കാണ് ടി തുക ചെലവാക്കിയത്. ടി തുക പഞ്ചായത്ത് കമ്മിറ്റിയുടെ 23-3-1999-ലെ 11-ാം നമ്പർ തീരുമാനപ്രകാരമാണ് നൽകിയിട്ടുള്ളത്. എന്നാൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ്, വാല്യുവേഷൻ എന്നിവ അടക്കമുള്ള ഫയലുകൾ എങ്ങനെയോ നഷ്ടപ്പെട്ടുവെന്നും എന്നാൽ പണികൾ ചെയ്തിട്ടുള്ളതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ടി പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി 12-11-2007-ലെ 5(17) നമ്പർ തീരുമാന പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

എന്നാൽ "ടി വർക്കുമായി ബന്ധപ്പെട്ട രേഖകൾ നഷ്ടപ്പെട്ടതായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകൾ പരിശോധിക്കാൻ സാധിക്കാത്തതി നാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നു" എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്. 20396/സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം സമിതിയെ അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

77. **കരിക്കകം സ്റ്റെപ്പ് നിർമ്മാണം പദ്ധതിയിൽ കൺവീനർക്ക് നൽകിയ 15,000 രൂപ പലിശസഹിതം ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ച് അടിയന്തിരമായി സമിതിയിൽ റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

78. **കുറവൻകുഴി പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ പ്രോജക്ട് ഫയൽ പ്രവൃത്തി ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കുന്ന രേഖകൾ, ഈ പദ്ധതി ഉപേക്ഷിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുക. ആയതിന് സാധിക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായവരെ കണ്ടെത്തി ബാദ്ധ്യത തുക പലിശ സഹിതം ടി ആളുകളിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

79. **താന്നിമൂട് പറയൻകാവ് റോഡ് പണിയുമായി ബന്ധപ്പെട്ട് പണി ഉപേക്ഷിച്ചത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനങ്ങളുടെ കോപ്പിയും വകയിരുത്തിയ ബാക്കി തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും പൂർത്തിയായിടത്തോളം പണികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റുകളും അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുക. ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ടു ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## വെമ്പായം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ്—ട്രസ്റ്റ് രൂപീകരണം നടത്താതെ തുക പിൻവലിച്ച നടപടി ശരിയല്ല**

പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന രീതിയിൽ ട്രസ്റ്റ് രൂപീകരിക്കാതെ പ്രവർത്തനം ആരംഭിച്ച ചോക്ക് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചിരിക്കുക യാണ്. ഉൽപ്പാദിപ്പിച്ച സാധനങ്ങൾ എന്തു ചെയ്തു എന്ന് വ്യക്തമല്ല. ഈ സാഹചര്യ ത്തിൽ യൂണിറ്റിനുവേണ്ടി മുടക്കിയിട്ടുള്ള തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുള്ളതി നാൽ ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ-3.1.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി:—

80. "പദ്ധതി വർഷം (1999-2000) ചാർജ്ജുണ്ടായിരുന്ന സെക്രട്ടറി ശ്രീ. എൻ. നാഗപ്പൻ നായർ 2002 ഏപ്രിൽ മാസം സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണ്."

81. ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റ് ട്രസ്റ്റ് രൂപീകരണം നടത്താതെ തുക പിൻവലിച്ചത് സംബന്ധിച്ച് 27-12-2007-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി വിശദീകരണമാരാഞ്ഞു. തെരഞ്ഞെടുക്കപ്പെട്ട കർമ്മസമിതി അംഗങ്ങളും പരിശീലകരും ചേർന്ന് ട്രസ്റ്റ് രൂപീകരിക്കണമെന്ന് പ്രോജക്ടിൽ പറഞ്ഞിരുന്നുവെങ്കിലും എങ്ങനെയാണ് രൂപീകരിക്കേണ്ടതെന്ന് വിശദീകരിച്ചിട്ടില്ലാത്തതിനാലാണ് രൂപീകരിക്കാത്ത തെന്നും സെക്രട്ടറി അറിയിച്ചു.

82. തിരുവനന്തപുരത്തെ ടെക്നോപാർക്കിലെ മെഗാലെക്സ് ഇലക്ട്രോണിക്സ് കൺട്രോൾ ലിമിറ്റഡ് എന്ന സ്ഥാപനമാണ് നിർമ്മാണ യൂണിറ്റിനുവേണ്ട സാധനങ്ങൾ നൽകിയതെന്നും, ആദ്യഘട്ടത്തിൽ 20 കുട്ടികൾക്ക് പരിശീലനം നൽകിയെന്നും എന്നാൽ ഇൻവെസ്റ്റ്മെന്റ് ഇല്ലാത്തതിനാൽ തുടർന്നുള്ള വർഷങ്ങളിൽ ഈ പദ്ധതി തുടരാൻ കഴിഞ്ഞില്ലെന്നും സെക്രട്ടറി അറിയിച്ചു. നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തന ത്തിനായി 1,00,000 രൂപ പിൻവലിച്ചതിൽ പരിശീലനത്തിനും സാധനങ്ങളുടെ വിലയായും 93,500 രൂപയും അഡീഷണൽ വയറിംഗിനായി 6,500 രൂപയും ചെലവായിട്ടു ണ്ടെന്നും സെക്രട്ടറി അറിയിച്ചു. ഇതു സംബന്ധിച്ച വിശദീകരണവും വൗച്ചറുകളും രേഖകളും ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭിച്ച വിവരം ചുവടെ ചേർക്കുന്നു :

83. "ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 29-5-2008-ന് വിശദമായ റിപ്പോർട്ട് ലോക്കൽ ഫണ്ട് ഓഡിറ്റർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്. 20396/ സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം ഇപ്രകാരം അറിയിച്ചിരിക്കുന്നു.

84. "ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചിരിക്കു കയാണ്. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കിയിട്ടില്ലാത്തതിനാൽ പരാമർശം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

85. **ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചിരി ക്കുന്ന സാഹചര്യത്തിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം പ്രാവർത്തികമാക്കിയിട്ടില്ല എന്നു സമിതി വിലയിരുത്തുന്നു. പരാമർശം നിലനിൽക്കുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നുവെങ്കിലും പദ്ധതി തുടർന്നു കൊണ്ടുപോകുന്നതിന് മതിയായ നിക്ഷേപം ഇല്ലാതിരുന്നതുമൂലമാണ് ആയതു നിലച്ചു**

**പോയതെന്നുമുള്ള വിശദീകരണം സമിതി അനുഭാവപൂർവ്വം പരിഗണിക്കുന്നു. ഈ പദ്ധതിക്കായി സാധനങ്ങൾ വാങ്ങിയ വകയിൽ ചെലവു ചെയ്ത 93,500 രൂപയുടെയും വയറിംഗ് ചെയ്ത ഇനത്തിൽ ചെലവായ 6,500 രൂപയുടെയും വൗച്ചറുകളും അനുബന്ധ ഫയലുകളും പരിശോധിച്ച് ആയത് ക്രമപ്രകാരമാണോ എന്നതു സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു. പരാമർശവിധേയമായ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡി.പി.സി. അംഗീകാരമില്ലാതെ പഞ്ചായത്തതിർത്തിയല്ലാത്ത കന്യാകുളങ്ങര സ്കൂളിന് സ്ഥലം വാങ്ങിയത് സംബന്ധിച്ച്**

1999-2000-ൽ ഡി.പി.സി.യുടെ അംഗീകാരമില്ലാതെ വെമ്പായം പഞ്ചായത്തതിർത്തിയിലല്ലാത്ത കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂളിന് 5 സെന്റ് സ്ഥലം വാങ്ങിയതിന് നൽകിയിട്ടുള്ള 61,900 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.6.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 7381/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി:—

86. പഞ്ചായത്ത് അതിർത്തിക്ക് വെളിയിലുള്ള കന്യാകുളങ്ങര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് 5 സെന്റ് സ്ഥലം വാങ്ങിയ നടപടി അംഗീകരിച്ചു നൽകണമെന്ന് കേരള സർക്കാരിനോട് അപേക്ഷിച്ചുകൊണ്ട് 13-12-2007-ൽ IV(5) നമ്പരായ തീരുമാനം എടുത്തിട്ടുള്ളതും, ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

87. കന്യാകുളങ്ങര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് സ്ഥലം വാങ്ങുന്നതിന് ഡി.പി.സി.യുടെ അംഗീകാരമില്ലാതെ പ്ലാൻ ഫണ്ട് കൊടുത്തതു സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞു. വെമ്പായം പഞ്ചായത്തിനോടടുത്തുകിടക്കുന്ന സ്കൂളാണെന്നും നടപടികൾ പാലിച്ചും ഡി.പി.സി.യുടെ അംഗീകാരത്തിന് വിധേയമായിട്ടുമാണ് സ്ഥലം വാങ്ങിയിട്ടുള്ളതെന്നും ആധാരത്തിന് അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും വിലയാധാരം ഫയലിലുണ്ടെന്നും ഓഡിറ്റ് തടസ്സം വന്നതിനുശേഷം ഗവൺമെന്റ് സാംഗ്ഷന് 13-12-2007-ൽ IV(5) നമ്പർ തീരുമാനപ്രകാരം അയച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 26-8-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം ലഭ്യമായ മറുപടി ചുവടെ ചേർക്കുന്നു :—

88. "വെമ്പായം ഗ്രാമപഞ്ചായത്ത് അതിർത്തിയോട് ചേർന്നു സ്ഥിതിചെയ്യുന്ന മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ 60% ത്തിലധികംപേർ വെമ്പായം പഞ്ചായത്തിൽ നിന്നുള്ളവരാണെന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പിൽ [13-12-2007-ലെ 4(5)-ാം നമ്പർ തീരുമാനം] സൂചിപ്പിച്ചിരിക്കുന്നപ്രകാരം

60%-ൽ കൂടുതൽ കുട്ടികൾ പ്രസ്തുത പഞ്ചായത്തിൽ നിന്നുള്ളവരായതിനാൽ, അധികാരപരിധി ലംഘിച്ച് സ്ഥലം വാങ്ങി നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

തുടർന്ന് പ്രസ്തുത പരാമർശത്തിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്. 20396/സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു:—

89. "മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട കന്യാകുളങ്ങര ഗേൾസ് ഹൈസ്കൂളിന് സ്ഥലം വാങ്ങി നൽകിയതിനുള്ള ചെലവിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 457/09/തസ്വഭവ. തീയതി 21-2-2009 പ്രകാരം സാധൂകരണം ലഭിച്ചിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്. "

**നിഗമനങ്ങൾ/ശുപാർശകൾ**

90. **പഞ്ചായത്ത് അതിർത്തിക്ക് വെളിയിലുള്ള കന്യാകുളങ്ങര ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന് 5 സെന്റ് സ്ഥലം വാങ്ങിയ ചെലവിന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 457/09/തസ്വഭവ. തീയതി 21-2-2009 പ്രകാരം സാധൂകരണം ലഭിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം—ഡി.റ്റി.പി. സെന്ററും പരിശീലനവും പ്രവർത്തനം തുടങ്ങാതിരിക്കൽ**

1998-99-ൽ പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് ഡി.റ്റി.പി. സെന്ററിന്റെ നിർമ്മാണം 29-3-2000-ൽ പൂർത്തിയാക്കുകയും 15-3-1999-ൽ കമ്പ്യൂട്ടർ ഉപകരണങ്ങൾ വാങ്ങിയിട്ടും നാളിതുവരെ ഇൻസ്ട്രക്ടർമാരെ നിയമിക്കുകയോ പ്രവർത്തനം തുടങ്ങുകയോ ചെയ്തിട്ടില്ല. പദ്ധതി ലക്ഷ്യം നാളിതുവരെ കൈവരിക്കാത്തത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായതിനാൽ ചെലവഴിച്ചിട്ടുള്ള 2,69,929 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

91. പട്ടികജാതി-പട്ടികവർഗ്ഗ കുട്ടികൾക്ക് 2002-03 വർഷം പരിശീലകനെ നിയമിച്ച് പരിശീലനം നൽകിയിട്ടുള്ളതാണ്. പരിശീലനം നൽകുന്നതിനുവേണ്ടിയുള്ളത് ഏകവർഷ പദ്ധതിയായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഈ ആവശ്യത്തിന് പദ്ധതി തയ്യാറാക്കിയിരുന്നില്ല. പഞ്ചായത്താഫീസ് കെട്ടിടത്തോടു ചേർന്നാണ് ഈ ആവശ്യത്തിന് കെട്ടിടം നിർമ്മിച്ചത്.

92. ഓഡിറ്റ് പരാമർശം സംബന്ധിച്ച് 27-12-2007-ലെ യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 15 കുട്ടികൾക്ക് പരിശീലനം കൊടുക്കുകയും കൂടാതെ കെട്ടിടം ഇപ്പോഴും പ്രവർത്തനക്ഷമമാണെന്നും സെക്രട്ടറി അറിയിച്ചു.

93. എസ്.സി./എസ്.റ്റി. ഫണ്ട് വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന് ഗവൺമെന്റിന്റെ കർശനമായ നിർദ്ദേശം ഉണ്ടെന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കുള്ള ട്രെയിനിംഗിന് വേണ്ടിതന്നെ ഈ സെന്റർ തുടർന്നും ഉപയോഗിക്കണമെന്ന വ്യവസ്ഥയിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**94. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എസ്.സി./എസ്.റ്റി. ഫണ്ട് വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന് ഗവൺമെന്റിന്റെ കർശന നിർദ്ദേശം ഉണ്ടെന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ട്രെയിനിംഗിനായിതന്നെ സെന്റർ തുടർന്നും ഉപയോഗിക്കണം എന്ന വ്യവസ്ഥയിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## നഗരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ആയുർവ്വേദാശുപത്രിക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതി**

ആയുർവ്വേദ ആശുപത്രിക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതിയിൽ കൺവീനർക്ക് 31-3-2000-ൽ 24,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി തുടങ്ങിയിട്ടില്ല. ആയതിനാൽ 18% പിഴ പലിശ സഹിതം ടി തുക തിരികെ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

95. "1999-2000 വർഷത്തെ ജനകീയാസൂത്രണപദ്ധതി പ്രകാരം ആയുർവ്വേദ ആശുപത്രിക്ക് ശുദ്ധജലം എത്തിക്കുന്നതിന് കൺവീനറായ ശ്രീ. രാജ്കുമാറിന് 24,000 രൂപ അഡ്വാൻസ് നൽകിയിരുന്നു. ടി പദ്ധതി ഉപേക്ഷിച്ചതിനാൽ അഡ്വാൻസ് തുക ഈടാക്കുന്നതിന് 17-7-2000, 23-10-2000-ലും നോട്ടീസ് നൽകിയിട്ടുണ്ട്. ടി തുക പഞ്ചായത്തിൽ ഒടുക്കാതിരുന്ന സാഹചര്യത്തിൽ 6-12-2007-ൽ റവന്യൂ റിക്കവറി നടത്തുന്നതാണെന്ന അറിയിപ്പ് ശ്രീ. രാജ്കുമാറിന് നൽകിയിട്ടുണ്ട്. (Under certificate of posting).

ഫയൽ നമ്പർ .. A-847/07

തീയതി .. 11-12-2007"

96. ആയുർവ്വേദ ആശുപത്രിക്ക് ശുദ്ധജലം എത്തിക്കുന്ന പ്രോജക്ടിന് കൺവീനർക്ക് 24,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടും പണി തുടങ്ങാത്തതു സംബന്ധിച്ച് സമിതി 27-12-2007-ലെ തെളിവെടുപ്പു യോഗത്തിൽ വിശദീകരണം ആരാഞ്ഞു. പ്രസ്തുത പദ്ധതി ഉപേക്ഷിച്ചെന്നും 6-12-2007-ൽ പ്രസ്തുത തുക തിരിച്ചുപിടിക്കുന്നതിന് ആർ.ആർ. നടപടിക്ക് നോട്ടീസ് കൊടുത്തിരിക്കുകയാണെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22-9-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

97. "ആയുർവ്വേദാശുപത്രിക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതിക്കുവേണ്ടി കൺവീനർ കൈപ്പറ്റിയ 24,000 രൂപയ്ക്ക് 30-4-2008 വരെയുള്ള പലിശയും ചേർത്ത് 82,960 രൂപ കൺവീനറിൽ നിന്നും ഈടാക്കുന്നതിനായി 29-4-2008-ൽ ഫോറം 24-ൽ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ടെന്ന് നഗരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അധികൃതരുമായി ബന്ധപ്പെട്ടതിൽ നിന്നും തുടർന്ന് പുരോഗതിയൊന്നും ഉണ്ടായിട്ടില്ലെന്ന് വ്യക്തമാകുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

**98. ആയുർവ്വേദാശുപത്രിക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ. രാജ്കുമാർ കൈപ്പറ്റിയ 24,000 രൂപയ്ക്ക് നാളിതു വരെയുള്ള പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള തുക ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തുക. നടപടിയുടെ വിശദവിവരം അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഈഞ്ചമൂല സ്ലൂസ്-കം-ബ്രിഡ്ജ്—കെ.എൽ.ഡി.സി. എന്ന സ്ഥാപനത്തിന് പണി ഏൽപ്പിച്ചത് സംബന്ധിച്ച്**

1997-98-ലെ പദ്ധതി പണം സമയബന്ധിതമായി 30-6-1998-ന് മുമ്പ് ചെലവഴിക്കേണ്ടതിന്റെ അടിസ്ഥാനത്തിൽ അപ്രോച്ച് റോഡ്, പാലം പണി എന്നിവ കേരള ഭൂവികസന കോർപ്പറേഷനെ ഏൽപ്പിച്ചു. 14,00,000 രൂപ അടങ്കൽ തുകയുള്ള പണിയുടെ എസ്റ്റിമേറ്റ് പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിന് വിധേയമാക്കുകയോ ചെലവഴിക്കപ്പെട്ട തുകയ്ക്ക് ബി.എൽ.ഇ.സി.യുടെ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അപ്രോച്ച് റോഡിനുവേണ്ടി ആദ്യം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ പണി നേരിട്ട് ടെന്റർ ചെയ്യുകയോ ചെയ്തിരുന്നുവെങ്കിൽ കാലവിളംബവും മെറ്റീരിയൽസിന്റെ അധികവില (73,400 രൂപ) യുൾപ്പെടെയുള്ള സാമ്പത്തിക നഷ്ടവും ഒഴിവാക്കാമായിരുന്നു. പഞ്ചായത്ത് തീരുമാനപ്രകാരം ആദ്യം അനുവദിക്കപ്പെട്ട 10,00,000 രൂപ കളക്ടർ ചെയർമാനായ ഡിസ്അലവൻസ് കമ്മിറ്റി നിരാകരിക്കുകയും സർക്കാരിൽ നിന്നും സാധൂകരണം പുറപ്പെടുവിക്കുംമുൻപുതന്നെ വീണ്ടും 4,00,000 രൂപ അനുവദിച്ചതും ചട്ടങ്ങൾക്ക് വിരുദ്ധമാണ്. കെ.എൽ.ഡി.സി.യുടെ പണി സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഭരണവകുപ്പ് മുൻകൈ എടുക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 1.1.4.1)

ഓഡിറ്റ് ഖണ്ഡികയിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

99. ഓഡിറ്റ് പരാമർശത്തിൽ K.L.D.C.യുടെ പ്രവർത്തനം സംബന്ധിച്ച് ഉചിതമായ അന്വേഷണം നടത്തുന്നതിന് ഈഞ്ചമൂല സ്ലൂയിസ്-കം-ബ്രിഡ്ജ് എന്ന പദ്ധതിയുടെ ഫയലിന്റെ ഫോട്ടോകോപ്പികൾ വിജിലൻസിന് സെക്രട്ടറി നേരിട്ട് കൊണ്ട് കൊടുക്കുകയുണ്ടായി. കേസ് നമ്പർ ഇല്ല.

100. ഈഞ്ചമൂല സ്ലൂയിസ്-കം-ബ്രിഡ്ജിന്റെ പണി കെ.എൽ.സി.ഡി. എന്ന സ്ഥാപനത്തെ ഏൽപ്പിച്ചത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ടോ യെന്നും ബി.എൽ.ഇ.സി.യുടെ അംഗീകാരമില്ലാതെയാണോ തുക ചെലവഴിച്ചിരിക്കുന്ന തെന്നും സമിതിയുടെ 27-12-2007-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി ആരാഞ്ഞു. പ്രസ്തുത വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നെന്നും ബി.എൽ.ഇ.സി.യുടെ അംഗീകാരമില്ലാതെ തുക ചെലവഴിച്ചതായാണ് ഫയലിൽ കാണുന്നതെന്നും നഗരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രവൃത്തിയുടെ മൂല്യത്തുകയായ 11,84,104 രൂപയിൽ നിന്നും രണ്ടിനങ്ങളിലായി 3,88,259 രൂപ കുറച്ചും മറ്റ് രണ്ടിനങ്ങളിലായി 4,76,124 രൂപ കൂട്ടിയും ബിൽ തുക 12,71,969 രൂപയായി കണക്കാക്കി യിട്ടുണ്ടെന്നും പ്രവൃത്തിയുടെ മൂല്യത്തുകയിൽ നിന്ന് കുറയ്ക്കുകയും കൂട്ടുകയും ചെയ്ത ഈ വിവരങ്ങൾ ബില്ലിന്റെ ഫോട്ടോകോപ്പിയിൽ നിന്ന് വായിച്ച് മനസ്സിലാക്കാൻ കഴിയുന്നതല്ലെന്നും ഇതു സംബന്ധിച്ച ഒരു വിവരവും ഫയലിൽ നിന്നും ലഭ്യമല്ലെന്നും ഇക്കാര്യത്തിൽ വിശദീകരണം നൽകാൻ അധികൃതർക്കും ഇതിന്മേൽ നടപടിയെടുക്കുന്നതിന് ഭരണവകുപ്പിനും സാധിച്ചിട്ടില്ലെന്നും സമിതി വ്യക്തമാക്കി. ഇതിന്മേലുള്ള നടപടി ത്വരിതപ്പെടുത്തുമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 22-9-2008-ലെ എൽ.എഫ്. 20396/ സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

101. "പദ്ധതിയുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി.യുടെ പണികളെക്കുറിച്ച് വിശദമായ അന്വേഷണത്തിന് ഭരണവകുപ്പ് മുൻകൈയെടുക്കേണ്ടതാണെന്ന് ഓഡിറ്റ് പരാമർശം. ഈഞ്ചമൂല സ്ലൂയിസ്-കം-ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച് പഞ്ചായത്ത് സൂചന (2) പ്രകാരം ഹാജരാക്കിയ ഫയലിൽ പഞ്ചായത്ത് തീരുമാനങ്ങളുടെയും വർക്ക് ബില്ലിന്റെയും പകർപ്പുകൾ ഒഴികെ മറ്റു രേഖകളൊന്നും തന്നെയില്ല. എം.ബുക്ക്, അനുബന്ധരേഖകൾ, പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ തുടങ്ങിയവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും, കെ.എൽ.ഡി.സി. അധികൃതരിൽ നിന്നും യാതൊരു മറുപടിയും ലഭിച്ചില്ലായെന്നും അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിലെ നിർദ്ദേശത്തെ തുടർന്ന് വകുപ്പുതല അന്വേഷണത്തിന് 7-1-2008-ൽ ശുപാർശ ചെയ്യുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതുമായി ബന്ധപ്പെട്ട റിപ്പോർട്ട് നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ലായെന്ന വിവരവും റിപ്പോർട്ടു ചെയ്തുകൊള്ളുന്നു."

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:—

102. "ടി പദ്ധതിക്കുവേണ്ടി ഗുണഭോക്തൃ കൺവീനർ കൈപ്പറ്റിയ 34,000 രൂപയും 30-4-2008 വരെയുള്ള പലിശയും ചേർത്ത് 82,960 രൂപ കൺവീനറിൽ നിന്നും ഈടാക്കുന്നതിന് 29-4-2008-ൽ ഫാറം 24-ൽ ബഹു. ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ടി നിർമ്മാണം 10 ലക്ഷം രൂപ പദ്ധതി വിഹിതം ഉപയോഗിച്ച് കെ.എൽ.ഡി.സി.യാണ് നിർവ്വഹിച്ചത്. പ്രോജക്ട് സംബന്ധമായ ഫയലുകളും രേഖകളും മെഷർമെന്റ് ബുക്കുകളും കെ.എൽ.ഡി.സി.യാണ് സൂക്ഷിച്ചിരിക്കുന്നത്. 24-7-2008-ൽ ബന്ധപ്പെട്ട ഫയലുകളും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് കത്തു നൽകിയിട്ടും പഞ്ചായത്തിനും ലോക്കൽ ഫണ്ട് വിഭാഗത്തിനും കൈമാറിയിട്ടില്ലെങ്കിലും പഞ്ചായത്തിൽ ലഭ്യമായ രേഖകളും പഞ്ചായത്തു തീരുമാനങ്ങളും അടങ്ങിയ ഫയൽ 24-5-2008-ലെ എ2.280/03 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ടിന് കൈമാറിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. "

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 14-7-2009-ലെ എൽ.എഫ്. 20396/സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം ഇങ്ങനെ അറിയിച്ചിരിക്കുന്നു:

103. "2004-05 വർഷത്തെ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക 1.1.4(1)-നഗരൂർ ഗ്രാമപഞ്ചായത്ത് (ഓഡിറ്റ് റിപ്പോർട്ട് 2000-01 ഖണ്ഡിക 46) ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും 30-3-2000-ൽ പണി പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുവാൻ 13,98,166 രൂപ ചെലവ് വന്നു ബാക്കി 1,834 രൂപ നീക്കിയിരിപ്പുണ്ട്. മേൽനടപടി സംബന്ധിച്ച് ഭരണതലത്തിൽ അന്വേഷണം നടത്തിയതായി അറിയിച്ചിട്ടുണ്ടെങ്കിലും അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കൂടാതെ കെ.എൽ.ഡി.സി.-ക്ക് പത്ത് ലക്ഷം രൂപ മുൻകൂർ നൽകിയത് കളക്ടർ നിരാകരിച്ചതുമായി ബന്ധപ്പെട്ട വിഷയം പുനഃപരിശോധിക്കണമെന്ന് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനന്തര നടപടി സംബന്ധിച്ച് നാളിതുവരെ വിവരമൊന്നും ലഭ്യമായിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. 14 ലക്ഷം രൂപ ചെലവഴിച്ച പദ്ധതിക്കുവേണ്ടി മുൻകൂർ നൽകിയ 10 ലക്ഷം രൂപ കഴിച്ചുള്ള 4 ലക്ഷത്തിനാണ് സർക്കാരിൽ നിന്നും സാധൂകരണം ലഭിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 10 ലക്ഷം രൂപയ്ക്ക് സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

104. **നഗരൂർ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച്, ഈഞ്ചമൂല സ്ലൂയിസ്-കം-ബ്രിഡ്ജ് എന്ന പദ്ധതി 30-3-2000-ൽ പൂർത്തീകരിച്ചതായും, പദ്ധതി പൂർത്തീകരിക്കാൻ 13,98,166 രൂപ ചെലവായെന്നും, 1,834 രൂപ നീക്കിയിരിപ്പുണ്ടെന്നും, 14 ലക്ഷം രൂപയുടെ പദ്ധതിയിൽ മുൻകൂർ നൽകിയ 10 ലക്ഷം രൂപ കഴിച്ചുള്ള 4 ലക്ഷം രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവശേഷിക്കുന്ന 10 ലക്ഷം രൂപയ്ക്ക് കൂടി സർക്കാർ സാധൂകരണം വാങ്ങുന്നതിന് നടപടി സ്വീകരിക്കുവാനും സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. സാധൂകരണം ലഭ്യമാകുന്നത് സംബന്ധിച്ച വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയുടെ വാടക പിരിവ് സംബന്ധിച്ച്**

പഞ്ചായത്തുവക രാമപുരത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കെ.പി. XI/82-ാം നമ്പർ കടമുറി ശ്രീ. സുരേഷിന് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. 1,055 രൂപ പ്രതിമാസ വാടക നിശ്ചയിച്ചിട്ടുള്ള കടമുറി 1999-2000 സാമ്പത്തിക വർഷം യാതൊരു തുകയും ഈടാക്കിയതായി കാണുന്നില്ല. 1-4-1997 മുതൽ വാടക നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുള്ള ടിയാനിൽ നിന്നും തുക ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. 31-3-2000 വരെ വാടകയിനത്തിൽ മാത്രമായി പഞ്ചായത്തിനു ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1997-98 | .. | 11,484 |
| 1998-99 | .. | 12,058 |
| 1999-00 | .. | 12,660 |
| ആകെ | .. | 36,202 |

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ-3.1.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

105. "16-3-2004-ൽ 1,45,603 രൂപ (കുടിശ്ശിക 81,277+പലിശ 64,326) ഈടാക്കുന്നതിന് R.R. നൽകി. തുക അടയ്ക്കാത്തതിനാൽ OS 369/04, Sub Court III-തിരുവനന്തപുരം കേസ് ഫയൽ ചെയ്തു. കേസ് നടന്നുവരുന്നു. അടുത്ത ഹിയറിംഗ് 7-1-2008. 11,673 രൂപ, Cheque No. 157235 date 31-5-2006-ൽ പ്രകാരം കോടതിയിൽ കെട്ടിവച്ചു."

106. വാടകയിനത്തിൽ മാത്രമായി 36,202 രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ടെന്നും ആയതിന്മേൽ കേസ് നടക്കുന്നുണ്ടെന്നും 2003-04 വരെ കടമുറിയുടെ വാടകക്കുടിശ്ശിക ഈടാക്കിയിരുന്നില്ലെന്നും 2003-04-നുശേഷം വേറൊരാൾക്ക് വാടകയ്ക്ക് കൊടുക്കുകയും നിലവിൽ വാടക ലഭിക്കുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. അടയ്ക്കാനുള്ള 1,45,603 രൂപ ഈടാക്കുന്നതിന് ആർ.ആർ. നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും തുക അടയ്ക്കാത്തതിനാൽ സബ് കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. 2004-05-ൽ ജയചന്ദ്രനും അതിനുശേഷം ഹെയിൻസ് എന്നയാളിനും വാടകയ്ക്ക് കൊടുത്തിരിക്കുന്നതെന്നുമാണ് ഫയലിൽ കാണുന്നതെന്നും 7-1-2008-ൽ കേസ് ഹിയറിംഗിന് വച്ചിരിക്കുകയാണെന്നും 11,673 രൂപ കേസിനായി കോടതിയിൽ കെട്ടിവച്ചിട്ടുണ്ടെന്നും സമിതിയെ അറിയിച്ചു.

107. കുടിശ്ശിക ഈടാക്കാൻ, പ്രസ്തുത കടമുറി വാടകയ്ക്ക് കൊടുത്തിട്ടുള്ള ശ്രീ. സുരേഷ്കുമാറിന്റെ പേരിൽ നടപടിയെടുക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള 9-3-2004-ലെ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ആർ.ആർ. നോട്ടീസ് കൊടുത്തതിനുശേഷം കേസിന് പോയതെന്നും അപ്പോൾ സുരേഷ്കുമാർ വാടകമുറി ഒഴിഞ്ഞിരുന്നുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. 18-5-2004-ലെ പഞ്ചായത്ത് തീരുമാനപ്രകാരം ഒന്നോ രണ്ടോ മാസം മുടക്ക് വരുത്തിയാൽ നോട്ടീസ് കൊടുക്കാം എന്ന എഗ്രിമെന്റ് ഉണ്ടായിരുന്നെന്നും അദ്ദേഹം അറിയിച്ചു. പ്രസ്തുത തീരുമാനത്തിന്റെ നമ്പരും പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്ത പഞ്ചായത്ത് സമിതി അംഗങ്ങളുടെ പേരും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. ആർ.ആർ. നടപടി നിലനിൽക്കെ പഞ്ചായത്ത് ഫണ്ടിൽ നിന്ന് കോടതിയിൽ തുക കെട്ടിവച്ചിരിക്കുന്നത് തെറ്റായ നടപടിയാണെന്ന് സമിതി അറിയിച്ചു.

108. അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ഗോപാലകൃഷ്ണന്റെ പേരിൽ റവന്യൂ റിക്കവറി ഉണ്ടെന്നും സെക്രട്ടറി അറിയിച്ചു. കേസ് എടുക്കുന്നതിനുമുൻപ് മുൻസെക്രട്ടറിയെ കൂടി സമൺ ചെയ്യണമെന്നും അദ്ദേഹത്തിന് വിശദീകരണം നൽകാൻ അവസരം നൽകുകയും ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-8-2008-ലെ എൽ.എഫ്. 20396/ സ്പെ.സെൽ.ജി2/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

109. "2003-04-ലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-1-2008-ൽ പരാമർശിച്ചിട്ടുള്ള കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത് വക രാമപുരത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ കെ.പി. XI/82-ാം നമ്പർ കടമുറിയുടെ 1-4-1997 മുതൽ 31-3-2000 വരെയുള്ള വാടക കുടിശ്ശിക ഈടാക്കുന്നതിനായി ഒ.എസ്. 369/2004-ാം നമ്പരായി സബ്കോടതി 3, തിരുവനന്തപുരത്ത് കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും തെളിവ് ഹാജരാക്കുന്നതിനായി കേസ് 23-5-2008-ലേക്ക് മാറ്റിവച്ചതായും 22-1-2008-ൽ കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. വീഴ്ചക്കാരന്റെ പേരിൽ നിയമനടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി 9-3-2004-ലെയും 18-5-2004-ലെയും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പിൽ സൂചിപ്പിച്ചിട്ടുണ്ട്. കോടതി 23-5-2008-ൽ കേസ് വിളിച്ച് സാക്ഷി വിസ്താരത്തിനായി മാറ്റിവച്ചതല്ലാതെ അടുത്ത പരിഗണനാ തീയതി നിശ്ചയിച്ചു നൽകിയിട്ടില്ലായെന്നും, ടി വിഷയത്തിൽ മറ്റു പുരോഗതിയൊന്നും ഉണ്ടായിട്ടില്ലായെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ള വിവരവും റിപ്പോർട്ടു ചെയ്തുകൊള്ളുന്നു."

തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും 20-3-2009-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

110. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 9-3-2004-ലേയും 18-5-2004-ലേയും മീറ്റിംഗിൽ പങ്കെടുത്ത പഞ്ചായത്ത് സമിതി അംഗങ്ങളുടെ പേരുവിവരവും തീരുമാനത്തിന്റെ പകർപ്പുകളും അടങ്ങുന്ന വിശദ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കും കേരള നിയമസഭാ സെക്രട്ടറിക്കും 26-5-2008-ലെ എ2. 259/04-ാം നമ്പർ കത്തുപ്രകാരം നല്കിയിട്ടുണ്ടെന്ന വിവരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പ്രസ്തുത പരാമർശത്തെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2009-ലെ എൽ.എഫ്. 20396/സ്പെ. സെൽ/ജി2/07 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

111. "ടി വിഷയവുമായി ബന്ധപ്പെട്ട് OS-369/04 ആയി കേസ് നടന്നു വരുന്നതായും കേസിന്റെ അടുത്ത ഹിയറിംഗ് 4-8-2009-ൽ നടക്കുമെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

112. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി കേസിന്റെ പുരോഗതി അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു.**

## വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റാണികുളം പുനരുദ്ധാരണ ജോലി—അധികരിച്ച റേറ്റ് നൽകിയത്**

വട്ടിയൂർക്കാവ് റാണികുളത്തിന്റെ പുനരുദ്ധാരണ ജോലിക്ക് സർക്കാർ അംഗീകൃത നിരക്കും ജി.ഒ(പി) 218/98/എൽ.എ.ഡി. തീയതി 23-10-1998 പ്രകാരം 25% അധികം നൽകേണ്ട തുക ഉൾപ്പെടെ നൽകേണ്ടിയിരുന്ന തുകയേക്കാൾ അധികരിച്ച തുക നൽകുകവഴി 42,867 രൂപയും ഡ്രൈറബിൾ മാസനറി 1:8 അനുപാതത്തിൽ കരിങ്കല്ല് കെട്ട് എന്നിവക്ക് യഥാക്രമം 17,063, 3,218 രൂപാ വീതം അനുവദനീയമായതിനേക്കാൾ കൂടുതൽ നൽകുകവഴി ഗ്രാമപഞ്ചായത്തിന് 63,148 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.9.4)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

113. "റാണികുളം പുനരുദ്ധാരണ ജോലിക്ക് അധികമായി തുക കൈപ്പറ്റിയ ഗുണഭോക്തൃ കമ്മിറ്റി കൺവീനറായ ശ്രീ. വി. ഹരികുമാറിൽ (സൗപർണ്ണിക, നിയർ-എ.ആർ.ആർ. പബ്ലിക് സ്കൂൾ, നെട്ടയം പി.ഒ. നിന്നും തുക ഈടാക്കുന്നതിന്റെ ഭാഗമായി ഈ ആഫീസിലെ 4-1-2007-ലെ എ-967/03 നമ്പർ കത്തു പ്രകാരം അറിയിപ്പു കൊടുത്തിട്ടുണ്ടായിരുന്നു. തുക ഒടുക്കാത്ത സാഹചര്യത്തിൽ ഈ ആഫീസിലെ 29-8-2007-ൽ രജിസ്റ്റേർഡ് ആയി തുക ഒടുക്കണമെന്നു കാണിച്ച് നോട്ടീസ് (എ-967/2003) കൊടുത്ത് തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു എന്നുള്ള വസ്തുത റിപ്പോർട്ട് ചെയ്തു കൊള്ളുന്നു."

114. റാണികുളം പുനരുദ്ധാരണ ജോലിക്ക് 63,148 രൂപാ പഞ്ചായത്തിന് നഷ്ടമുണ്ടാകത്തക്ക വിധത്തിൽ കൊടുത്തിട്ടുള്ളത് സംബന്ധിച്ച് സമിതിയുടെ 27-12-2007-ലെ തെളിവെടുപ്പു യോഗത്തിൽ വിശദീകരണമാരാഞ്ഞു. ഓഡിറ്റിൽ പറഞ്ഞിട്ടുള്ള, പഞ്ചായത്തിന് നഷ്ടമുണ്ടായ 63,148 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടയ്ക്കണമെന്ന് കാണിച്ച് 4-1-2007-ൽ കൺവീനർക്ക് നോട്ടീസ് കൊടുത്തിരുന്നു

വെന്നും പണം അടയ്ക്കാത്തതിനാൽ 29-3-2007-ൽ ആർ.ആർ. നടപടിക്ക് നോട്ടീസ് കൊടുത്തുവെന്നും അതിനുശേഷം തുക അടയ്ക്കാമെന്നറിയിച്ചതല്ലാതെ തുക അടയ്ക്കുകയുണ്ടായില്ലെന്നും ആയതിന്മേൽ തുടർനടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഈ വർക്ക് ഏറ്റെടുത്ത കൺവീനർ നോട്ടീസ് കൈപ്പറ്റി രണ്ടാഴ്ച കഴിഞ്ഞ് ഗൾഫിൽ പോയെന്നും, എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ സർട്ടിഫൈ ചെയ്തിട്ടുണ്ടെന്നും എഞ്ചിനീയറുടെ പേര് അറിയില്ലെന്നും സെക്രട്ടറി അറിയിച്ചു.

115. തെളിവെടുപ്പുവേളയിൽ പഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ശരിയായ വിശദീകരണം നൽകിയില്ലെങ്കിൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിനാണെന്നും പഞ്ചായത്ത് അധികൃതരിൽ നിന്ന് മറുപടി ലഭ്യമാക്കാൻ ഡിപ്പാർട്ടുമെന്റ് ബാദ്ധ്യസ്ഥരാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതിൽ നിരുത്തരവാദപരമായ രീതി സ്വീകരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന സമിതിയുടെ അഭിപ്രായത്തിന് അപ്രകാരം പ്രവർത്തിക്കും എന്ന സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-11-2008-ലെ എൽ.എഫ്. 20396/സ്പെ. സെൽ/ജി2/07 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

116. "വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ 'റാണികുളം പുനരുദ്ധാരണം' എന്ന പദ്ധതിയിൽ (2000-01 ഓഡിറ്റ് റിപ്പോർട്ട്, ഖണ്ഡിക 47(2) സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിയുടെ മൂന്ന് ഇനങ്ങൾക്ക്-1) അസ്ഥിവാരത്തിനുള്ള മൺപണി, (2) ഡ്രൈറബിൾ പാക്കിംഗ്, (3) 1:8 അനുപാതത്തിലുള്ള സിമന്റ് ചാന്തിൽ കരിങ്കല്ല് കെട്ട് എന്നിവയ്ക്ക് അധികനിരക്ക് നല്കിയതുവഴി കൺവീനർക്ക് 63,148 രൂപ അധികം നല്കിയത് സംബന്ധിച്ചായിരുന്നു ഓഡിറ്റ് പരാമർശം. 7-8-2008-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ 26-5-2008-ലെ 4/1-ാം നമ്പർ തീരുമാനമടങ്ങിയ മിനിട്സ് ബുക്ക് ഒഴികെ മറ്റ് രേഖകളൊന്നും പരിശോധനയ്ക്ക് നല്കിയിട്ടില്ല. പണി നടന്ന് 7 വർഷത്തിന് ശേഷമുള്ള തീരുമാന പ്രകാരം ശക്തമായ മഴയിലും മറ്റും അസ്ഥിവാരം കെട്ടുവാനെടുത്ത കുഴി നികന്നു പോയതിനാൽ അധികനിരക്ക് നല്കിയിട്ടുണ്ടെന്നും ആ ചെലവ് കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പുതുക്കിയതായും പറയുന്നു. എന്നാൽ അസ്ഥിവാരമെടുക്കുവാനുള്ള പണികൾക്ക് മാത്രമല്ല മറ്റ് രണ്ടിനങ്ങൾക്കും ഉയർന്നനിരക്ക് നല്കിയിരിക്കുന്നു. ഇതിന് വിശദീകരണം നല്കിയിട്ടില്ല. മറ്റ് രേഖകളൊന്നുംതന്നെ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി തീരുമാനത്തിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുന്നു.

ജി.ഒ. (എം.എസ്.) 4/2000/പ്ളാനിംഗ്, തിരുവനന്തപുരം തീയതി 4-2-2000 ഉത്തരവിലെ ഖണ്ഡിക 5(എ) പ്രകാരം ജില്ലാ ആസൂത്രണ സമിതി അംഗീകാരം നല്കിയ പ്രോജക്ടിന്റെ പദ്ധതി വിഹിതം ഭേദഗതി ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യതിയാനം 20% വരെ മാത്രമാണെങ്കിലും ആ പ്രോജക്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാമെങ്കിലും ഭേദഗതി ചെയ്ത വിവരവും ഭരണസമിതി തീരുമാനത്തിന്റെ പ്രമേയവും ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ സമർപ്പിച്ച് സാധൂകരണം ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നല്കിയിട്ടില്ല.

ഈ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, പുതുക്കിയ എസ്റ്റിമേറ്റ്, ഡേറ്റാ, അളവ് പുസ്തകം എന്നിവ 7-8-2008-ൽ നടത്തിയ പ്രാദേശിക പരിശോധനയിലും പരിശോധനയ്ക്ക് നല്കിയില്ല. 7-8-2008-ൽ പഞ്ചായത്ത് സെക്രട്ടറി നല്കിയ മറുപടിയിലും രേഖകൾ കണ്ടെത്തി സമർപ്പിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രോജക്ട് ഫയലിന്റേയും അനുബന്ധരേഖകളുടേയും അഭാവത്തിൽ കൂടുതൽ കാര്യങ്ങൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് നല്കാത്തതിനാലും തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിലും ഓഡിറ്റ് പരാമർശം നിലനില്ക്കുകയാണെന്ന വിവരം സമിതിയെ അറിയിച്ചുകൊള്ളുന്നു".

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-3-2009-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

117. "ടി പ്രവർത്തിയുമായി ബന്ധപ്പെട്ട് അധികരിച്ച റേറ്റ്പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും സർട്ടിഫൈ ചെയ്ത എഞ്ചിനീയറെ സംബന്ധിക്കുന്ന കാര്യങ്ങൾ ഉൾപ്പെടെ ഫയലിലെ വിശദാംശങ്ങൾ അടങ്ങുന്ന റിപ്പോർട്ട് 27-5-2008-ൽ എ-967/03 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 7-8-2008-ൽ എ-967/03 നമ്പർ കത്ത്പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 7-8-2008-ൽ വന്ന് പരിശോധന നടത്തി പോയിട്ടുള്ളതുമാണെന്ന് സെക്രട്ടറി അറിയിച്ചു."

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31-8-2009-ലെ എൽ.എഫ്. 14484/സ്പെ.സെൽ/ജി2/09 നമ്പർ കത്ത്പ്രകാരം ലഭ്യമാക്കിയ വിവരം റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു :

118. "റാണിക്കുളം പുനരുദ്ധാരണ ജോലി അധികറേറ്റ് നൽകിയത് എന്ന പരാമർശത്തിനുമേൽ ആവശ്യപ്പെട്ടിരുന്ന രേഖകൾ കണ്ടെത്താനായിട്ടില്ലെന്നും നഷ്ടം ഈടാക്കിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി 10-8-2009-ലെ എ.967/03 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

119. **'റാണിക്കുളം പുനരുദ്ധാരണ ജോലി അധികരിച്ച റേറ്റ് നൽകിയത്'— എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട രേഖകൾ കണ്ടെത്താനായിട്ടില്ലെന്നും നഷ്ടം ഈടാക്കിയിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുള്ളകാര്യം സമിതി മനസ്സിലാക്കുന്നു. കൂടാതെ ഓഡിറ്റ് പരാമർശത്തിന് തൃപ്തികരമായ വിശദീകരണം നല്കാനും കഴിയാത്ത സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം കൺവീനറിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ഈടാക്കി അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## വെള്ളറട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കോവില്ലൂർ-വഴിയമ്പലം പുനരുദ്ധാരണം മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പ്രവൃത്തി ഉപേക്ഷിച്ചു**

30,000 രൂപ സാങ്കേതികാനുമതി ലഭിച്ച ടി പ്രവൃത്തിക്കുവേണ്ടി ഗുണഭോക്തൃ സമിതി ചെയർമാൻ ശ്രീ. പി. കെ. തങ്കപ്പനും കൺവീനർ ശ്രീ. എം. നെൽസണും കൂടി ചെക്ക് നമ്പർ 201053, 30-3-1999 പ്രകാരം 6,250 രൂപ മൊബിലൈസേഷൻ അഡ്വാൻസായി കൈപ്പറ്റി. എന്നാൽ 12/02-ൽ ഓഡിറ്റ് സമയത്തുപോലും യാതൊരു ജോലിയും ആരംഭിച്ചിട്ടില്ല. അഡ്വാൻസ് കൈപ്പറ്റി മൂന്നര വർഷം കഴിഞ്ഞിട്ടും പണി നടത്തി കണക്കുകളും അനുബന്ധരേഖകളും പഞ്ചായത്തിൽ ഹാജരാക്കാത്തത് കരാർ ലംഘനമാണ്. 27-12-2001-ലെ ഗവ. സർക്കുലർ 47101/ഡി.പി 1/2001/ത.സ്വ.ഭ.വ.-യിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം കൺവീനറിൽനിന്ന് 18% പലിശ സഹിതം ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡികനമ്പർ 3.1.10.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

120. "(1) 14-2-2000-ൽ ആർ.ആർ. ഡിമാന്റ് നോട്ടീസ് നല്കിയിരുന്നു.

(2) 20-3-2003-ാം തീയതി നടന്ന പഞ്ചായത്ത് കമ്മിറ്റിയുടെ VI(2)-ാം നമ്പർ തീരുമാനപ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുമെന്ന നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു.

(3) 21-7-2003-ൽ വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ A2-2261/98-ാം നമ്പർ കത്ത് പ്രകാരം നിയമനടപടി സ്വീകരിക്കുമെന്ന് നോട്ടീസ് നൽകിയിട്ടുണ്ടായിരുന്നു.

(4) 21-7-2003-ൽ A2-759-ാം നമ്പർ നോട്ടീസ് പ്രകാരം ജംഗമവസ്തുക്കൾ വാറണ്ടിൻ പ്രകാരം ജപ്തി ചെയ്ത് മുതൽകൂട്ടുന്ന വിവരം കാണിച്ച് നോട്ടീസ് നൽകി.

(5) റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ബഹു. ജില്ലാ കളക്ടറോട് ഈ ആഫീസിലെ 13-12-2007-ാം തീയതിയിലെ A2-879/07-ാം നമ്പർ കത്ത് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്."

121. കോവിലൂർ വഴിയമ്പലം പുനരുദ്ധാരണത്തിന് മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയശേഷം പ്രവൃത്തി ഉപേക്ഷിച്ചതിന്മേൽ ഗുണഭോക്തൃ ചെയർമാന്റെ പേരിലും കൺവീനറുടെ പേരിലും എന്തു നടപടി സ്വീകരിച്ചുവെന്ന സമിതിയുടെ (6-2-2008-ലെ യോഗം) ചോദ്യത്തിന് 7-1-2008-ൽ ജില്ലാകളക്ടറുടെ ഓഫീസിൽ നിന്ന്

6,250 രൂപ ആർ.ആർ. നടപടിയിലൂടെ ഈടാക്കാൻ തഹസിൽദാർക്ക് നിർദ്ദേശം നല്കിയതായി അറിയിപ്പ് ലഭിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി പറഞ്ഞു. എന്നാൽ തഹസിൽദാറിന്റെ ഓഫീസിൽ നിന്നും ടി പരാമർശത്തിനുള്ള അറിയിപ്പ് പഞ്ചായത്തിന് ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു.

122. എന്നാൽ ഇത് 1998-99-ലെ വിഷയമാണെന്നും കൺവീനറിൽ നിന്നും അഡ്വാൻസ് നൽകിയ തുക പലിശ സഹിതം ഈടാക്കണമെന്നാണ് പറഞ്ഞിരിക്കുന്നതെന്നും ഇനിയും ഇത് നീട്ടിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ലെന്നും 20-3-2003-ൽ ഒരു നടപടിക്ക് നോട്ടീസ് കൊടുത്തതിനുശേഷം 4 വർഷം കഴിഞ്ഞാണ് വീണ്ടും പ്രതികരിക്കുന്നതെന്നും ഇത് പഞ്ചായത്ത് അധികൃതരുടെ അനാസ്ഥയാണെന്നും രണ്ടാഴ്ചയ്ക്കുള്ളിൽ തുടർനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെട്ടു.

നോട്ടീസ് കൊടുത്തിട്ടുള്ള വ്യക്തിക്ക് എതിരെ സ്വീകരിച്ച ജപ്തി നടപടി എന്തായെന്നും അതു സംബന്ധിച്ച ഫയൽ നിലവിലുണ്ടോയെന്നും അയാൾക്ക് സ്വത്തുക്കൾ ഉണ്ടോ, ടി വ്യക്തി ജീവിച്ചിരിപ്പുണ്ടോ എന്നീ കാര്യങ്ങൾ അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വ്യക്തി ജീവിച്ചിരിപ്പുണ്ടെന്നും അയാൾക്ക് വീടുണ്ടെന്നും എന്നാൽ അത് പോയി പരിശോധിച്ചിട്ടില്ലെന്നും അന്നത്തെ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് കൺവീനറെ തെരഞ്ഞെടുത്തതെന്നും സെക്രട്ടറി അറിയിച്ചു. ഒന്നുകിൽ കളക്ടർ മുഖാന്തിരം ആർ.ആർ. നടപടി ത്വരിതപ്പെടുത്തണമെന്നും അല്ലെങ്കിൽ സെക്രട്ടറി നേരിട്ട് നടപടിയെടുത്ത് രണ്ടാഴ്ചക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഡയറക്ടറുടെ 25-6-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ/ ജി2/07 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവരങ്ങൾ ചുവടെ ചേർക്കുന്നു :

123. "തിരുവനന്തപുരം ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടി സ്വീകരിച്ച രസീതിന്റെ പകർപ്പും വെള്ളറട വില്ലേജ് ആഫീസർ കുടിശ്ശിക തുക അടയ്ക്കാത്തതിനാൽ കക്ഷികൾക്കെതിരെ ജപ്തി നടപടി സ്വീകരിച്ച് വരുന്നതായി റിപ്പോർട്ട് ചെയ്ത വിവരവും വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്."

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എ.ബി. 1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

124. "ടി പ്രവൃത്തിയുടെ കൺവീനർ ശ്രീ. നെൽസൺ, ചെയർമാനായ ശ്രീ. തങ്കപ്പൻ എന്നിവർക്കെതിരെ പുറപ്പെടുവിച്ചിട്ടുള്ള ഡി.6/936/08-ജെ.ആർ.വൈ. റിക്കവറി നടപടി നിറുത്തിവയ്ക്കണമെന്ന് കാണിച്ച് ടി കക്ഷികൾ കേരള നിയമസഭാ പെറ്റിഷൻസ് കമ്മിറ്റിക്ക് ഹർജി സമർപ്പിക്കുകയും, ടി ഹർജി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിനായി ബഹു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ 13-5-2008-ലെ സി3/4832/08 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുന്നതനുസരിച്ച് ടി വിഷയം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യുകയും ടി പണി നടത്തിയതിന്റെ മെഷർമെന്റ് എടുത്തു നൽകുന്നതിന് വെള്ളറട

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി.-യെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം മെഷർമെന്റ് നടത്തി നൽകാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. "

പ്രസ്തുത പ്രവൃത്തിയിന്മേൽ എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-8-2009-ലെ എൽ.എഫ്. 14215/സ്പെ.സെൽജി2/09 നമ്പർ കത്തുപ്രകാരം റിപ്പോർട്ട് ചെയ്ത വസ്തുത ചുവടെ ചേർത്തിരിക്കുന്നു :

125. "മൊബിലൈസേഷൻ അഡ്വാൻസ് തിരികെ ഈടാക്കാനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2-1-2009-ലെ എ1. 759/07 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാകളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 3-6-2009-ൽ തയ്യാറാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം 3,597 രൂപയുടെ പ്രവൃത്തി ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിനുശേഷം വഴിയമ്പലം പൊളിഞ്ഞു വീണതായും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

126. **കോവില്ലൂർ-വഴിയമ്പലം പുനരുദ്ധാരണം മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പ്രവൃത്തി ഉപേക്ഷിച്ചു എന്ന പരാമർശത്തിന്മേൽ ഗുണഭോക്തൃ കമ്മിറ്റി ചെയർമാൻ ശ്രീ. തങ്കപ്പൻ, കൺവീനർ, ശ്രീ. നെൽസൺ എന്നിവർക്കെതിരെയുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## വാമനപുരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ജനറൽ പി.ഡി. ചെക്കിൽ തിരിമറി നടത്തി 7,75,984 രൂപ അപഹരിച്ചു**

വാമനപുരം ഗ്രാമപഞ്ചായത്തിന്റെ 2001-2002 സാമ്പത്തിക വർഷത്തെ ജനറൽ പി.ഡി. ചെലവുകൾ പരിശോധിച്ചതിൽ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. ജനറൽ പി.ഡി. ക്യാഷ്ബുക്കിൽ വൗച്ചറിൻ പ്രകാരം എഴുതിയ തുകകൾ അതാത് ചെക്കിന്റെ കൗണ്ടർ ഫോയിലിൽ അതേ തുകതന്നെ രേഖപ്പെടുത്തുകയും എന്നാൽ വളരെ അധികരിച്ച് തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചതിലൂടെ തൻവർഷം ആകെ 7,75,984 രൂപ അപഹരിച്ചു. പ്രസ്തുത പണം അനധികൃതമായി പിൻവലിച്ചതിന് ഉത്തരവാദിയായ സെക്രട്ടറിയുടെ മേൽ വകുപ്പുതല നടപടികൾ ഉൾപ്പെടെയുള്ള എല്ലാ നിയമനടപടികളും അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.11.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി. 1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

127. "(1) പഞ്ചായത്ത് കമ്മിറ്റി 20-7-2004-ൽ ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്ത് കാരണക്കാരായ ജീവനക്കാരിൽ നിന്നും തുക നഷ്ടപ്പെട്ടതിന്മേൽ വിശദീകരണം തേടുന്നതിന് തീരുമാനിച്ചു.

(2) പ്രസ്തുത കാലയളവിൽ സേവനത്തിലുണ്ടായിരുന്ന ബന്ധപ്പെട്ട ജീവനക്കാർക്ക് രജിസ്റ്റേർഡ് നോട്ടീസ് നല്കിയിട്ടുണ്ട്.

(3) ഓഡിറ്റ് പരാമർശത്തിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ആദ്യ മറുപടി സമർപ്പിച്ചിട്ടുണ്ട്.

(4) പഞ്ചായത്ത് വകുപ്പുതല അന്വേഷണം പൂർത്തിയായി എങ്കിലും വിജിലൻസ് അന്വേഷണം പൂർത്തിയാക്കിയ വിവരം കോടതിയിൽ ധരിപ്പിച്ചിട്ടില്ല.

(5) കോടതി നടപടി ആരംഭിക്കുന്നതിൽ കാലതാമസം വരുമെന്നതിനാൽ 2004-2005-ൽ പഞ്ചായത്തുതന്നെ ബഹു. ജില്ലാകളക്ടർ മുഖേന ധനാപഹരണം നടത്തിയ അന്നത്തെ സെക്രട്ടറി ശ്രീമതി പുഷ്പരത്ന ത്തിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുകയായ 7,75,984 രൂപ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു. 21-7-2006 മുതൽ ഗഡുക്കളായി തുക വസൂലാക്കി വരുന്നു. നാളിതുവരെ 2,68,032 രൂപ റവന്യൂ റിക്കവറി നടപടി വഴി പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. "

128. സമിതിയുടെ 6-2-2008-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ ജനറൽ പി.ഡി. ചെക്കിൽ തിരിമറി നടത്തി 7,75,984 രൂപ അപഹരിച്ചത് സംബന്ധിച്ച് പോലീസ് കേസുണ്ടോയെന്നും അതിന്മേൽ എന്തു നടപടിയെടുത്തുവെന്നും സമിതി ആരാഞ്ഞതിന് വിജിലൻസ് കേസ് നിലവിലുണ്ടെന്നും സെക്രട്ടറിയെ സസ്പെന്റു ചെയ്യുകയും അതിനുശേഷം ജില്ലാകളക്ടറുടെ ആർ.ആർ. നടപടിയിലൂടെ ഈ തുക ഈടാക്കിക്കൊണ്ടിരിക്കുകയാണെന്നും വാമനപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

129. ഇത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന സമിതിയുടെ ചോദ്യത്തിന് വകുപ്പുതലത്തിൽ അന്വേഷണം നടത്തി പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇപ്പോൾ പോലീസിന്റെ റിപ്പോർട്ട് അനുസരിച്ചാണ് ഇത് വിജിലൻസ് അന്വേഷണത്തിന് വിട്ടിരിക്കുന്നതെന്നും നാലുപേർക്കെതിരെ നടപടി യെടുത്ത് അവരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി പെൻഷനായെന്നും പെൻഷൻ ആനുകൂല്യങ്ങൾ കൊടുത്തിട്ടില്ലെന്നും അന്നത്തെ സെക്രട്ടറിയായിരുന്ന പുഷ്പരത്നമാണ് 7,75,984 രൂപയുടെ ധനാപഹരണം നടത്തിയതെന്ന് തെളിഞ്ഞിട്ടു ണ്ടെന്നും അവർക്കെതിരെ പഞ്ചായത്ത് കമ്മിറ്റി തന്നെ തീരുമാനമെടുത്ത് ആർ.ആർ. നടപടി മുഖേന ഗഡുക്കളായി തുക ഈടാക്കാൻ തീരുമാനിക്കുകയും അപ്രകാരം 2,68,032 രൂപ വസൂലാക്കിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടറേറ്റ് സീനിയർ ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

130. ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് കൊടുക്കുവാൻ ഗവൺമെന്റിനല്ലാതെ പോലീസിന് അധികാരമില്ലെന്നും വകുപ്പുതല നടപടിയെന്ന നിലയിൽ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കും എന്നല്ലാതെ മിസ്അപ്രോപ്രിയേഷന് കേസ് രജിസ്റ്റർ ചെയ്താൽ ആ കേസ് റഫർ ചെയ്യുകയോ ചാർജ് ഷീറ്റ് ഫയൽ ചെയ്യുകയോ അല്ലാതെ പോലീസിന് മറ്റു നടപടികളൊന്നും തന്നെയില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

131. മുൻ സെക്രട്ടറി പണാപഹരണം നടത്തിയതായി സംശയാതീതമായി തെളിഞ്ഞിട്ടുണ്ടെന്ന് കാണിച്ചുകൊണ്ട് 5-5-2005-ൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ടായിരുന്നെന്ന് എസ്.എഫ്.ഒ. സമിതിയിൽ വെളിപ്പെടുത്തി. സംശയാതീതമായി തെളിഞ്ഞിട്ടുണ്ടെന്ന കാരണത്താൽ കോടതിക്ക് പണാപഹരണത്തിന് ശിക്ഷ കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുകയും പ്രസ്തുത വിഷയം കോടതിയുടെ മുമ്പാകെ എത്തിച്ചിട്ടുണ്ടോയെന്നും പോലീസ് കേസിന്റെ എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

132. ചെക്കിന്റെ കൗണ്ടർ ഫോയിലിൽ ഒരു തുകയെഴുതുകയും ചെക്കിൽ മറ്റൊരു തുക എഴുതുകയും വൗച്ചറും കൗണ്ടർഫോയിലും ഒന്നാക്കുകയും ഇത്തരത്തിൽ 7 ലക്ഷത്തിൽപ്പരം രൂപയുടെ പണാപഹരണം നടത്തുകയും ചെയ്ത വ്യക്തിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാത്തതെന്താണെന്നും എഫ്.ഐ.ആർ. ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്നും സമിതി ആരാഞ്ഞു.

133. അന്വേഷണം നടത്തി കുറ്റക്കാരനെന്ന് കണ്ടെത്തിയതിനുശേഷം വകുപ്പുതല നടപടി സ്വീകരിക്കാത്തതിൽ നിന്നും കുറ്റക്കാരെ രക്ഷിക്കാൻ ശ്രമിക്കുന്നതായിട്ടാണ് സമിതിക്ക് മനസ്സിലാകുന്നതെന്നും മിസ്അപ്രോപ്രിയേഷൻ ക്രിമിനൽ കുറ്റമാണെന്നും അതിന് തടവ് ശിക്ഷയാണ് ലഭിക്കുന്നതെന്നും വകുപ്പുതല നടപടിയെന്നത് സസ്പെൻഷനോ ഡിസ്മിസലോ ആണെന്നും ഇത്രയും വലിയതുക പണാപഹരണം നടത്തി കുറ്റക്കാരനെന്ന് തെളിഞ്ഞിട്ടും നടപടി സ്വീകരിക്കാത്തത് ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായ കടുത്ത അനാസ്ഥയാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഇതു സംബന്ധിച്ച് കേസ് ഉണ്ടോ, എങ്കിൽ ചാർജ് ഷീറ്റ് നൽകിയിട്ടുണ്ടോ, അതിന്റെ നടപടി എന്തായി; ഡിപ്പാർട്ട്മെന്റിൽ നിന്ന് എന്ത് ആക്ഷൻ എടുത്തു; എന്നീ കാര്യങ്ങൾ സംബന്ധിച്ച വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് ഒരാഴ്ചക്കകം ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-3-2009-ലെ 73811/എ.ബി. 1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ഇപ്രകാരമാണ് :

134. "കോടതി നടപടി ആരംഭിക്കുന്നതിൽ കാലതാമസം വരുമെന്നതിനാൽ പഞ്ചായത്ത് തന്നെ ബഹു. ജില്ലാ കളക്ടർ മുഖേന ധനാപഹരണം നടത്തിയ അന്നത്തെ സെക്രട്ടറി ശ്രീമതി പുഷ്പരത്നത്തിൽ നിന്നും പഞ്ചായത്തിന് നഷ്ടപ്പെട്ട തുകയായ 7,75,984 രൂപ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും നാളിതുവരെ 3,63,032 രൂപ റവന്യൂ റിക്കവറി നടപടിവഴി പഞ്ചായത്തിനു ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്തുസെക്രട്ടറി അറിയിച്ചിട്ടുണ്ട്."

ഓഡിറ്റ് പരാമശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31-8-2009-ലെ എൽ.എഫ്. 14484/സ്പെ.സെൽ/ജി2/09 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

135. "ജനറൽ പി.ഡി. ചെക്കിൽ തിരിമറി നടത്തി 7,75,984 രൂപ എന്ന പരാമർശ ത്തിലെ 4,88,032 രൂപ റവന്യൂ റിക്കവറി പ്രകാരം ഈടാക്കിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 7-8-2009-ലെ എ1-1996/09 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ബാക്കി 2,87,952 രൂപ ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

136. **'ജനറൽ പി.ഡി. ചെക്കിൽ തിരിമറി നടത്തി 7,75,984 രൂപ അപഹരിച്ചു' എന്ന പരാമർശത്തിൽ പരാമർശവിധേയയായ സെക്രട്ടറി ശ്രീമതി പുഷ്പരത്നത്തിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ബാക്കി ഈടാക്കേണ്ടതായ തുക (2,87,952 രൂപ) അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കറണ്ട് ചാർജ് ഒടുക്കിയതിലുള്ള സർച്ചാർജ്ജ് തുക 10,500 രൂപ അംഗീകരിക്കുന്നില്ല**

ആനാംകുഴി യു.പി. സ്കൂളിന് വേണ്ടി (കൺസ്യൂമർ നമ്പർ 3536) 1,295 രൂപയും പഞ്ചായത്ത് ഓഫീസിലെ രണ്ടാം നിലയിലുള്ള കൺസ്യൂമർ നമ്പർ 2275-ന് വേണ്ടി 9,205 രൂപയും കൂടി ആകെ 10,500 രൂപ സർച്ചാർജ്ജ് ഇനത്തിൽ ഇലക്ട്രിസിറ്റി ബോർഡിൽ അടച്ചിട്ടുണ്ട്. യഥാസമയം കറണ്ട് ചാർജ് ഒടുക്ക് വരുത്താതെ പഞ്ചായത്തിന് നഷ്ടം ഉണ്ടാക്കിയ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും 10,500 രൂപ ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.11.2 )

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-07-ലെ 73811/എ.ബി. 1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർത്തിരിക്കുന്നു :

137. "(1) പഞ്ചായത്ത് കമ്മിറ്റി 20-7-2004-ൽ റിപ്പോർട്ട് അംഗീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുന്നതിനും തീരുമാനിച്ചു.

(2) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് രജിസ്റ്റേർഡ് നോട്ടീസ് നൽകി.

(3) സമയബന്ധിതമായി തുക ഒടുക്കു വരുത്തുന്നതിന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. രാമചന്ദ്രൻ നായർക്കും സർവ്വീസിലുള്ള ശ്രീമാൻ ശ്രീകണ്ഠൻ നായർക്കും നോട്ടീസ് നൽകിയിട്ടുണ്ട്."

138. കറണ്ട് ചാർജ് ഒടുക്കാത്തതുമൂലം അടയ്ക്കേണ്ടിവന്ന സർച്ചാർജ്ജ് തുക എത്രയാണെന്നും എന്തുകൊണ്ടാണ് കറണ്ട് ചാർജ് സമയത്ത് അടയ്ക്കാതിരുന്നതെന്നും സമിതി ആരാഞ്ഞതിന് 10,500 രൂപയാണ് സർച്ചാർജ്ജിനത്തിൽ നഷ്ടം

വന്നിട്ടുള്ളതെന്നും 17,408 രൂപ ഇനി അടയ്ക്കാനുണ്ടെന്നും പഞ്ചായത്ത് തീരുമാന പ്രകാരമാണ് തുക അടച്ചിട്ടുള്ളതെന്നും മുഴുവൻ അടയ്ക്കാൻ വേണ്ടി പഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും അതിന്റെ മിനിട്സ് വിജിലൻസിന്റെ കയ്യിലായതുകൊണ്ട് നോക്കാൻ കഴിഞ്ഞിട്ടില്ലെന്നും വാമനപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 6-2-2008-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചു.

139. 1996 മുതൽ 2000 വരെ പ്രസ്തുത പഞ്ചായത്തിൽ സെക്രട്ടറിയായിരുന്ന ശ്രീകണ്ഠൻ നായർ ഇതു സംബന്ധിച്ച് നല്കിയ വിശദീകരണം ഇപ്രകാരമാണ് : ആ കാലയളവിൽ ഓഫീസ് പ്രവർത്തിച്ചിരുന്നത് പഞ്ചായത്ത് കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയിലായിരുന്നെന്നും രണ്ടാമത്തെ നിലയിൽ നാല് ലോഡ്ജ് മുറികളുണ്ടായിരുന്നെന്നും ആ മുറികൾ നാലുപേർക്ക് വാടകയ്ക്ക് കൊടുത്തിട്ടുണ്ടായിരുന്നെന്നും അന്ന് പ്രസ്തുത ലോഡ്ജ് മുറികളിലെ കറണ്ട് ചാർജ് അടയ്ക്കണമെന്ന് കാണിച്ച് മുൻ സെക്രട്ടറിക്ക് ഡിമാന്റ് ബിൽ വന്നില്ലായിരുന്നെന്നും പ്രസ്തുത കറണ്ട് ചാർജ് ലോഡ്ജിൽ താമസിക്കുന്നവർ അടച്ചുകൊണ്ടിരിക്കുകയായിരുന്നെന്നും 2001-ൽ പുതിയ ഭരണസമിതി വരികയും അന്നത്തെ സെക്രട്ടറി ആ ലോഡ്ജ് മുറികൾ ഇടിച്ച് ഓഫീസ് മുകളിലേക്ക് മാറ്റുകയും ആ സമയത്ത് വാടകക്കാരിൽ നിന്ന് കറണ്ട് ചാർജ് ഈടാക്കാതെ പഞ്ചായത്ത് ഫണ്ടിൽനിന്ന് അടക്കുകയാണുണ്ടായതെന്നും മുൻസെക്രട്ടറി സമിതിയെ അറിയിച്ചു.

140. യഥാസമയം കറണ്ട് ചാർജ് അടയ്ക്കാതെ പഞ്ചായത്തിന് നഷ്ടം വരുത്തിയ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്ന് തുക ഈടാക്കണമെന്നുള്ള 26-6-2001-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാൻ സമിതി ആവശ്യപ്പെട്ടു. 2001-ൽ ശ്രീ. രാമചന്ദ്രൻ ആയിരുന്നു സെക്രട്ടറി യെന്നും അദ്ദേഹമാണ് മുറികൾ ഇടിച്ചു നിരത്തിയതെന്നും കുടിശ്ശിക വരുത്തിയിട്ടുള്ള തെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇത് സംബന്ധിച്ച നോട്ടീസ് ഒന്നും ലഭിച്ചിരുന്നില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

141. മുൻസെക്രട്ടറി ചാർജുണ്ടായിരുന്നപ്പോഴുള്ള വാടക വാങ്ങിയിട്ടുണ്ടോയെന്നും വാടകക്കാർ തന്നെ കറണ്ട് ചാർജ് അടയ്ക്കണമെന്ന എഗ്രിമെന്റുണ്ടായിരുന്നോയെന്നും ഇതു സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ സാധിക്കുമോയെന്നും സമിതി ആരാഞ്ഞതിന് മുൻസെക്രട്ടറിയുടെ കാലഘട്ടത്തിലുള്ളതിനെല്ലാം നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും അതിന്റെ രേഖകൾ ഫയലിലുണ്ടെന്നും വാടകക്കാർ തന്നെ അടയ്ക്കണമെന്ന് എഗ്രിമെന്റുണ്ടായിരുന്നെന്നും ഇതിന്റെ രേഖകൾ പഞ്ചായത്തിലുണ്ടെന്നും മുൻസെക്രട്ടറി സമിതിയെ അറിയിച്ചു.

142. ഇതു സംബന്ധിച്ച് രേഖകൾ ഫയലിലുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പഴയ ഫയൽ നോക്കിയില്ലെന്നും ഓഫീസ് ഷിഫ്റ്റ് ചെയ്തപ്പോൾ കുറച്ചു ഫയലുകൾ കാണാതായിട്ടുണ്ടെന്നും കറണ്ട് ചാർജ് സംബന്ധിച്ച ഫയൽ അക്കൂട്ടത്തിൽ കൈമോശം വന്നുപോയിരിക്കാമെന്നും ആയത് കണ്ടുകിട്ടിയില്ലെന്നും സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മറുപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും നിയമസഭാക്കമ്മിറ്റി മുമ്പാകെ ഇത്തരത്തിൽ മറുപടി നൽകുന്നത് ശരിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടു. മേല്പറഞ്ഞ ഓഡിറ്റ് തടസ്സം സംബന്ധിച്ച് നടപടി സ്വീകരിച്ച് ഒരു മാസത്തിനുള്ളിൽ വിശദവിവരം ഓഡിറ്റ് വകുപ്പിനെ

അറിയിക്കണമെന്നും അല്ലാത്തപക്ഷം സെക്രട്ടറിയുടെമേൽ ലയബിലിറ്റി ഫിക്സ് ചെയ്ത് പഞ്ചായത്തിനു നേരിട്ട നഷ്ടം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും സമിതി മുന്നറിയിപ്പു നൽകി.

പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13-10-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ/ജി2/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു:

143. "യഥാസമയം വാടകയും വൈദ്യുതി ചാർജ്ജും ഈടാക്കാത്ത മുൻസെക്രട്ടറി ശ്രീ. സി. ശ്രീകണ്ഠൻ നായർക്ക് ഉത്തരവാദിത്തത്തിൽനിന്ന് ഒഴിയാനായില്ല. യഥാസമയം നടപടി എടുത്തതായി പറയുന്നുവെങ്കിലും ആയതു സ്ഥാപിക്കാൻ രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മറുപടി സ്വീകാര്യമല്ല. പക്ഷേ പിന്നീട് തുക ഒടുക്കിയ സെക്രട്ടറി ശ്രീ. രാമചന്ദ്രൻ നായർ ഈ നഷ്ടം ബന്ധപ്പെട്ട വാടകക്കാർ/ പി.റ്റി.എ. എന്നിവരിൽനിന്നും ഈടാക്കാൻ നടപടി എടുക്കാത്തതും വീഴ്ച തന്നെയാണ്.

പ്രാദേശിക പരിശോധനയിലും ഇതുമായി ബന്ധപ്പെട്ട യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല."

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എബി1/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭിച്ച ഇപ്രകാരമാണ്:

144. "10,500 രൂപ ഈടാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് രജിസ്റ്റേർഡ് നോട്ടീസ് നൽകി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

സമിതി നിർദ്ദേശപ്രകാരമുള്ള SPAO-യുടെ അന്വേഷണ റിപ്പോർട്ട്-തദ്ദേശസ്വയം ഭരണവകുപ്പിൽനിന്നും 20-4-2009-ലെ 40656/എബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർത്തിരിക്കുന്നു :

145. "ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 26-3-2008-ലെ ഉത്തരവു പ്രകാരം വാമനപുരം ഗ്രാമപഞ്ചായത്തിലെ മുൻസെക്രട്ടറിമാരായിരുന്ന ശ്രീ. സി. ശ്രീകണ്ഠൻ നായർ, ശ്രീ. എം. രാമചന്ദ്രൻ നായർ എന്നിവരുടെ അപേക്ഷകളിന്മേൽ പുനരന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ട്

പഞ്ചായത്ത് ഓഫീസിൽ പഞ്ചായത്ത് വക മുറികൾ വാടകയ്ക്ക് കൊടുത്തിരിക്കുന്നതിന്റെ രേഖകൾ ലഭ്യമായിരുന്നില്ല. ലഭ്യമായ രേഖകൾ പരിശോധിച്ചും 1997-98 മുതലുള്ള സംഭവങ്ങളറിയാമായിരുന്ന വ്യക്തികളുമായി സംസാരിച്ചും ലഭിച്ച വിവരങ്ങൾ വെച്ചുകൊണ്ടാണ് ടി റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ശ്രീ. സി. ശ്രീകണ്ഠൻ നായർ വാമനപുരം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്നത് 7-11-2000 മുതൽ 13-4-2006 വരെയുള്ള കാലഘട്ടത്തിലാണ്. അതിനുശേഷം ശ്രീ. എം. രാമചന്ദ്രൻ നായർ സെക്രട്ടറിയായിരുന്ന കാലഘട്ടത്തിലാണ് വിദ്യുത്ച്ഛക്തി ബോർഡിൽ നിന്നും പിഴപ്പലിശയടക്കമുള്ള ഡിമാന്റ് നോട്ടീസ് ലഭിക്കുന്നതും ടിയാൻ തുക അടയ്ക്കുകയും ചെയ്യുന്നത്.

പഞ്ചായത്ത് ഓഫീസിന്റെ മുകളിലുള്ള പഞ്ചായത്തുവക 4 ലോഡ്ജ് മുറികൾ 4 വ്യക്തികൾക്ക് 1994 മുതൽ വാടകയ്ക്ക് കൊടുത്തിരുന്നു. എന്നാൽ 3 മുറികൾ 3 പ്രബല രാഷ്ട്രീയ പാർട്ടികളുടെ പ്രാദേശിക ഓഫീസായും 4-ാമത്തെ മുറി ഒരു സാമുദായിക സംഘടനയുടെ ഓഫീസായും പ്രവർത്തിച്ചു വരികയായിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. പഞ്ചായത്ത് ഓഫീസിൽ ലഭ്യമായ ഇലക്ട്രിസിറ്റി ബിൽ രജിസ്റ്റർ അനുസരിച്ച് ലോഡ്ജ് മുറികൾക്കുള്ള വൈദ്യുത മീറ്ററിനെക്കുറിച്ചുള്ള വിവരങ്ങൾ പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. പ്രസ്തുത രജിസ്റ്ററനുസരിച്ച് പഞ്ചായത്ത് വൈദ്യുതി ചാർജ് അടയ്ക്കേണ്ട കൺസ്യൂമർ നമ്പർ ലിസ്റ്റിൽ പ്രസ്തുത മീറ്റർ നമ്പർ ഉണ്ടായിരുന്നില്ല. പ്രസ്തുത ലോഡ്ജ് മുറിയുടെ വൈദ്യുതി ചാർജ് വാടകയ്ക്ക് എടുക്കുന്നവർ തന്നെ അടയ്ക്കേണ്ടതാണെന്നാണ് മനസ്സിലാക്കുവാൻ സാധിച്ചത്. അതു സംബന്ധിച്ച ഡിമാന്റ് നോട്ടീസ് വിദ്യുത്ച്ഛക്തി ബോർഡിൽ നിന്നും പഞ്ചായത്തിൽ ലഭിച്ചിരുന്നില്ലായെന്നും മനസ്സിലാക്കുന്നു.

വാടകക്കാർ വാടക കുടിശ്ശിക വരുത്തിയ കാരണം കൊണ്ട് വാടകക്കാരെ ഒഴിപ്പിക്കുന്നതിനുവേണ്ടി അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ശ്രീകണ്ഠൻ നായർ നടപടികൾ സ്വീകരിക്കുകയും അത് പോലീസ് കേസിൽ കലാശിക്കുകയും ചെയ്തിരുന്നു. വാടകക്കാരെ ഒഴിപ്പിച്ച മുറയ്ക്കുതന്നെ ശ്രീ. ശ്രീകണ്ഠൻ നായർക്ക് സ്ഥലം മാറ്റം ലഭിച്ചു പഞ്ചായത്തിൽ നിന്നും പോകേണ്ടി വരുകയും ചെയ്തു. അതേ സമയം പ്രസ്തുത മുറികളിലേക്കുള്ള വൈദ്യുതി ബന്ധവും വിച്ഛേദിക്കുകയുണ്ടായി.

ശ്രീ. എം. രാമചന്ദ്രൻ നായർ വാമനപുരം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായി ചാർജ് എടുത്തപ്പോൾ വാടകക്കാർ മുറിയൊഴിഞ്ഞു പോയിരുന്നു. അതേത്തുടർന്ന് പഞ്ചായത്ത് ഓഫീസ് പ്രസ്തുത മുറികളിലേക്കുകൂടി വ്യാപിപ്പിക്കുകയും അതിനു വേണ്ടി വിച്ഛേദിക്കപ്പെട്ട വൈദ്യുതി ബന്ധം പുനഃസ്ഥാപിക്കുന്നതിനായി 1995 മുതൽക്കുള്ള കുടിശ്ശികയും പിഴപ്പലിശയും കൂടിച്ചേർത്ത് ബിൽ ഒടുക്കേണ്ടി വരുകയും ചെയ്തു. രാഷ്ട്രീയ പാർട്ടികളുടേയും സാമുദായിക സംഘടനകളുടേയും അധീനതയിലുണ്ടായിരുന്ന മുറികളുടെ വൈദ്യുതി കുടിശ്ശിക അവർ മുറികൾ ഒഴിഞ്ഞ മുറയ്ക്കാണ് ഡിമാന്റ് നോട്ടീസായി പഞ്ചായത്തിന് ലഭ്യമായത്. 1996 മുതൽ 2000 വരെ സെക്രട്ടറിയായിരുന്ന ശ്രീ. ശ്രീകണ്ഠൻ നായരുടെ കാലഘട്ടത്തിൽ അത്തരമൊരു കൺസ്യൂമർ നമ്പർ ഉള്ളതായി പഞ്ചായത്ത് രേഖപ്രകാരം അറിയാമായിരുന്നില്ല. അതിനാൽ അക്കാലത്തെ കുടിശ്ശിക വന്നതിന് ശ്രീ. ശ്രീകണ്ഠൻ നായരെ ഉത്തരവാദിയാക്കുന്നത് ശരിയല്ല.

പഞ്ചായത്തിന്റെ പ്രവർത്തനം മുകളിലത്തെ മുറിയിലേക്ക് വ്യാപിപ്പിക്കുന്നതിന് വൈദ്യുതി ലഭ്യമാക്കുക എന്നുള്ളത് പുതുതായി ചാർജെടുത്ത ശ്രീ. എം. രാമചന്ദ്രൻ നായർക്ക് ഒഴിവാക്കാൻ കഴിയാത്ത കാര്യമായിരുന്നു. കുടിശ്ശിക അടയ്ക്കാതെ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുവാൻ കഴിയുമായിരുന്നില്ല. അതിനാലായിരിക്കണം കുടിശ്ശികയും പിഴപ്പലിശയും കൂടി ചേർത്ത് വൈദ്യുതി ചാർജ് ശ്രീ. എം. രാമചന്ദ്രൻ നായർ അടയ്ക്കാൻ ഇടയായത്.

എന്നാൽ 1995 മുതലുള്ള കുടിശ്ശിക എന്തുകൊണ്ട് ആ സമയം വരെ വിദ്യുത്ച്ഛക്തി ബോർഡ് ആവശ്യപ്പെട്ടിരുന്നില്ലായെന്ന് അന്വേഷിക്കുന്നതിനുള്ള

ഉത്തരവാദിത്വം ശ്രീ. എം. രാമചന്ദ്രൻ നായർക്കുണ്ടായിരുന്നു. ഇക്കാര്യത്തിൽ അദ്ദേഹം വേണ്ടവിധം ശ്രദ്ധിച്ചിട്ടില്ല. പഞ്ചായത്ത് രജിസ്റ്ററിലില്ലായിരുന്ന ഒരു കൺസ്യൂമർ നമ്പറിന് പുതുതായി എങ്ങിനെ ഡിമാന്റ് നോട്ടീസ് വന്നുവെന്നും അനധികൃതമായി പഞ്ചായത്ത് മുറികൾ ഉപയോഗിച്ചിരുന്ന സംഘടനകൾ ഒഴിഞ്ഞു പോയശേഷം മാത്രം വൈദ്യുതി ബന്ധം വിച്ഛേദിക്കുവാനുണ്ടായ സാഹചര്യം എന്നിവയെക്കുറിച്ച് വിദ്യുത്ച്ഛക്തി ബോർഡുമായി ഒരന്വേഷണം നടത്താൻ ശ്രമിക്കാതിരുന്നത് ശ്രീ. എം. രാമചന്ദ്രൻ നായർ വരുത്തിയ വീഴ്ചയാണ്.

എന്നാൽ ഒഴിവാക്കാനാവാതെ സാഹചര്യത്തിൽ കുടിശ്ശികയും പിഴപ്പലിശയും അടയ്ക്കേണ്ടി വന്നതിന് അദ്ദേഹത്തെ ശിക്ഷിക്കുന്നതും ശരിയാണെന്നും തോന്നുന്നില്ല. പിഴപ്പലിശ അടച്ചതിന് തടസ്സവാദമുന്നയിച്ച ഓഡിറ്റ് പിഴപ്പലിശ അടയ്ക്കാനുണ്ടായ സാഹചര്യം വേണ്ടവിധം വിലയിരുത്തിയതായി തോന്നുന്നില്ല. അതിനാൽ പിഴപ്പലിശ മുൻസെക്രട്ടറിമാരിൽ നിന്നും ഈടാക്കണമെന്നുള്ള ഓഡിറ്റ് നിർദ്ദേശം രണ്ട് സെക്രട്ടറിമാരും മനഃപൂർവ്വം വീഴ്ച വരുത്തിയിട്ടില്ല എന്ന കാരണത്താൽ നിരാകരിക്കാവുന്നതാണെന്ന് തോന്നുന്നു."

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31-8-2009-ലെ എൽ.എഫ്. 14484/സ്പെ.സെൽ/ജി2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു :

146. "കറന്റ് ചാർജ് ഒടുക്കിയതിലുള്ള സർചാർജ്ജ് തുക 10,500 രൂപ അംഗീകരിക്കുന്നില്ല എന്ന പരാമർശത്തിലെ നഷ്ടം ഈടാക്കിയിട്ടില്ലാത്തതിനാൽ പരാമർശം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

147. **1996 മുതൽ 2000 വരെയുള്ള കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. ശ്രീകണ്ഠൻ നായരുടെ കാലഘട്ടത്തിൽ പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കിയിരുന്ന ഇലക്ട്രിസിറ്റി ബിൽ രജിസ്റ്ററിൽ ലോഡ്ജ് മുറികൾക്കുള്ള വൈദ്യുത മീറ്ററിനെ സംബന്ധിച്ചുള്ള യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ലായിരുന്നെന്നും, പഞ്ചായത്ത്, വൈദ്യുതിചാർജ് അടയ്ക്കേണ്ട കൺസ്യൂമർ ലിസ്റ്റിൽ പ്രസ്തുത മുറികളുടെ മീറ്റർ നമ്പർ ഉണ്ടായിരുന്നില്ലെന്നുള്ള സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശ്രീകണ്ഠൻ നായരെ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയതിന് ഉത്തരവാദിയാക്കിയ നടപടി ശരിയല്ല എന്ന് സമിതി നിരീക്ഷിക്കുന്നു. മാത്രമല്ല പഞ്ചായത്തിന്റെ പ്രവർത്തനം മുകളിലത്തെ നിലയിലെ മുറികളിലേക്ക് വ്യാപിപ്പിക്കുന്നതിന് വൈദ്യുതി ലഭ്യമാക്കുക എന്നത് പുതുതായി ചാർജ്ജെടുത്ത സെക്രട്ടറി ശ്രീ. എം. രാമചന്ദ്രൻ നായർക്ക് ഒഴിവാക്കാനാവാത്ത കാര്യമായതിനാൽ വൈദ്യുതി പുന:സ്ഥാപിക്കുന്നതിനായി പിഴയും പിഴപ്പലിശയും ചേർത്ത് കുടിശ്ശിക അദ്ദേഹത്തിന് ഒടുക്കേണ്ട സാഹചര്യവും കൂടി കണക്കിലെടുക്കുമ്പോൾ പരാമർശവിധേയരായ രണ്ട് സെക്രട്ടറിമാരും മന:പൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണിയുടെ ആകെ മൂല്യത്തേക്കാൾ അധികരിച്ച് നൽകിയ തുകകൾ അംഗീകരിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിലെ കന്യാരുകുഴി നടപ്പാലം പണിക്ക് വേണ്ടി മുൻകൂറായി ആകെ 95,500 രൂപ നൂൽകിയിട്ടുണ്ട്. എന്നാൽ ഈ പണിയുടെ ആകെ മൂല്യം 87,551 രൂപയായി എൻജിനീയർ കണക്കാക്കിയിട്ടുണ്ട്. അധികമായി 7,949 രൂപ നൽകിയിട്ടുണ്ട്.

വേലൻകോണം ഹരിജൻ കോളനി പടി പണിക്ക് വേണ്ടി ആകെ 57,499 രൂപ നൽകിയിട്ടുണ്ട്. ബിൽ തുക കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫണ്ടിന് കിഴിച്ചതിന് ശേഷമുള്ളത് ആകെ 48,166 രൂപ മാത്രമാണ്. അധികമായി 9,333 രൂപ നൽകിയിട്ടുണ്ട്. മേൽവിവരിച്ച രണ്ടു പദ്ധതികളിലുമായി നൽകിയിട്ടുള്ള അധികം തുകയായ 17,282 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ-3.1.12]

[ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ 21-12-2002-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത്]

148. കന്യാരുകുഴി നടപ്പാലം എന്ന പ്രോജക്ടിന്റേയും വേലൻകോണം ഹരിജൻ കോളനി പടി നിർമ്മാണം എന്ന പ്രോജക്ടിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഇപ്പോൾ നാവായിക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. എ. മുഹമ്മദ് റഷീദാണ്. ടിയാൻ ഈ രണ്ടു പ്രവർത്തികൾക്കുമായി അധികം നൽകിയ 17,282 രൂപ തിരിച്ചടയ്ക്കണമെന്ന് കാണിച്ച് ഈ ആഫീസിൽ നിന്നും 28-5-2007-ന് A1/292/07 നമ്പർ രജിസ്ട്രേർഡ് കത്ത് അയയ്ക്കുകയുണ്ടായി. എന്നാൽ ടിയാൻ നാളിതുവരെയും പഞ്ചായത്തിൽ പണം ഒടുക്കിയിട്ടില്ല. ടിയാന്റെ 6-7-2007-ലെ കത്തിൽ കന്യാരുകുഴി നടപ്പാലം നിർമ്മാണത്തിന് അധികം നൽകിയ തുക ടി പ്രവർത്തി ചെയ്ത കൺവീനറിൽ നിന്നും ഈടാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ടി പ്രവർത്തി വിലയിരുത്തിയ അസി. എഞ്ചിനീയർ, വാർഡ് മെമ്പർ, സെക്ഷൻ ക്ലാർക്ക് എന്നിവർക്കു കൂടി ഉത്തരവാദിത്വം ഉണ്ടെന്നുകൂടി അറിയിച്ചിട്ടുണ്ട്. വേലൻകോണം ഹരിജൻ കോളനി പടിക്കെട്ട് നിർമ്മാണത്തെക്കുറിച്ച് ഈ കത്തിൽ മറുപടി നൽകിയിട്ടില്ല.

ടി കത്തിന്റെ പകർപ്പ് 1-12-2007-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് തുടർ നടപടികൾക്കുള്ള ഉപദേശം നൽകാനായി അയച്ചുകൊടുത്തിട്ടുണ്ട്.

149. കന്യാരുകുഴി നടപ്പാലം പണിക്ക് അധികം കൊടുത്തുവെന്ന് ഓഡിറ്റ് കണ്ടെത്തിയ 7,949 രൂപ ഈടാക്കുന്നതിൽ എന്തു നടപടി സ്വീകരിച്ചുവെന്നും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരെന്താണെന്നും 6-2-2008-ൽ നടന്ന തെളിവെടുപ്പുയോഗത്തിൽ സമിതി ആരാഞ്ഞതിന്, ഓഡിറ്റ് റിപ്പോർട്ട് വന്നതിനുശേഷം ബന്ധപ്പെട്ട സെക്രട്ടറിയേയും കൺവീനറേയും വിവരം അറിയിച്ചിട്ടുണ്ടെന്നും യഥാക്രമം

സെക്രട്ടറി, എഞ്ചിനീയർ, കൺവീനർ എന്നിവർ ശ്രീ. എം. മുഹമ്മദ് റഷീദ്, ശ്രീ. എ. സൈനുദ്ദീൻ, ശ്രീ. സി. ജെ. സതീശൻ എന്നിവരാണെന്നും പെരിങ്ങമ്മല ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പണി പൂർത്തിയായോ എന്നും തുക എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണോ കൊടുക്കുന്നതെന്നും ഫൈനൽ സെറ്റിൽമെന്റ് നടത്തിയത് ആരാണെന്നും സമിതി ആരാഞ്ഞു. പണി പൂർത്തിയായെന്നും, എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൊടുക്കുന്നതെന്നും ഇതിന്റെ എസ്റ്റിമേറ്റ് ഒരു ലക്ഷം രൂപയായതുകൊണ്ടാണ് 25,000 രൂപ മൊബിലൈസേഷൻ അഡ്വാൻസായി കൊടുത്തതെന്നും ഫൈനൽ സെറ്റിൽമെന്റ് നടത്തിയത് ശ്രീ. മുഹമ്മദ് റഷീദാണെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

150. വാല്യുവേഷൻ നടത്തിയപ്പോൾ എസ്റ്റിമേറ്റിനേക്കാൾ ഫൈനൽ തുക കുറഞ്ഞ സാഹചര്യത്തിൽ കൺവീനർക്ക് നൽകിയ അധിക തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ചോ എന്ന സമിതിയുടെ ചോദ്യത്തിന് നടപടി സ്വീകരിച്ചെന്നും അന്നത്തെ കൺവീനർ നോട്ടീസ് കിട്ടിയപ്പോൾ പഞ്ചായത്തിൽ വരികയും ഡയബറ്റീസ് സംബന്ധിച്ച് കണ്ണുകാണാൻ വയ്യാത്ത അവസ്ഥയിലാണെന്നും പണമടയ്ക്കാൻ നിവൃത്തിയില്ലെന്നും കാണിച്ച് ഒരു അപേക്ഷ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി പറഞ്ഞു.

151. മുഴുവൻ പേമെന്റും ശ്രീ. എ. മുഹമ്മദ് റഷീദാണോ നൽകിയതെന്ന സമിതിയുടെ ചോദ്യത്തിന് 4 പേമെന്റിൽ 2 പേമെന്റാണ് താൻ നൽകിയിട്ടുള്ളതെന്ന് ശ്രീ. എ. മുഹമ്മദ് റഷീദ് മറുപടി പറഞ്ഞു. കൺവീനർ കൂടുതൽ തുക വാങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും വാല്യുവേഷൻ വന്നതിനുശേഷം പേമെന്റ് കൊടുത്തിട്ടില്ലെന്നും ഫൈനൽ പേമെന്റ് നടത്തിയത് റഷീദ് ആണെന്നും 6 മാസത്തിനിടെ 4 സെക്രട്ടറിമാർ പഞ്ചായത്തിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

152. കൺവീനറുടെമേൽ നടപടിയെടുത്ത് 18% പലിശ സഹിതം തുക ഈടാക്കി ഒരു മാസത്തിനകം അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

153. മേലാൻകോണം ഹരിജൻ കോളനിയെ സംബന്ധിച്ച സമിതിയുടെ ചോദ്യത്തിന് ടി പദ്ധതിയുടെ കൺവീനറിൽ നിന്ന് ആകെ നൽകിയ 57,499 രൂപയിൽ അധികമായി നൽകിയ 9,333 രൂപ ഈടാക്കുന്നതിലേക്കായി 29-2-2007-ൽ നോട്ടീസ് അയച്ചിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടില്ലെന്നും അഡ്രസ്സ് തെറ്റാണെന്ന് പറഞ്ഞ് കത്ത് തിരികെ വന്നുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. എഗ്രിമെന്റിൽ ഉള്ള മേൽവിലാസത്തിലാണ് കത്തയച്ചതെന്നും കൺവീനർ എഗ്രിമെന്റിൽ ഒപ്പിട്ടിട്ടില്ലെന്നും കൺവീനറും ഗുണഭോക്തൃ സമിതിയും ജോയിന്റായി വച്ച കരാറിൽ കൺവീനർ എഗ്രിമെന്റിൽ ഒപ്പിട്ടിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

154. എഗ്രിമെന്റ് ഒപ്പിടാതെ പണി ചെയ്ത കൺവീനറുടെ പക്കൽനിന്നും ബാദ്ധ്യത ഈടാക്കാൻ സാധിക്കുകയില്ലെന്നും ഉത്തരവാദിത്വമില്ലാതെ സർക്കാർ പണം ചെലവാക്കിയ ഉത്തരവാദി അന്നത്തെ സെക്രട്ടറി ആയ ശ്രീ. എം. മുഹമ്മദ് റഷീദ് ആണെന്നും സമിതി ചൂണ്ടിക്കാട്ടി. 5,000 രൂപാ വീതമുള്ള രണ്ടു വർക്കുകളാണ് കൺവീനറെ ഏൽപ്പിച്ചതെന്നും അതിൽ ഒരു വർക്ക് ഹോമിയോ ആശുപത്രി കെട്ടിടത്തിന്റേതായിരുന്നുവെന്നും അതു പൂർത്തീകരിച്ച് ഫൈനൽ ബിൽ സെറ്റിൽ

ചെയ്തെന്നും ആയതിനാൽ ആ വർക്കിനു നൽകിയ 5,000 രൂപ, ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന 9,333 രൂപായിൽ നിന്നും കുറയ്ക്കണമെന്നും മുൻസെക്രട്ടറി ശ്രീ. റഷീദ് സമിതിയെ അറിയിച്ചു. ഓഡിറ്റ് സമയത്ത് താൻ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ജോലി ചെയ്യുന്നുണ്ടായിരുന്നുവെന്നും, ഓഡിറ്റ് നടക്കുന്ന സമയം തന്നെ അറിയിച്ചിരുന്നു വെങ്കിൽ വിശദീകരണം നൽകാമായിരുന്നുവെന്നും ആയതിനാൽ ഇക്കാര്യത്തിൽ പുനഃപരിശോധന ആവശ്യമുണ്ടെന്നുമുള്ള മുൻസെക്രട്ടറിയുടെ വിശദീകരണത്തിന്മേൽ 2007 ഡിസംബർ മാസം വീണ്ടും ലോക്കൽ വെരിഫിക്കേഷൻ വച്ചിട്ടും ഇദ്ദേഹം ഹാജരായില്ലെന്ന് ലോക്കൽ ഫണ്ട് ഡയറക്ടർ സമിതിയെ അറിയിച്ചു.

155. മേലാൻകോണം ഹരിജൻകോളനി പടിപ്പണിക്ക് എഗ്രിമെന്റ് വയ്ക്കാതെ കൊടുത്ത ഈ പ്രത്യേക വർക്കിന്റെ അധിക തുകമാത്രം മുൻസെക്രട്ടറിയിൽ നിന്നും ഈടാക്കിയാൽ മതിയെന്ന് സമിതി നിർദ്ദേശിച്ചു.

156. പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. മുഹമ്മദ് റഷീദിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ, ടി മരാമത്ത് പണിയുമായി ബന്ധപ്പെട്ട എല്ലാ യഥാർത്ഥ ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കാൻ 27-3-2008-നാവശ്യപ്പെട്ടെങ്കിലും ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭ്യമാക്കിയ 16-12-2008-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

157. 1999-2000 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 56, 58 എന്നിവയിലെ പരാമർശമനുസരിച്ച് കന്യാരുകുഴി നടപ്പാലം നിർമ്മാണം, വേലൻകോണം ഹരിജൻകോളനി പടിക്കെട്ട് നിർമ്മാണം യഥാക്രമം 7,949 രൂപ, 9,333 രൂപ അധികം ചെലവു ചെയ്ത തുക, ആർ.ആർ. നടപടിയിലൂടെ ടി പ്രവൃത്തി ചെയ്ത കൺവീനറിൽ നിന്നും ഈടാക്കി നൽകുന്നതിനു തിരുവനന്തപുരം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പ്രസ്തുത വിവരത്തിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരിശോധന നടത്തി 12-10-2009-ലെ എൽ.എഫ്. 17166/സ്പെ.സെൽ.ജി2/09 നമ്പർ കത്തു പ്രകാരം റിപ്പോർട്ട് ചെയ്ത വിവരം ചുവടെ ചേർക്കുന്നു :

158. "ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള നഷ്ടം ഈടാക്കിയിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നുവെന്ന വിവരം അറിയിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

159. **കന്യാരുകുഴി നടപ്പാലം നിർമ്മാണം, വേലൻകോണം ഹരിജൻകോളനി പടിക്കെട്ട് നിർമ്മാണം എന്നീ പദ്ധതികൾക്ക് അധികം ചെലവ് ചെയ്ത തുക ആർ.ആർ. നടപടിയിലൂടെ കൺവീനറിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൺവീനറിൽ നിന്നും തുക ലഭ്യമാക്കാൻ സാധിക്കുന്നില്ലെങ്കിൽ തുക അധികം നൽകിയ സെക്രട്ടറി ശ്രീ. മുഹമ്മദ് റഷീദിൽ നിന്നും ആയത് ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## നന്ദിയോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വൗച്ചറുകളില്ലാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനധികൃതമായി പിൻവലിച്ച 8,115 രൂപ അംഗീകരിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിന്റെ 1999-2000 വർഷത്തെ വി.പി.എഫ്. വൗച്ചറുകൾ പരിശോധിച്ചതിൽ നിരവധിതുകകൾ വൗച്ചറുകളില്ലാതെ വെറും കണ്ടിജന്റ് ബില്ലുകൾ ഉണ്ടാക്കി, പ്രസിഡണ്ട് സാക്ഷ്യപ്പെടുത്തുകപോലും ചെയ്യാതെ പണം പിൻവലിച്ചതായി കണ്ടെത്തി. ഭരണസമിതിയുടെ അറിവോ അംഗീകാരമോ ഇല്ലാതെ ഇത്തരത്തിൽ ആകെ പിൻവലിച്ച 8,115 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ - 3.1.13]

160. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി.

റിപ്പോർട്ടിൽ പരാമർശിച്ച 8,115 രൂപ ചെലവ് ചെയ്ത സെക്രട്ടറിയിൽനിന്നും റിക്കവറി നടത്തി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ 14-4-2004-ലെ എ2-741/04-ാം നമ്പർ കത്തിലൂടെ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ തുക ഇതുവരെയും ഒടുക്കിയിട്ടില്ല. ടി കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. ബദറുദ്ദീൻ 2006 മാർച്ച് 3-ന് മരണപ്പെട്ടു.

161. 6-2-2008-ൽ നടന്ന തെളിവെടുപ്പുയോഗത്തിൽ വൗച്ചറുകളില്ലാതെ 8,115 രൂപ പ്രസിഡന്റ് സാക്ഷ്യപ്പെടുത്താതെ കണ്ടിജൻസി ആവശ്യങ്ങൾക്കായി ചെലവഴിച്ച പഞ്ചായത്ത് സെക്രട്ടറി ആരാണെന്ന് സമിതി ആരാഞ്ഞു. അദ്ദേഹം മരണപ്പെട്ടുവെന്നും അദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചതായി കാണുന്നില്ലെന്നും പെൻഷനായതിനു ശേഷമാണ് മരിച്ചതെന്നും ഡി.സി.ആർ.ജി. കൊടുത്തിട്ടില്ലെന്നും നന്ദിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

162. അനധികൃതമായി ചെലവഴിച്ച 8,115 രൂപ ടിയാന്റെ ഡി.സി.ആർ.ജി. യിൽനിന്നും ഈടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകണമെന്നും ഇതിനായി സ്വീകരിച്ച നടപടിയുടെ വിശദവിവരം രണ്ടാഴ്ച യ്ക്കുള്ളിൽ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

163. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 9-6-2008-ലെ എൽ.എഫ്. 20396/ സ്പെ.സെൽ.(ജി2)/07 നമ്പർ കത്തു പ്രകാരം ശ്രീ. ബദറുദ്ദീനിൽ നിന്നും ഓഡിറ്റ് പരാമർശങ്ങളിലൂടെ മൊത്തത്തിലീടാക്കാനുണ്ടായിരുന്ന 18,995 രൂപ (8,115+10,880) ഈടാക്കുന്നതിനുള്ള അപേക്ഷ 14-2-2008-ലെയും 24-5-2008-ലെയും എ-351/08-ാം നമ്പർ കത്തുകളിലൂടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂരിന് (തൃശ്ശൂർ ജില്ലയിലെ പടിയൂർ ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയായിരിക്കെയാണ് ടിയാൻ സർവ്വീസിൽനിന്നും വിരമിച്ചത്) അയച്ചിട്ടുണ്ടെന്ന വിവരം നന്ദിയോട് ഗ്രാമപഞ്ചായത്തു സെക്രട്ടറി റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്ന വിവരം അനന്തരനടപടി കൾക്കായി അറിയിച്ചുകൊള്ളുന്നു.

164. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ടിന് ലഭ്യമാക്കിയ വിവരത്തിൻമേൽ ലോക്കൽ ഫണ്ട് ഡയറക്ടർ 25-9-2009-ലെ എൽ.എഫ്.15961/സ്പെ.സെൽ. ജി2/09 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

മുൻ സെക്രട്ടറി ശ്രീ. കെ. ബദറുദ്ദീന്റെ ഡി.സി.ആർ.ജി. അനുവദിക്കുന്ന മുറയ്ക്ക് ടിയാന്റെ പേരിലുള്ള ബാധ്യത ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്താമെന്ന് തൃശ്ശൂർ ജില്ല പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുളളതായി ഗ്രാമപഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നഷ്ടം ഈടാക്കിയിട്ടില്ലാത്തതിനാൽ പരാമർശം നിലനിൽക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

165. **"വൗച്ചറുകളില്ലാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനധികൃതമായി പിൻവലിച്ച 8,115 രൂപ അംഗീകരിക്കുന്നില്ല" എന്ന പരാമർശത്തിൽ ബാധ്യത തുക പരാമർശ വിധേയനായ മുൻ സെക്രട്ടറി ശ്രീ. ബദറുദ്ദീന്റെ ഡി.സി.ആർ.ജി.-യിൽ നിന്ന് ഈടാക്കി ടി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## കോട്ടുകാൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണ്ണുക്കല്ല്-മന്നോട്ടുകോണം റോഡ് പുനരുദ്ധാരണം-അധിക തുക നൽകിയത് നിരാകരിക്കുന്നു.**

തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം നമ്പർ ഡി.3-2606/2000 തീയതി 1-2-2002 പ്രകാരം കോട്ടുകാൽ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഉൾപ്പെടുന്ന മണ്ണുക്കല്ല്-മന്നോട്ടുകോണം റോഡ് പുനരുദ്ധാരണ പണി 2000-01-ലെ VRM ഗ്രാന്റിൽനിന്ന് നടത്തുന്നതിനായി രൂപ 1,50,000 അനുവദിക്കുകയുണ്ടായി. സാങ്കേതിക മേൽനോട്ടം ബ്ലോക്കിലെ അസിസ്റ്റന്റ് എൻജിനീയർ ആണ് നിർവ്വഹിക്കേണ്ടത്.

ജില്ലാ കളക്ടറുടെമേൽ സൂചിപ്പിച്ച ഉത്തരവിന്റെ 3-ാം ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള 7-ാം നിബന്ധന പ്രകാരം പ്രസ്തുത പണിയുടെ ചെലവിന്റെ ബ്ലോക്ക് ടോപ്പിംഗ് ഒഴികെയുള്ള 20% നിർബന്ധമായും പൊതുജനങ്ങളിൽ നിന്ന് ശേഖരിക്കേണ്ടതാണ്. ഈ നിബന്ധന പാലിച്ചിട്ടില്ലാത്തതിനാൽ താഴെ പറയുന്ന പ്രകാരം അധികമായി നൽകിയ 24,086 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു :

| | | |
|---|---|---|
| എസ്റ്റിമേറ്റ് തുക | .. | 1,50,000 |
| ഐറ്റം 9 പ്രകാരം ബ്ലോക്ക് ടോപ്പിംഗിനുവേണ്ട തുക | .. | 29,569 |
| ബാക്കി | .. | 1,20,431 |
| ബാക്കി തുകയുടെ 20% | | : 24,086 |

അധികമായി നൽകിയ 24,086 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ 3.1.14.1]

166. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി:

ആഡിറ്റ് പരാമർശം ബന്ധപ്പെട്ട സെക്രട്ടറിയെ അറിയിച്ചപ്പോൾ ബ്ലോക്കിലെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കണമെന്നും സെക്രട്ടറിയെ പ്രസ്തുത തടസ്സത്തിൽ നിന്നും ഒഴിവാക്കണമെന്നുള്ള മറുപടിയാണ് ലഭിച്ചത്. എന്നാൽ ബിൽ തുക നൽകുന്ന ഉദ്യോഗസ്ഥനാണ് ഗുണഭോക്തൃവിഹിതം സ്വരൂപിക്കേണ്ടത്. ഗുണഭോക്തൃവിഹിതം ലഭിക്കാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത തുക ബിൽ തുകയിൽ നിന്നും കിഴിച്ച് ബാക്കി തുക മാത്രമേ പണി ചെയ്ത വ്യക്തിക്ക് നൽകാവൂ. ഈ സാഹചര്യത്തിൽ ഓഡിറ്റ് നിരാകരിച്ച തുകയായ 24,086 രൂപ പഞ്ചായത്തിൽ ഒടുക്കണമെന്നും അല്ലാത്തപക്ഷം RR പ്രകാരം ഈടാക്കുന്നതാണെന്ന് കാണിച്ച് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എസ്. ഡി. ഗോപകുമാറിന് (Rtd.) 7-12-2007-ൽ A1-643/06-ാം നമ്പരായി കത്ത് നൽകിയിട്ടുണ്ട്.

167. മണ്ണക്കല്ല്-മന്നോട്ടുകോണം റോഡ് പുനരുദ്ധാരണത്തിന് അധികമായി തുക നൽകിയത് സംബന്ധിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ 6-2-2008-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ സമിതി വിശദവിവരം ആരാഞ്ഞു. പണിയുടെ എസ്റ്റിമേറ്റ് തുക 1,50,000 രൂപയുണ്ടെന്നും റോഡ് ടാർ ചെയ്തിട്ടുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി സെക്രട്ടറി അറിയിച്ചു. മെഷർമെന്റ് അനുസരിച്ച് വാല്യുവേഷൻ തുക 1,50,000 രൂപ ആയിരുന്നുവെന്നും ഈ തുക അനുവദിച്ചു തന്നെ ഫൈനൽ ബിൽ സെറ്റിൽ ചെയ്തെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചെലവിന്റെ 20% ഗുണഭോക്തൃ വിഹിതം ആയിരിക്കണമെന്ന ഉത്തരവിൻ പ്രകാരം പ്രസ്തുത പണിക്ക് അപ്രകാരം തന്നെ ഉപഭോക്തൃ വിഹിതം ഈടാക്കിയെന്ന് സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി.

**നിഗമനങ്ങൾ/ശുപാർശകൾ**

**168. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ സെറ്റിൽ ചെയ്തെന്നും, ചെലവിന്റെ 20% ഗുണഭോക്തൃ വിഹിതം ആയിരിക്കണമെന്ന ഉത്തരവിൻ പ്രകാരം പ്രസ്തുത പണിക്ക് അപ്രകാരം തന്നെ ഉപഭോക്തൃവിഹിതം ഈടാക്കിയെന്ന സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തെങ്ങുവിള ശ്രീനാരായണപുരം റോഡു പുനരുദ്ധാരണം പഞ്ചായത്തിന്റെ മുൻകൂർ അനുമതിയോ പുതുക്കിയ എസ്റ്റിമേറ്റോ എടുക്കാതെ പ്രത്യേകം ഇനം ജോലി ചെയ്തത് അംഗീകരിക്കുന്നില്ല**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് വർഷം 2003-04 ഓഡിറ്റ് ഖണ്ഡിക നമ്പർ 3.1.14.2]

1,27,000 രൂപയുടെ എസ്റ്റിമേറ്റിൽ JRY ഫണ്ടുപയോഗിച്ച് തെങ്ങുവിള ശ്രീനാരായണപുരം റോഡു പുനരുദ്ധാരണത്തിന് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതും ഇതിന്റെ കൺവീനറായി ശ്രീ. കെ. മധു, ഹിമനിലയം, തെറ്റിവിളയെ തെരഞ്ഞെടുത്തി ട്ടുള്ളതുമാണ്. കേരള പഞ്ചായത്തുരാജ് മരാമത്തുപണികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും ഇനത്തിൽ 25% ത്തിൽ കൂടുതൽ വേല ചെയ്യേണ്ടി വന്നാൽ അതിന് മുൻകൂട്ടിയുള്ള പഞ്ചായത്ത് തീരുമാനവും പുതുക്കിയ എസ്റ്റിമേറ്റും ആവശ്യമാണ്. ഇവയൊന്നും കൂടാതെ താഴെപ്പറയുന്ന ഇനങ്ങൾ ഒഴിവാക്കി റോഡിന്റെ ഇരുവശങ്ങളിലും മണ്ണിട്ടു നികത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

(1) അടിസ്ഥാനത്തിനുവേണ്ടി 17 $M^3$ x 440/$M^3$ = 7780

(2) സംരക്ഷണ ഭിത്തിയുടെ സൂപ്പർ സ്ട്രക്ചറിന് റാൻഡം റബിൾ - 13689.

(3) പ്ലാസ്റ്ററിംഗ് ഇനം 4.20 $M^2$ x 487x 10 $M^2$ = 9740

എസ്റ്റിമേറ്റിൽ മൊത്തം പണിയുടെ ചെലവ് ഒതുക്കി നിറുത്തുന്നതിനുവേണ്ടി മുകളിൽ വിവരിച്ച സംരക്ഷണ ഭിത്തിയുടെ പണി ഒഴിവാക്കി മണ്ണിട്ടു നികത്തുന്നതിന് മുമ്പ് ഫില്ലിംഗിനുള്ള ഇനിഷ്യൽ ലെവൽ എടുത്തിട്ടില്ല. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയ സമയത്ത് ഈ ഇനം ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ളതിനും സംരക്ഷണ ഭിത്തി കെട്ടാതെ മണ്ണിട്ടു നികത്തിയാൽ യാതൊരു പ്രയോജനവും ഇല്ല എന്നതിനാലും പഞ്ചായത്തു കമ്മിറ്റിയുടെ അനുവാദമില്ലാതെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയതിനാലും 10 ക്യൂബിക് മീറ്ററിന് 949 രൂപ പ്രകാരം 183.80 $M^3$ മണ്ണിന് വിലയായി നൽകിയ 17,442 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

169. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി1/07/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി:

ഓഡിറ്റ് പരാമർശം സംബന്ധിച്ച് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി പി. ലളിതാഭായിക്ക് ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുൾപ്പെടെ നോട്ടീസ് നൽകിയിരുന്നു. എന്നാൽ മറുപടിയൊന്നും ലഭിച്ചില്ല. തുടർന്ന് അവർ പെൻഷൻ പറ്റിയപ്പോൾ ടി തുകയായ 17,442 രൂപ ഉൾപ്പെടെ 75,082 രൂപ ടിയാളുടെ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കണമെന്നറിയിച്ചുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 26-4-2005-ലെ എ1-486/05-ാം നമ്പർ കത്തായി ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയിരുന്നു. അതിനാൽ ശ്രീമതി പി. ലളിതാബായിക്ക് ഡി.സി.ആർ.ജി. നൽകിയിട്ടില്ലെന്ന് അറിയുന്നു.

170. തെങ്ങുവിള-ശ്രീനാരായണപുരം റോഡ് പുനരുദ്ധാരണം-പഞ്ചായത്തിന്റെ മുൻകൂർ അനുമതിയോ പുതുക്കിയ എസ്റ്റിമേറ്റോ എടുക്കാതെ പ്രത്യേക ഇനം ജോലി ചെയ്തത് അംഗീകരിക്കുന്നില്ലെന്നു പറയാൻ കാരണമെന്താണെന്നും അന്നത്തെ സെക്രട്ടറി പെൻഷനായോയെന്നും സമിതി ആരാഞ്ഞതിന്, പണി നടക്കുമ്പോൾ എഞ്ചിനീയർ തന്നെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തി ചെയ്തതാണെന്നും അന്നത്തെ സെക്രട്ടറി പെൻഷനായെന്നും യോഗത്തിൽ ഹാജരായിട്ടുണ്ടെന്നും കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള വർക്ക് മാറ്റി വേറെ വർക്ക് ചെയ്താൽ അതിന് പഞ്ചായത്തിന്റെ അനുമതി

ആവശ്യമില്ലേയെന്നും ബിൽ പേ ചെയ്യുന്നതിനുമുമ്പ് ഒറിജിനൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് നോക്കിയിട്ടല്ലേ സെക്രട്ടറി ബിൽ പാസ്സാക്കേണ്ടതെന്നും സമിതി ആരാഞ്ഞതിന്, എസ്റ്റിമേറ്റിലെ വർക്ക് മാറ്റി വേറെ വർക്ക് ചെയ്യുമ്പോൾ പഞ്ചായത്തിന്റെ അനുവാദം വേണമെന്നും ഫൈനൽ ബിൽ പാസ്സാക്കുന്ന സെക്രട്ടറിയുടെ പേരിലാണ് ലയബിലിറ്റി വരുന്നതെന്നും എസ്റ്റിമേറ്റിലെ വ്യത്യാസം സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

171. പ്രസ്തുത വിഷയം സംബന്ധിച്ച് മുൻ സെക്രട്ടറിയോട് വിശദവിവരം ആരാഞ്ഞതിന്, ഇതിനെ സംബന്ധിച്ച് ടെക്നിക്കലായി ഒന്നും അറിയില്ലായിരുന്നു വെന്നും ബിൽ വന്നപ്പോൾ പേയ്മെന്റ് കൊടുത്തുവെന്നും, വർക്കിൽ മാറ്റം വരുത്തിയത് എഞ്ചിനീയർ അറിയിച്ചിരുന്നില്ലെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മെഷർമെന്റ് നടത്തി ചെക്ക് തന്നപ്പോൾ കറക്ടായിരിക്കുമെന്നു കരുതി പേയ്മെന്റ് കൊടുത്തുവെന്നും മുൻ സെക്രട്ടറി ശ്രീമതി ലളിതാബായി സമിതിയെ അറിയിച്ചു. ഓഡിറ്റ് ഒബ്ജക്ഷന് എ.ഡി.പി.ക്ക് മറുപടി കൊടുത്തിട്ടുണ്ടെന്നും മുൻസെക്രട്ടറി അറിയിച്ചു. ഡി.സി.ആർ.ജി.യിൽ നിന്ന് 17,442 രൂപയുൾപ്പെടെ 75,082 രൂപയാണ് മുൻസെക്രട്ടറിയിൽ നിന്ന് ഈടാക്കാനുള്ളത് എന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ എല്ലാം പ്രസ്തുത പഞ്ചായത്തിലുള്ള ബാദ്ധ്യതയാണെന്ന് അവർ അറിയിച്ചു.

172. റോഡുപണിയുടെ പ്ലാനിൽ മാറ്റം വരുത്തി പണി ചെയ്തതിന് പഞ്ചായത്ത് സമിതിയുടെ സാധൂകരണം വാങ്ങണമെന്നും ആയതിന്റെ കോപ്പി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് നൽകി അവരെ ബോദ്ധ്യപ്പെടുത്തണമെന്നും അതല്ലെങ്കിൽ ഈ 17,000 രൂപ തിരിച്ചടയ്ക്കണമെന്നും സമിതി നിർദ്ദേശിച്ചു.

173. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-6-2008-ലെ എൽ.എഫ്. 20396/ സ്പെ.സെൽ (ജി2)/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരങ്ങൾ ചുവടെ ചേർക്കുന്നു :

''നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം പ്ലാനിൽ മാറ്റം വരുത്തി അംഗീകരിച്ചതായി കാണുന്നില്ല. എന്നാൽ പഞ്ചായത്തിന് ഇതുമൂലം സാമ്പത്തിക നഷ്ടം വന്നിട്ടില്ലായെന്ന കാരണത്താൽ മുൻ പഞ്ചായത്ത് സെക്രട്ടറിയെ ബാധ്യതയിൽ നിന്നൊഴുവാക്കണമെന്നുള്ള പഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് ഈ വകുപ്പിൽ ലഭ്യമായിട്ടുണ്ട്."

174. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എ.ബി1/07/ ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം :

പഞ്ചായത്തിന്റെ മുൻകൂർ അനുമതിയോ പുതുക്കിയ എസ്റ്റിമേറ്റോ എടുക്കാതെ പ്രത്യേക ഇനം ജോലി ചെയ്തത് അംഗീകരിക്കുന്നില്ല. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 6-2-2008-ലെ തെളിവെടുപ്പ് യോഗത്തിലെ നിർദ്ദേശ പ്രകാരം ടി പ്രവർത്തി യിൽ മാറ്റം വരുത്തി ചെയ്തതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 4-3-2008-ലെ 3(88) നമ്പർ തീരുമാന പ്രകാരം സാധൂകരണം നൽകുകയും ആയതു ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനേയും 8-4-2008-ലെ ബി2.135/08-09 കത്തുപ്രകാരം അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

175. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 25-9-2009-ലെ എൽ.എഫ്. 15961/ സ്പെ.സെൽ ജി2/09 നമ്പർ കത്ത് പ്രകാരം സമിതിയിൽ ലഭ്യമാക്കിയത് ചുവടെ ചേർത്തിരിക്കുന്നു :

6-2-2008-ലെ സമിതി യോഗത്തിന്റെ നിർദ്ദേശാനുസരണം റോഡ് പണിയുടെ പ്ലാനിൽ മാറ്റം വരുത്തിയതിന് 4-3-2008-ലെ പഞ്ചായത്ത് കമ്മിറ്റി 111(88) നമ്പരായി സാധൂകരണം നൽകിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് വാങ്ങാതിരുന്നതിനാലും നഷ്ടം ഈടാക്കാത്ത സാഹചര്യത്തിലും പരാമർശം നിലനിൽക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

176. **തെങ്ങുവിള ശ്രീനാരായണപുരം റോഡ് പുനരുദ്ധാരണം പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പുതുക്കി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുക.**

## മണമ്പൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റിയ കുടിവെള്ള പദ്ധതി പൂർത്തിയായില്ല**

കവലയൂർ മുസ്ലീം ജുമാഅത്ത് പഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുള്ള പുളിയിക്കചിറയിൽ വർക്കല ബ്ലോക്ക് പഞ്ചായത്തിന്റെ ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതിക്കുവേണ്ടി ഒന്നാംഘട്ടമായ കിണർ നിർമ്മാണത്തിനായി 1998-99-ൽ 4,63,700 രൂപയും 1999-2000-ൽ 5,61,375 രൂപയും വകയിരുത്തി. ഈ വർഷങ്ങളിൽ ഗുണഭോക്തൃ സമിതി കൺവീനറായ കുന്നുംപുറത്തുവീട്ടിൽ ശ്രീ. എം. അബ്ദുൾ ലത്തീഫിന് ആകെ 4,63,869 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പരിശോധനയ്ക്കായി എം. ബുക്ക് ഹാജരാക്കിയിട്ടില്ല.

2000-01-ൽ വെള്ളം പമ്പ് ചെയ്ത് വാട്ടർ ടാങ്കിൽ എത്തിക്കാനുള്ള പമ്പിംഗ് മെഷീനും മോട്ടോറും സ്ഥാപിക്കാൻ 2,13,440 രൂപ പുതിയ പ്രോജക്ടിൽ വകയിരുത്തുകയും ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. കെ. സുരേഷ് എന്നയാൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി 50,000 രൂപ നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. ഒന്നാംഘട്ടമായ കിണർ നിർമ്മാണവും ടാങ്ക് നിർമ്മാണവും പൂർത്തിയാക്കാതെ വെള്ളം പമ്പ് ചെയ്ത് ടാങ്കിൽ എത്തിക്കാനുള്ള പമ്പിംഗ് മെഷീന്റെയും മോട്ടോറിന്റെയും പണി തുടങ്ങിയത് എന്തിനെന്ന് വ്യക്തമല്ല. ആദ്യ ഘട്ടത്തിന് നൽകിയ തുക തന്നെ വിനിയോഗിക്കാതിരിക്കെയാണ് രണ്ടാംഘട്ടമായ മേൽപ്പറഞ്ഞ പണിക്ക് പുതിയ ഒരു പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ 3.1.15)

177. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി:—

എം.ബുക്ക് നമ്പർ എം.7-98-99 (പേജ് നമ്പർ 1 മുതൽ 42 വരെ) ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്.

കൺവീനർക്ക് 3-10-2002, 3-2-2001, 13-10-2003, 22-7-2006 എന്നീ തീയതികളിൽ നോട്ടീസ് നൽകുകയും 13-7-2007-ലെ V-ാം നമ്പർ തീരുമാന പ്രകാരം എൽ.എസ്.ജി.ഡി. എ.ഇ.യെക്കൊണ്ട് ചെയ്ത പണികളുടെ ഒരു മെഷർമെന്റ് തയ്യാറാക്കി 35,430 രൂപയുടെ വാല്യുവേഷൻ അംഗീകരിക്കുകയും ബാക്കിയുള്ള 14,570 രൂപയ്ക്ക് അന്നത്തെ ഗുണഭോക്തൃ സമിതി അംഗങ്ങൾക്ക് 17-10-2007 തീയതിയിൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

178. സമിതിയുടെ 6-2-2008-ലെ തെളിവെടുപ്പ് യോഗത്തിൽ കുടിവെള്ള പദ്ധതിക്കായി കിണർ നിർമ്മാണത്തിനും പൈപ്പ് ലൈൻ ഇടുന്നതിനും അഡ്വാൻസ് കൊടുത്തതിൽ കുടിവെള്ള പദ്ധതി നടപ്പിലായോയെന്ന് സമിതി ആരാഞ്ഞതിന് കിണർ നിർമ്മാണം പൂർത്തീകരിച്ചെന്നും രണ്ടാമത്തെ ഘട്ടത്തിലാണ് പമ്പിംഗ് മെഷീനും മോട്ടോറും സ്ഥാപിക്കുന്നതിനായി 50,000 രൂപ അഡ്വാൻസ് കൊടുത്തതെന്നും എ.ഇ. വാല്വേഷൻ നടത്തിയിട്ടുണ്ടെന്നും മണമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

179. കുടിവെള്ള പദ്ധതിയിലൂടെ ജനങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നുണ്ടോയെന്നും മോട്ടോർ വാങ്ങിയോയെന്നും സമിതി ആരാഞ്ഞു. ഈ പദ്ധതികൊണ്ട് കുടിവെള്ളം കിട്ടുന്നില്ലെന്നും മോട്ടോർ വാങ്ങിയില്ലെന്നും ഒന്നാംഘട്ടമായ കിണർ നിർമ്മാണവും ടാങ്ക് നിർമ്മാണവും പൂർത്തിയാക്കാതെയാണ് വെള്ളം ടാങ്കിലെത്തിക്കുന്നതിനുള്ള പമ്പിംഗ് മെഷീനും മോട്ടോറും സ്ഥാപിക്കുന്നതിനുള്ള പണി തുടങ്ങിയതെന്നും ആദ്യം കിണർ നിർമ്മാണത്തിന് 4,63,669 രൂപ അഡ്വാൻസ് കൊടുത്തതെന്നും രണ്ടാംഘട്ട പണിയായ മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പണിക്ക് 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

180. എപ്പോഴാണ് ഒന്നാംഘട്ട പണി പൂർത്തിയായതെന്നും തുക തിരിച്ചുകിട്ടാനുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഒന്നാംഘട്ടത്തിൽ കിണർ നിർമ്മാണം മാത്രമാണ് പറഞ്ഞിരുന്നതെന്നും 24-3-2000-ലാണ് കിണർ നിർമ്മാണം പൂർത്തിയായതെന്നും തുക തിരിച്ചു കിട്ടാനില്ലെന്നും സെക്രട്ടറി അറിയിച്ചു. ഒന്നാംഘട്ട പണി ചെയ്തത് നിസ്സാം എന്നു പേരുള്ള കൺവീനറാണെന്നും പ്രസ്തുത പണി പൂർത്തിയായെന്നും അതിന്റെ രേഖകൾ എം. ബുക്കിലുണ്ടെന്നും ആദ്യത്തെ എ.ഇ. മരണപ്പെട്ടതിനാൽ രണ്ടാമത്തെ എ.ഇ.യാണ് വാല്വേഷൻ നടത്തിയതെന്നും അതിനുശേഷമാണ് 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൊടുത്തതെന്നും 2007-08-ൽ അതിന്റെ പണി പൂർത്തിയാക്കുന്നതിനുവേണ്ടി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഇതു സംബന്ധിച്ച മുഴുവൻ ഫയലും എം. ബുക്കും സഹിതം രണ്ടാഴചയ്ക്കകം ഓഡിറ്റ് ഡയറക്ടറെ ബോദ്ധ്യപ്പെടുത്തണമെന്നും അല്ലെങ്കിൽ പണം തിരിച്ച് ഈടാക്കേണ്ടിവരുമെന്നും സമിതി വ്യക്തമാക്കി.

181. ഓഡിറ്റ് പരാമർശങ്ങളിന്മേലുള്ള തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ആവശ്യമായ മറുപടി ലഭ്യമാകാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. രണ്ടു പ്രാവശ്യം യോഗം വിളിച്ചുകൂട്ടി ക്ലാസ്സ് എടുത്തതിനു

ശേഷമാണ് മറുപടി തയ്യാറാക്കിയതെന്നും വകുപ്പുതലത്തിലുള്ള തുടർനടപടികൾ ഉണ്ടാകണമെന്ന് പറഞ്ഞിരുന്നതായും ഭാവിയിൽ ഇങ്ങനെ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. ഇതിന്മേലുള്ള മറുപടി തയ്യാറാക്കുന്നതിനല്ല മറിച്ച് നോട്ടീസ് കിട്ടുമ്പോഴെങ്കിലും ആവശ്യമായ രേഖകൾ കണ്ടുപിടിച്ച് ആവശ്യമെങ്കിൽ സമിതിയിൽ ഹാജരാക്കുന്നതിനുവേണ്ടിയാണ് പരിശീലനം കൊടുക്കേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു.

182. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-6-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ (ജി2)/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് താഴെ ചേർത്തിരിക്കുന്നു :

"പ്രാദേശിക പരിശോധനയിൽ അളവു പുസ്തകത്തിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി മാത്രമാണ് പരിശോധനയ്ക്ക് നൽകിയിത്. ആകെ പ്രവൃത്തിമൂല്യം 4,63,669.27 രൂപയാണ്. കൺവീനർക്ക് ആകെ നൽകിയ തുകയ്ക്ക് സമാനമായ പ്രവർത്തിമൂല്യം കണക്കാക്കി രേഖയുണ്ടാക്കിയതായി സംശയിക്കുന്നു. കിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടുമില്ല.

രണ്ടാംഘട്ടമായി നിർമ്മിക്കുവാൻ ഉദ്ദേശിച്ച പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവയ്ക്കുവേണ്ടി ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും കൺവീനർക്ക് 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം സന്ദർശിച്ചതിൽ നിന്നും വാട്ടർ ടാങ്കിന്റെ നിർമ്മാണം ഭാഗികമായി മാത്രം ആരംഭിച്ചതായും പമ്പ് ഹൗസ് നിർമ്മാണം തുടങ്ങിയിട്ടില്ലായെന്നും വ്യക്തമാകുന്നു. വാട്ടർ ടാങ്കിനുവേണ്ടി ഫില്ലറുകൾ (8) നിർമ്മിച്ചതിന്റെ അളവുകൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയോ കൺവീനറിൽ നിന്നും തുകയൊന്നും ഈടാക്കുകയോ ചെയ്തിട്ടില്ല."

183. ഓഡിറ്റ് പരാമർശത്തിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 31-8-2009-ലെ എൽ.എഫ്. 14484/സ്പെ.സെൽ ജി2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

"പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി സംബന്ധിച്ച പരാമർശവുമായി ബന്ധപ്പെട്ട് സാങ്കേതികമായി കൂടുതൽ അന്വേഷണം നടത്താൻ ശുപാർശ ചെയ്തിരുന്നു. എന്നാൽ ടി വിഷയത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല."

**നിഗമനങ്ങൾ/ശുപാർശകൾ**

184. **പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി സംബന്ധിച്ച പരാമർശവുമായി ബന്ധപ്പെട്ട് സാങ്കേതികമായി കൂടുതൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്തിരുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് സമിതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. റിപ്പോർട്ട് പരിശോധിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കാൻ സമിതി ഓഡിറ്റിനോട് ശുപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം ഓഡിറ്റ് നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചെറുകിട വ്യവസായ യൂണിറ്റുകൾ—വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കിയില്ല**

ചെറുകിട ഗ്രാമപഞ്ചായത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പപ്പട നിർമ്മാണം, വിപണനകേന്ദ്രം, മെഴുകുതിരി നിർമ്മാണം തുടങ്ങിയ വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് 4,85,000 രൂപ അടങ്കലിൽ പദ്ധതി വിഭാവനം ചെയ്തു. ഗുണഭോക്തൃ വിഹിതമായി 2,38,000 രൂപ ഉൾപ്പെടുന്ന ഈ പദ്ധതിയിൽ തൻവർഷം 3,56,000 രൂപ ചെലവാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കമ്മിറ്റി 5 അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന മേഖലാ മോണിറ്ററിംഗ് സമിതി ടി പദ്ധതി പ്രവർത്തനം നേരിട്ട് പരിശോധിക്കുകയും റിപ്പോർട്ട് നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറിയെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ യാതൊരുവിധ മോണിറ്ററിംഗും നടന്നതായോ ഉൽപ്പാദനവും വിതരണവും നടന്നതായോ കാണുന്നില്ല. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, വിപണന കേന്ദ്രം എന്നീ യൂണിറ്റുകൾക്ക് ആസ്ഥാനം കണ്ടെത്തണമെന്ന് പ്രോജക്ടിൽ നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആസ്ഥാനം ഇതുവരെ കണ്ടെത്തിയതായി മനസ്സിലാക്കാൻ തെളിവില്ല. കൂടാതെ പരിശീലനത്തിനായി വകയിരുത്തിയ 9,000 രൂപ അതിനുവേണ്ടി വിനിയോഗിച്ചിട്ടുമില്ല. ഇതിന് മുൻഗണന കൊടുക്കേണ്ടിയിരുന്നു. ചുരുക്കത്തിൽ പേപ്പർ ജോലികളെല്ലാം പൂർത്തിയാക്കിയശേഷം വർഷാവസാനം ആകെ 3,56,000 രൂപ വിതരണം ചെയ്തതല്ലാതെ യാതൊരു ഭൗതിക നേട്ടവുമുണ്ടായതായി കാണുന്നില്ല.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ 3.1.16)

185. ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി:—

2001-02-ൽ നടപ്പിലാക്കിയ ചെറുകിട യൂണിറ്റുകൾ എന്ന പദ്ധതി സ്വന്തമായി തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിന് താത്പര്യമുള്ള കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തി വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. സ്വയംസഹായ സംഘങ്ങളെ പഞ്ചായത്ത് കമ്മിറ്റി നിശ്ചയിക്കുകയും ടി സംഘങ്ങളുടെ പ്രവർത്തനത്തിന് എഗ്രിമെന്റ് വച്ച് ധനസഹായം നൽകുകയുണ്ടായി. വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനായി ആസ്ഥാനങ്ങൾ സ്വയം കണ്ടെത്തണമെന്ന് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും കൂടുതൽ സാമ്പത്തിക ബാദ്ധ്യത ഉണ്ടാകും എന്നതിനാൽ കെട്ടിടം വാടകയ്ക്ക് എടുത്ത് പ്രവർത്തിക്കാനായില്ല. വ്യവസായ യൂണിറ്റുകൾ പലതും സ്വയംസഹായ സംഘാംഗങ്ങളുടെ വീടുകളിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ 2002 ഫെബ്രുവരി/മാർച്ച് മാസങ്ങളിലെ ജീവനക്കാരുടെ പണിമുടക്കുമൂലം യൂണിറ്റുകളെ നിശ്ചയിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും സമയപരിമിതിമൂലം പരിശീലനം നൽകാനും ടി പരിശീലനത്തിന് വകയിരുത്തിയ 9,000 രൂപ ചെലവാക്കാനും കഴിഞ്ഞില്ല. തെരഞ്ഞെടുക്കപ്പെട്ട സ്വയംസഹായ

സംഘങ്ങൾക്ക് ചെറുകിട വ്യവസായത്തിന്റെ മുൻപരിചയം ഉണ്ടായിരുന്നതിനാൽ പരിശീലനത്തിന്റെ കുറവ് അനുഭവപ്പെട്ടിട്ടില്ല. മാർക്കറ്റിന്റെ ആവശ്യകത മാറിയതനുസരിച്ച് വിപണനമേഖല മാറിയെങ്കിലും ടി സംഘങ്ങൾ നിലവിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തിവരുന്നു.

186. ചെറുകിട വ്യവസായ യൂണിറ്റുകളായ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പപ്പട നിർമ്മാണ-വിപണന കേന്ദ്രം, മെഴുകുതിരി നിർമ്മാണം എന്നിവ തുടങ്ങുന്നതിന് എത്ര രൂപ കൊടുത്തിട്ടുണ്ടെന്നും, പ്രസ്തുത യൂണിറ്റുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോയെന്നും ഇവ പരിശോധിക്കേണ്ട മോണിറ്ററിംഗ് സമിതി ശരിയായി റിപ്പോർട്ട് സമർപ്പിക്കുന്നുണ്ടോയെന്നും 6-2-2008-ൽ ചേർന്ന സമിതിയോഗം ആരാഞ്ഞതിന്, യൂണിറ്റുകൾ തുടങ്ങുന്നതിന് ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 3,58,000 രൂപ കൊടുത്തിട്ടുണ്ടെന്നും അവ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ബാബു നന്ദകുമാർ സമിതിയെ അറിയിച്ചു. മോണിറ്ററിംഗ് സമിതിക്കു വേണ്ടി വർക്കിംഗ് ഗ്രൂപ്പിന്റെ സെക്ടറൽ കമ്മിറ്റിയുണ്ടായിരുന്നെന്നും അവർ ഇത് പരിശോധിച്ചിരുന്നില്ലെന്നും മുൻസെക്രട്ടറി സമിതിയെ അറിയിച്ചു. പ്രോജക്ട് ശരിയായി നടപ്പിലായെന്നും എല്ലാ യൂണിറ്റുകളും ഉൽപ്പാദനം തുടങ്ങിയെന്നും കൂടാതെ സ്വന്തമായി വിപണനകേന്ദ്രമുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ചില യൂണിറ്റുകളിൽ പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നതെന്നും ചിലതിൽ മാർക്കറ്റിൽ ആവശ്യക്കാരില്ലാത്ത ഉൽപ്പന്നങ്ങൾക്കുപകരം സോപ്പ് നിർമ്മാണം ആരംഭിക്കുകയും ചിലത് പ്രൊവിഷണൽ സ്റ്റോർ ആയി മാറുകയും ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

187. പ്രോജക്ടിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് ഇതിന് ആസ്ഥാനമുണ്ടോയെന്നും പ്രോജക്ട് എങ്ങനെയാണ് തയ്യാറാക്കിയതെന്നും സമിതി ആരാഞ്ഞതിന് അതാതു യൂണിറ്റുകൾ തന്നെയാണ് ഇവ തുടങ്ങുന്നതിനുള്ള ആസ്ഥാനം കണ്ടുപിടിക്കേണ്ടതെന്നും യൂണിറ്റിലെ ഏതെങ്കിലും അംഗത്തിന്റെ വീട്ടിൽത്തന്നെയാണ് ഇവ പ്രവർത്തിക്കുന്നതെന്നും കുടുംബശ്രീ യൂണിറ്റുകൾ ആവശ്യപ്പെട്ടതനുസരിച്ചാണ് യൂണിറ്റുകൾ നിശ്ചയിച്ചതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

188. പ്രസ്തുത പദ്ധതിമൂലം യാതൊരു ഭൗതിക നേട്ടവും ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാകുന്നതെന്നും വ്യവസായത്തിൽ പരിശീലനമോ അറിവോ ഉള്ള ഗുണഭോക്താക്കളെയല്ല തെരഞ്ഞെടുത്തിരിക്കുന്നതെന്നും 3,56,000 രൂപ പാഴാക്കിയതല്ലാതെ ഒരു നേട്ടവും ഉണ്ടാക്കിയിട്ടില്ലെന്നും സമിതി വിലയിരുത്തി. പ്രസ്തുത യൂണിറ്റുകൾ നേരിട്ടുപോയി പരിശോധിച്ചതിൽ ഭൗതിക നേട്ടം ഉണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചുവെന്നു സെക്രട്ടറി സമിതിയെ അറിയിച്ചതിന് ഭൗതികനേട്ടം ഉണ്ടെന്ന് സ്ഥാപിക്കുന്നതിന് ഏതെങ്കിലും അടിസ്ഥാനപരമായ വിവരങ്ങൾ നല്കാനുണ്ടെങ്കിൽ ആയത് ഒരാഴ്ചയ്ക്കകം ഹാജരാക്കി അതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-6-2008-ലെ എൽ.എഫ്. 20396/ സ്പെ.സെൽ (ജി2)/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു :

189. "വിശദമായ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. നിർദ്ധനരായ വനിതകൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി 2001-02 വർഷത്തിൽ ആരംഭിച്ച പദ്ധതിയിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, പപ്പട നിർമ്മാണം, വിപണനകേന്ദ്രം, മെഴുകുതിരി നിർമ്മാണം തുടങ്ങിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ഈ പദ്ധതിക്കുവേണ്ടി 3,56,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 27 വ്യവസായ യൂണിറ്റുകളാണ് ഇപ്രകാരം ആരംഭിച്ചിട്ടുള്ളത്. കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വ ത്തിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ, അംഗങ്ങളുടെ വീടുകളിലാണ് പ്രവർത്തിച്ചു വരുന്നത്. ആദായകരമല്ലാത്ത പല വ്യവസായങ്ങളും നിർത്തലാക്കുകയും പുതിയവ ആരംഭിക്കുകയും ചെയ്തിട്ടുള്ളതായി പ്രാദേശിക പരിശോധനയിൽ യൂണിറ്റുകൾ പലതും സന്ദർശിച്ചപ്പോൾ ബോധ്യപ്പെട്ടിട്ടുണ്ട്. എല്ലാ യൂണിറ്റുകളും കാര്യക്ഷമ മായിത്തന്നെ പ്രവർത്തിച്ചുവരുന്നതിനാൽ പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചതായി കണക്കാക്കാവുന്നതാണ്."

**നിഗമനങ്ങൾ/ശുപാർശകൾ**

190. **നിർദ്ധനരായ യുവതികൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ ആദായകരമായി പ്രവർത്തിച്ചുവരുന്നതായും പദ്ധതി ലക്ഷ്യം കൈവരിച്ചതായും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

## വിളപ്പിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മാർക്കറ്റ് ലേലം—നിബന്ധനകൾ പാലിച്ചില്ല**

പഞ്ചായത്ത് മാർക്കറ്റിന്റെ 2000-01-ലെ ഗേറ്റ് പിരിവിനുള്ള അവകാശം ലേലത്തിൽ പിടിച്ച ആളിൽ നിന്നും ലേല നിബന്ധനകൾ പ്രകാരമുള്ള കരാറും സോൾവൻസി സർട്ടിഫിക്കറ്റും വാങ്ങുകയുണ്ടായില്ല. അതിനാൽ ലേലത്തുക പൂർണ്ണമായും ഒടുക്കാതി രുന്നിട്ടും ലേലക്കാരനിൽ നിന്നും തുക ഈടാക്കുവാൻ നിയമപരമായി കഴിയാതെവന്നു.

1-4-2000 മുതൽ 31-3-2001 വരെ ഗ്രാമപഞ്ചായത്ത് മാർക്കറ്റ് ഗേറ്റ് പിരിവിനുള്ള അവകാശം 92,000 രൂപയ്ക്ക് ലേലത്തിൽ നൽകുകയുണ്ടായി. ലേലക്കാരൻ മുഴുവൻ തുകയും ഉടൻ ഒടുക്കുകയോ കരാർ വയ്ക്കുകയോ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുയോ ചെയ്തില്ല. കരാർ ചെയ്യാതിരിക്കുകയും ലേലത്തുക മുഴുവൻ അടയ്ക്കാതിരിക്കുകയും ചെയ്തിട്ടും ലേലം റദ്ദ് ചെയ്യേണ്ടതിനുപകരം ലേലക്കാരന് ഗേറ്റ് പിരിവ് നടത്താനുള്ള അവകാശം നൽകിയത് ഗുരുതരമായ വീഴ്ചയാണ്. മൂന്നുതവണകളായി ഒടുക്കിയത് 63,000 രൂപ മാത്രമാണ്. ഒടുക്കിയ തുകയിൽ 6,910 രൂപ പിഴപ്പലിശയും

ലേലത്തുക 56,090 രൂപയുമാണ്. അവശേഷിക്കുന്ന 35,910 രൂപ 31-12-2003 വരെയുള്ള പിഴപ്പലിശ 20,472 രൂപയും ചേർത്ത് 56,382 രൂപ പഞ്ചായത്തിന് നഷ്ടമായി. ഇത് കൂടാതെ 1-1-2004 മുതൽ പിഴപ്പലിശ വീണ്ടും കണക്കാക്കേണ്ടതുണ്ട്. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട്—ഖണ്ഡിക നമ്പർ 3.1.1.1.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി1/07/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി:—

191. ഓഡിറ്റ് പരാമർശപ്രകാരം 35,910 രൂപ കുടിശ്ശികയും പിഴപ്പലിശ 20,472 രൂപയും ചേർത്ത് 56,382 രൂപയാണ് പഞ്ചായത്തിന് നഷ്ടമായത്. നാളിതുവരെ ഈ ഓഫീസിൽ ഒടുക്കിയിട്ടില്ല. പ്രസ്തുത തുക ഈടാക്കുന്നതിന് കരാറുകാരനെതിരെ നിയമനടപടി സ്വീകരിച്ചിട്ടില്ല. 2000-01 വർഷത്തിലെ പഞ്ചായത്ത് സെക്രട്ടറിമാർ ശ്രീ. എൽ. അബ്ദുൾ റഹ്മാൻ, ശ്രീ. കെ. നീലകണ്ഠപ്പിള്ള, ശ്രീ. എൻ. ഗോപകുമാർ എന്നിവരാണ് 4-6-2007-ന് 2000-01-ലെ കരാറുകാരനായ വിളപ്പിൽശാല പടവൻകോട് തടത്തരികത്ത് പുത്തൻവീട്ടിൽ ശ്രീ. എ. സലീം എന്നയാൾക്ക് മാർക്കറ്റ് ലേലത്തിൽ പിടിച്ചവകയിൽ നാളിതുവരെ ഒടുക്കുവാനുള്ള തുകയ്ക്ക് നോട്ടീസും നൽകിയിട്ടുണ്ട്.

192. 6-2-2008-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ മാർക്കറ്റ് ലേലം ചെയ്യുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളെ സംബന്ധിച്ച് സമിതി വിശദവിവരം ആരാഞ്ഞതിന്, ലേലം കഴിഞ്ഞാലുടൻ നാലിലൊന്ന് തുക കെട്ടിവയ്ക്കണമെന്നും പഞ്ചായത്ത് കമ്മിറ്റി ലേലം അംഗീകരിച്ചാൽ ലേലത്തുകയുടെ 5% തുക വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കണമെന്നും ലേലം കൊള്ളുന്ന വ്യക്തി ലേലത്തുക മൊത്തമായോ മൂന്നുതവണകളായോ അടയ്ക്കണമെന്നും സോൾവൻസി സർട്ടിഫിക്കറ്റ് സമർപ്പിച്ചിരിക്കണമെന്നും ഹെഡ് ക്ലാർക്ക് സമിതിയെ അറിയിച്ചു. വിളപ്പിൽ പഞ്ചായത്ത് 2000-01-ൽ സോൾവൻസിയോ ഉടമ്പടിയോ ഇല്ലാതെ കരാർ നൽകിയിരിക്കുന്നത് സംബന്ധിച്ച് വിശദവിവരം ആരാഞ്ഞതിന്, സോൾവൻസി കാലഹരണപ്പെട്ടതായിരുന്നു വെന്നും എഗ്രിമെന്റും ഉണ്ടായിരുന്നില്ലെന്നും ഹെഡ് ക്ലാർക്ക് അറിയിച്ചു. ലേലത്തുക അടയ്ക്കാത്തതെന്താണെന്നും, എന്തുകൊണ്ടാണ് എഗ്രിമെന്റ് ഇല്ലാതിരുന്നതെന്നും അയാളുടെ ലേലം റദ്ദ് ചെയ്തോയെന്നും തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്നും അയാളുടെ പേരെന്താണെന്നും സമിതി ആരാഞ്ഞു. ലേലത്തുകയിൽ 56,832 രൂപ മുതലും പലിശയുമായി ഇനി അടയ്ക്കാനുണ്ടെന്നും അയാളുടെ ലേലം റദ്ദ് ചെയ്തിട്ടില്ലെന്നും തുക ഈടാക്കുന്നതിന് ആർ.ആർ. നടപടിക്ക് നോട്ടീസ് കൊടുത്തിട്ടു ണ്ടെന്നും ശ്രീ. എ. സലീം എന്നാണ് അയാളുടെ പേരെന്നും അയാൾ സുഖമില്ലാതെ കിടപ്പിലാണെന്നും ഹെഡ് ക്ലാർക്ക് അറിയിച്ചു.

193. നടപടിക്രമങ്ങൾ പാലിക്കാതെയും, എഗ്രിമെന്റ് വയ്ക്കാതെയും മാർക്കറ്റ് ലേലം ചെയ്തുകൊടുത്തതിനാൽ ശ്രീ. സലീമിൽ നിന്ന് തുക ഈടാക്കാൻ കഴിയുകയി ല്ലെന്നും ആയതിനാൽ ചട്ടങ്ങൾ പാലിക്കാതെ അന്ന് ലേലം നൽകിയ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഓഡിറ്റ് തടസ്സം കാണിച്ച് മുൻസെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ടെന്നും ലേലം നടന്ന കാലഘട്ടത്തിലെ സെക്രട്ടറി ശ്രീ. അബ്ദുൾ റഹ്മാൻ യോഗത്തിൽ ഹാജരായിട്ടില്ലെന്നും 4-6-2007-ൽ കത്തയച്ചിട്ടുണ്ടെന്നും ഹെഡ് ക്ലാർക്ക് സമിതിയെ അറിയിച്ചു. ലേലം

റദ്ദാക്കുന്നതിനോ നിയമാനുസൃതമല്ലാതെ ചെയ്തിരിക്കുന്ന കാര്യം തിരുത്തുന്നതിനോ ഇപ്പോഴത്തെ സെക്രട്ടറി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് ഒക്ടോബർ മാസം വരെയുള്ള രണ്ടു തവണ തുകയും അയാൾ മുടക്കം കൂടാതെ അടച്ചിരുന്നെന്നും എഗ്രിമെന്റ് വച്ചിട്ടില്ലെന്നകാര്യം അറിഞ്ഞിരുന്നില്ലെന്നും മുടക്കം കൂടാതെ പണം അടച്ചിരുന്നതിനാൽ ഇക്കാര്യം ശ്രദ്ധിച്ചിരുന്നില്ലെന്നും വിളപ്പിൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി മറുപടി പറഞ്ഞു.

194. പഞ്ചായത്തിന് നഷ്ടംവന്ന 56,382 രൂപ അന്നത്തെ സെക്രട്ടറിയായ ശ്രീ. അബ്ദുൾ റഹ്മാന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും ഒരു മാസത്തിനകം ആർ.ആർ. നടപടി സ്വീകരിച്ച് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13-10-2008-ലെ എൽ.എഫ്. 20396/ സ്പെ.സെൽ (ജി2)/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരങ്ങൾ താഴെ ചേർക്കുന്നു :

195. "25-3-2000-ൽ നടന്ന മാർക്കറ്റ് ഫീസ് പിരിവിനുള്ള അവകാശം ലേലം കൊണ്ടത് ശ്രീ. സലീം എന്ന കരാറുകാരനാണ്. ലേല നിബന്ധനകൾ പ്രകാരം യഥാസമയം കരാർ ഒപ്പിട്ടു സൂക്ഷിക്കാതിരുന്നതിനാലും, സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാതിരുന്നതിനാലും 25-4-2000 വരെ സെക്രട്ടറിയായിരുന്ന ശ്രീ. അബ്ദുൾ റഹ്മാന്റെ വീഴ്ചയാണ്, നഷ്ടത്തിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ടിയാന് ഒഴിവാക്കാനാവുംവിധം സമർത്ഥിക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല."

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-3-2009-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ഇപ്രകാരം അറിയിച്ചിരിക്കുന്നു :

196. "ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം നഷ്ടം വരുത്തിയ ഉദ്യോഗസ്ഥനായ ശ്രീ. അബ്ദുൾ റഹ്മാൻ, പൗർണ്ണമി, ഭഗവതി നഗർ, എൻ. സി.സി. റോഡ്, അമ്പലമുക്ക് പി.ഒ., തിരുവനന്തപുരം എന്നയാളിൽ നിന്നും 56,382 രൂപയുടെ റവന്യൂ റിക്കവറി നടത്തുന്നതിന് വേണ്ടിയുള്ള അപേക്ഷ ബഹു. തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്ന് വിളപ്പിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ടിയാൻ WP(C) No.17520/08(1) പ്രകാരം ടിയാന്റെ ആർ.ആർ. നടപടി ബഹു. കേരള ഹൈക്കോടതി 12-6-2008-ൽ സ്റ്റേ നൽകിയിട്ടുണ്ട്. ഈ സ്റ്റേ ഇപ്പോഴും നിലവിലുണ്ടെന്ന വിവരം സെക്രട്ടറി അറിയിച്ചു."

മുൻ പഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ. അബ്ദുൾ റഹ്മാൻ, ശ്രീ. ഗോപകുമാരൻ, ശ്രീ. കെ. നീലകണ്ഠപിള്ള, ശ്രീ. ആർ. ചന്ദ്രമോഹനനൻ നായർ എന്നിവരെ നേരിൽ കേട്ടും പഞ്ചായത്തിൽ ലഭ്യമായ രേഖകൾ പരിശോധിച്ചും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് താഴെ കൊടുക്കുന്നു :

197. വിളപ്പിൽ പഞ്ചായത്തുവക മാർക്കറ്റിലെ ഗേറ്റ് പിരിവ് ലേലം ചെയ്തു നൽകിയ തീരുമാനം പഞ്ചായത്ത് കമ്മിറ്റി എടുത്തത് 30-3-2000-ലാണ്. അന്ന് പഞ്ചായത്ത് സെക്രട്ടറിയായിരുന്നത് ശ്രീ. എൻ. അബ്ദുൾ റഹ്മാനായിരുന്നു. പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തപ്പോൾ തന്നെ നിയമപ്രകാരം കരാർ ഉടമ്പടി

ഒപ്പുവയ്ക്കേണ്ടതും ലേല നിബന്ധനകളനുസരിച്ചുള്ള തുക പഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതുമായിരുന്നു. എന്നാൽ 2000-01-ലെ മാർക്കറ്റ് ലേലവുമായി ബന്ധപ്പെട്ട് കരാർ വയ്ക്കുകയോ കരാറുകാരൻ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്തിട്ടില്ല. 1-4-2000 മുതൽ പഞ്ചായത്തുമായി കരാർ വയ്ക്കാത്ത വ്യക്തിയെ മാർക്കറ്റ് പിരിവിന് അനുവദിച്ചത് പഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണ്. ശ്രീ. അബ്ദുൾ റഹ്മാൻ തന്ന മൊഴിയിൽ ലേലം കൊണ്ട ശ്രീ. സലീമുമായി എഗ്രിമെന്റ് വച്ചിരുന്നില്ലെന്നും കാലഹരണപ്പെട്ട സോൾവൻസി സർട്ടിഫിക്കറ്റിനുപകരം പുതിയ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നെന്നും തുടർന്ന് 25-4-2000-ൽ പഞ്ചായത്തിൽ നിന്ന് സ്ഥലം മാറിപോയതിനാൽ പഞ്ചായത്തിന് നഷ്ടം വന്ന തുകയ്ക്ക് താൻ ഉത്തരവാദിയല്ലെന്നും പ്രസ്താവിച്ചിട്ടുണ്ട്. ആദ്യഗഡു ആയ 17,000 രൂപ 5-4-2000-ൽ പഞ്ചായത്തിൽ സ്വീകരിച്ചത് സെക്രട്ടറിയായിരുന്ന തന്റെ അറിവോടെയായിരുന്നില്ലെന്നും ശ്രീ. അബ്ദുൾ റഹ്മാൻ പ്രസ്താവിക്കുകയുണ്ടായി

എന്നാൽ ശ്രീ. അബ്ദുൾ റഹ്മാന്റെ മേൽപ്പറഞ്ഞ വാദങ്ങളൊന്നും നിലനിൽക്കുന്നതല്ല. 25-4-2000 വരെ ശ്രീ. അബ്ദുൾ റഹ്മാൻ പഞ്ചായത്തിലെ സെക്രട്ടറിയായിരുന്നു. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം കൊണ്ടയാൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. കരാറുകാരൻ തവണ വ്യവസ്ഥയിൽ പണം അടയ്ക്കുവാനുള്ള സൗകര്യം ആവശ്യപ്പെടുകയാണെങ്കിൽ അതിനുവേണ്ട സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിവയ്ക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. ഇതെല്ലാം 1-4-2000-നുമുമ്പ് ചെയ്യേണ്ടതുമായിരുന്നു. ലേലം കൊണ്ടയാൾ മാർക്കറ്റ് പിരിവ് തുടങ്ങുന്നതിനു മുമ്പ് വ്യക്തമായ വ്യവസ്ഥകളോടെ കരാർ ഉടമ്പടിയിൽ ഏർപ്പെട്ടുവെന്ന് ഉറപ്പുവരുത്തുന്നതിലും മതിയായ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ശ്രീ. അബ്ദുൾ റഹ്മാൻ വീഴ്ച വരുത്തി. മതിയായ കരാറിന്റെ അഭാവത്തിൽ കുടിശ്ശിക വരുത്തിയ തുക നിയമപ്രകാരം ഈടാക്കുന്നതിന് പഞ്ചായത്തിന് കഴിയാതെ വന്നു.

ലേലം നടന്ന സമയത്ത് പഞ്ചായത്തിൽ ഇതു സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്തിരുന്നത് സജീവ്ലാൽ എന്ന യു.ഡി.സി.യായിരുന്നു. ടിയാൻ 2000-01 കാലഘട്ടത്തിൽ വിളപ്പിൽ പഞ്ചായത്തിൽ തുടർച്ചയായി സേവനം അനുഷ്ഠിച്ചിരുന്നു. ഇപ്പോൾ ടിയാൻ മലപ്പുറം ജില്ലയിലെ മൊറയൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനം അനുഷ്ഠിക്കുകയാണ്. തെളിവെടുപ്പിനായി നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരായില്ല. ലേല സമയത്തും തുടർന്നും ഇതു സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനെന്ന നിലയിൽ ചന്തപ്പിരിവു സംബന്ധിച്ച് ഉടമ്പടി വച്ചിട്ടില്ലായെന്നും കരാറുകാരൻ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നില്ലായെന്നുമുള്ള വസ്തുതകൾ തുടർന്നുവന്ന സെക്രട്ടറിമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് മേൽപ്പടിയാന്റെ ഉത്തരവാദിത്വമാണ്. എന്നാൽ ശ്രീ. അബ്ദുൾ റഹ്മാനുശേഷം സേവനമനുഷ്ഠിച്ച ശ്രീ. നീലകണ്ഠപിള്ള, ശ്രീ. ഗോപകുമാരൻ എന്നിവരുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുകയോ വേണ്ട നടപടികൾ

നിർദ്ദേശിക്കുകയോ ചെയ്തതായി രേഖകളില്ല. അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് മേൽപ്പറഞ്ഞ രണ്ടു സെക്രട്ടറിമാരും മൊഴി നൽകിയിട്ടുണ്ട്. അതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന് ശ്രീ. സജീവ് ലാലും ഉത്തരവാദിയാണ്.

ശ്രീ. എൻ. അബ്ദുൾ റഹ്മാനുശേഷം പഞ്ചായത്ത് സെക്രട്ടറിമാരായി സേവന മനുഷ്ഠിച്ച ശ്രീ. കെ. നീലകണ്ഠപിള്ള, ശ്രീ. കെ. ഗോപകുമാരൻ എന്നിവർ ലേല നടപടികളുമായി നേരിട്ട് ബന്ധപ്പെട്ടവരല്ല. ഫയലുകൾ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥനായിരുന്ന ശ്രീ. സജീവ് ലാൽ ലേലസംബന്ധമായ വിഷയങ്ങൾ അവരുടെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിൽ മാത്രമേ വിഷയങ്ങൾ അവരുടെ അറിവിൽ പെടുമായിരുന്നുള്ളൂ. ശ്രീ. കെ. നീലകണ്ഠപിള്ളയുടെ കാലത്ത് ലേലം കൊണ്ടയാൾ രണ്ടു ഗഡു തുക പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. പ്രസ്തുത അടവാക്കലുകൾ കരാർ പ്രകാരമുള്ള ഗഡുക്കളായിരിക്കാമെന്ന് ധരിച്ചിട്ടുണ്ടെങ്കിൽ അതിന് അദ്ദേഹത്തെ കുറ്റം പറയാൻ കഴിയില്ല. സാമ്പത്തിക വർഷാവസാനം സെക്രട്ടറിയായിരുന്ന ശ്രീ. ഗോപകുമാരന് കരാറിന്റെ അഭാവത്തിൽ തുക ഈടാക്കാൻ നിയമ നടപടികൾ സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ടാവില്ല. ഈ കാരണങ്ങളാൽ പഞ്ചായത്തിനുണ്ടായ നഷ്ടത്തിനുത്തരവാദികൾ 25-4-2000 വരെ സെക്രട്ടറിയായിരുന്ന ശ്രീ. എൻ. അബ്ദുൾ റഹ്മാനും യു.ഡി.സി.-യായിരുന്ന ശ്രീ. സജീവ് ലാലുമാണ്. നഷ്ടപ്പെട്ട തുക ഇവരിൽ രണ്ടുപേരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

198. **മാർക്കറ്റ് ലേലം—നിബന്ധനകൾ പാലിച്ചിട്ടില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട് സമിതി നിർദ്ദേശപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നടത്തിയ വിശദമായ അന്വേഷണത്തിൽ പഞ്ചായത്തിനുണ്ടായ ബാദ്ധ്യതയ്ക്ക് ഉത്തരവാദികൾ പരാമർശ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. എൻ. അബ്ദുൾ റഹ്മാനും, യു.ഡി.സി.-യായിരുന്ന ശ്രീ. സജീവ് ലാലുമാണെന്ന് വ്യക്തമായിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാദ്ധ്യത തുക പലിശയും ഉൾപ്പെടെ ടി രണ്ടു വ്യക്തികളിൽനിന്നും തുല്യമായി ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സ് വാടക യഥാസമയം പിരിച്ചെടുത്തില്ല—1.08 ലക്ഷം നഷ്ടം**

പേയാട് ഷോപ്പിംഗ് കോംപ്ലക്സിലെ 1, 2, 4 എന്നീ കടമുറികളുടെ വാടക 8/97 മുതൽ കുടിശ്ശികയാണ്. കരാർ വയ്ക്കാതെ കട നടത്തുവാൻ അനുവാദം നൽകിയതു വഴി വാടക കൊടുക്കാൻ കൂട്ടാക്കാത്ത വാടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കാൻ നിയമനടപടിപോലും സ്വീകരിക്കാൻ കഴിയില്ല. 31-3-2002 വരെയുള്ള പിഴപ്പലിശ സഹിതം 1,08,327 രൂപ ഈ ഇനത്തിൽ പഞ്ചായത്തിനു നഷ്ടം വന്നിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.1.1.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി. 1/07/നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി :

199. പേയാട് ഷോപ്പിംഗ് കോംപ്ലക്സിലെ 1, 2, 4 എന്നീ കടമുറികളുടെ വാടക 8/97 മുതൽ കുടിശ്ശികയായ തുക പിഴപ്പലിശ സഹിതം 1,34,545 രൂപ ഈടാക്കിയിട്ടുണ്ട്. (ഓഡിറ്റിൽ 1,08,327 രൂപയാണ് നഷ്ടം സംഭവിച്ചതായി കാണിച്ചിട്ടുള്ളത്)

| *ക്രമ നമ്പർ* | *രസീത് നമ്പർ* | *തീയതി* | *തുക* |
|---|---|---|---|
| 1 | 52857/42 | 16-11-1998 | 5,700 |
| 2 | 52892/82 | 15-11-1999 | 2,120 |
| 3 | 52892/84 | 15-11-1999 | 2,080 |
| 4 | 6232/36 | 30-3-2002 | 3,306 |
| 5 | 6232/37 | 30-3-2002 | 3,300 |
| 6 | 84429/70 | 24-6-2003 | 25,000 |
| 7 | 84429/71 | 24-6-2003 | 25,000 |
| 8 | 84448/08 | 29-11-2003 | 20,000 |
| 9 | 84468/24 | 31-3-2004 | 13,774 |
| 10 | 84468/25 | 31-3-2004 | 12,265 |
| 11 | 84472/89 | 14-6-2004 | 15,000 |
| 12 | 38619/05 | 17-1-2005 | 7,000 |
| | | ആകെ | 1,34,545 |

200. ഷോപ്പിംഗ് കോംപ്ലക്സ് വാടക യഥാസമയം പിരിച്ചെടുക്കാത്തതിനാൽ ഉണ്ടായ 1.08 ലക്ഷം രൂപയുടെ നഷ്ടം സംബന്ധിച്ച് സമിതി 6-2-2008-ൽ നടന്ന തെളിവെടുപ്പുയോഗത്തിൽ വിശദീകരണം ആരാഞ്ഞു. പലിശയടക്കം വാടക പിരിച്ചെടുത്തിട്ടുണ്ടെന്നും വിവരം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിൽ അറിയിച്ചിട്ടുണ്ടെന്നും വിളപ്പിൽശാല ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് ഹെഡ്ക്ലാർക്ക് മറുപടി പറഞ്ഞു. എ.ഡി.പി. ഓഫീസിൽ അറിയിച്ചാൽ പോരാ, എൽ.എഫ്.എ.ഡി.-യെ തന്നെ അറിയിക്കണമെന്ന് ചൂണ്ടിക്കാട്ടിയ കമ്മിറ്റി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സാധിക്കുമോ എന്നു പരിശോധിക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-6-2008-ലെ എൽ.എഫ്. 20396/ സ്പെ.സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു :

201. പേയാട് ഷോപ്പിംഗ് കോംപ്ലക്സിലെ 1, 2, 4 എന്നീ കടമുറികളുടെ 8/97 മുതലുള്ള വാടക കുടിശ്ശിക പിഴപ്പലിശയടക്കം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

202. **ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരുന്ന നഷ്ടം പിഴപ്പലിശയടക്കം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന് ധനസഹായം പ്രയോജനരഹിതമായി**

1998-99-ൽ അംഗീകരിച്ച ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന് പദ്ധതി വിഹിതമായി 2,58,270 രൂപയും ഗുണഭോക്തൃ വിഹിതമായി 42,000 രൂപയും ബ്ലോക്ക് വിഹിതമായി 1,00,000 രൂപയും ചേർത്ത് ആകെ 4,00,270 രൂപയാണ് ഉൾക്കൊള്ളിച്ചിരുന്നത്. 1999-2000, 2000-2001 വർഷങ്ങളിൽ പദ്ധതി പണത്തിൽ നിന്നും മാത്രം 5,23,383 ഈ ചാരിറ്റബിൾ സൊസൈറ്റിക്ക് നൽകുകയുണ്ടായി. ഇതുകൂടാതെ പഞ്ചായത്തിന്റെ നീലപാറ സാംസ്കാരിക നിലയത്തിൽ വാടകയൊന്നും കൂടാതെയാണ് യൂണിറ്റ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ ഈ സ്ഥാപനം പ്രവർത്തിക്കുന്നില്ല. പദ്ധതിക്ക് സാങ്കേതിക അനുമതി നൽകിയപ്പോൾ ഉൾക്കൊള്ളിച്ചിരുന്ന വ്യവസ്ഥയനുസരിച്ച് പഞ്ചായത്ത് പണമുപയോഗിച്ചു വാങ്ങുന്ന ആസ്തി എല്ലാംതന്നെ പഞ്ചായത്തിന്റെ വകയായിരിക്കും എന്നാണ്. എന്നാൽ പഞ്ചായത്ത് നൽകിയ അഞ്ചു ലക്ഷത്തിലേറെ രൂപയും വാടകയിനത്തിൽ ലഭിക്കേണ്ട തുകയും നഷ്ടപ്പെട്ട അവസ്ഥയിലാണ് ഇതേപ്പറ്റി ഭരണതലത്തിൽ അന്വേഷണം നടത്തേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.1.1.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി. 1/07/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി :

203. "1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെട്ട ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന് പദ്ധതി വിഹിതമായി 2,58,270 രൂപയും ഗുണഭോക്തൃ വിഹിതമായി 42,000 രൂപയും ബ്ലോക്ക് വിഹിതമായി 1,00,000 രൂപയും ചേർന്ന് ആകെ 4,00,270 രൂപയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. 1999-2000, 2000-2001 വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ നിന്നുമാത്രം 2,53,383 രൂപ ചാരിറ്റബിൾ സൊസൈറ്റിക്ക് നൽകുകയുണ്ടായി. പ്രസ്തുത സ്ഥാപനം വൈദ്യുതി കുടിശ്ശിക വരുത്തുകയും ദീർഘനാളായി പ്രവർത്തനം ഇല്ലാതെ കിടന്നതിനാലും സാമ്പത്തിക നഷ്ടം വരുത്തുന്നതിനാലും പൂട്ടുകയും പഞ്ചായത്ത് കമ്മിറ്റി ടി നിർമ്മാണ യൂണിറ്റിലെ സാധനങ്ങൾ ലിസ്റ്റ് തയ്യാറാക്കി ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്."

204. ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന് നൽകിയ ധനസഹായം പ്രയോജനരഹിതമായെന്ന പരാമർശത്തിന്മേൽ സമിതി 6-2-2008-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ വിശദീകരണമാരാഞ്ഞു. ഇലക്ട്രോണിക് ചോക്ക്

നിർമ്മാണ പ്രോജക്ടിന്റെ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ടോയെന്നും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചാണോ ഈ യൂണിറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നതെന്നും സംഘം നിലവിലുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം വിജയിക്കാത്തതിനാൽ പ്രസ്തുത യൂണിറ്റ് നടത്തിയ വനിതാ സംഘം പൂട്ടുകയുണ്ടായെന്നും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് 1998-99-ൽ രജിസ്റ്റർ ചെയ്ത സംഘത്തിന് ജനകീയാസാത്രൂണ പദ്ധതി പ്രകാരമാണ് പണം നൽകിയതെന്നും 12 പട്ടികജാതി വനിതകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സംഘമായിരുന്നുവെന്നും ഹെഡ്ക്ലാർക്ക് സമിതിയെ അറിയിച്ചു. ഇത്തരത്തിലൊരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോയെന്നും യന്ത്രസാമഗ്രികൾ ഉണ്ടോയെന്നും പഞ്ചായത്തുവകുപ്പ് നോക്കേണ്ടതായില്ലായിരുന്നോ യെന്നും അവിടെയുള്ള സാധനങ്ങളുടെ ലിസ്റ്റ് എടുത്തിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് മുൻ പഞ്ചായത്ത് കമ്മിറ്റി നേരിട്ട് പോയി അന്വേഷിച്ചിരുന്നുവെന്നും അവിടെ ഒന്ന് രണ്ട് മേശയും കസേരയും മാത്രമല്ലാതെ മറ്റു യന്ത്രസാമഗ്രികളൊന്നും ഉണ്ടായിരുന്നില്ലെന്നാണ് മനസ്സിലാക്കാൻ സാധിച്ചതെന്നും ഹെഡ്ക്ലാർക്ക് സമിതിയെ അറിയിച്ചു.

പഞ്ചായത്തിലുള്ള രേഖകൾ സഹിതം വിശദവിവരമടങ്ങുന്ന റിപ്പോർട്ട് ലോക്കൽ ഫണ്ട് ഡയറക്ടർക്ക് നൽകണമെന്ന് സമിതി ആവശ്യപ്പെട്ടു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-6-2008-ലെ എൽ.എഫ്.20396/ സ്പെ.സെൽ(ജി2)/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു :

205. ''പ്രസ്തുത യൂണിറ്റ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് നിലവിൽ ജില്ലാ പഞ്ചായത്തിന്റെ പുതിയ സംരംഭമായ കറിപൗഡർ യൂണിറ്റ് പ്രവർത്തിച്ചു വരുന്നതായി പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. നഷ്ടമീടാക്കുന്നതിന് മുൻ സെക്രട്ടറിക്ക് 21-4-2008-ൽ പഞ്ചായത്തിൽനിന്നും കത്ത് നൽകിയിട്ടുണ്ടെന്ന മറുപടി മാത്രമേ ലഭ്യമായിട്ടുള്ളു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-3-2009-ലെ 73811/എ.ബി. 1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

206. "WP(C) No. 17520/08 (1) പ്രകാരം ശ്രീ. അബ്ദുൾ റഹ്മാൻ ഫയൽ ചെയ്ത കേസിന്മേൽ ബഹു. കേരള ഹൈക്കോടതി 12-6-2008-ൽ സ്റ്റേ നൽകിയിട്ടുണ്ട്. ഈ സ്റ്റേ ഇപ്പോഴും നിലവിലുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

**നിഗമനങ്ങൾ/ശുപാർശകൾ**

**207. ശ്രീ. അബ്ദുൾ റഹ്മാൻ ഫയൽ ചെയ്ത WP(C) No. 17520/08 (1) കേസിൽ കോടതി അനുവദിച്ച സ്റ്റേ ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും കേസ് ത്വരിതപ്പെടുത്തി തീർപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## കല്ലറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വ്യാജ ചെലാനുകൾ ഹാജരാക്കി പണാപഹരണം**

2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്തിലെ ജീവനക്കാരുടെ പെൻഷൻ വിഹിതം, പ്രോവിഡന്റ് ഫണ്ട്, എസ്.എൽ.ഐ. പ്രീമിയം, ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം എന്നിവ ഒടുക്കുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും പലപ്പോഴായി പിൻവലിച്ച 1,54,328 രൂപ വ്യാജ ട്രഷറി ചെലാനുകൾ ഹാജരാക്കി അപഹരിച്ചതായി കണ്ടെത്തി. ഈ വസ്തുതകൾ ട്രഷറിയിൽ നിന്നും ലഭിച്ച സാക്ഷ്യപ്പെടുത്തിയ ഒടുക്ക് വിവരം കാണിക്കുന്ന പത്രിക മുഖേന ഓഡിറ്റ് സ്ഥിരീകരിക്കുകയും വിശദാംശങ്ങൾ 12-7-2004-ൽ പുറപ്പെടുവിച്ച എൽ.എഫ്.റ്റി.ഡി.എഫ്. 3/819/ 2004 സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ (2003) പഞ്ചായത്തിൽ നിന്നും വിരമിച്ച ഫുൾടൈം സ്വീപ്പറുടെ 3/97 മുതൽ 8/00 വരെയുള്ള ശമ്പളക്കുടിശ്ശികയായ 25,512 രൂപ വൗച്ചർ 36/11-03 പ്രകാരം പിൻവലിക്കുകയും തുക ബന്ധപ്പെട്ട കക്ഷിക്ക് നൽകാതെ അപഹരിച്ചതായും ഓഡിറ്റിൽ കണ്ടെത്തി. ഇപ്രകാരം ആകെ 1,79,840 രൂപയുടെ പണാപഹരണം ഗ്രാമപഞ്ചായത്തിൽ 2002-2003, 2003-04 കാലഘട്ടത്തിൽ നടന്നതായി ഓഡിറ്റിൽ കണ്ടെത്തുകയും കൂടുതൽ അന്വേഷണം ആവശ്യമായ 2,40,848 രൂപയുടെ ടി കാലയളവിൽ മറ്റു ചെലവുകൾ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.1.2.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/എ.ബി.1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി :

208. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വി.സി. 7/08 റ്റി.വി.എം. നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

209. സമിതിയുടെ 6-2-2008-ൽ ചേർന്ന തെളിവെടുപ്പ് യോഗത്തിൽ വ്യാജമായി ചെലാനുകൾ ഹാജരാക്കി പണാപഹരണം നടത്തിയ സെക്രട്ടറിയുടെ പേരെന്താണെന്നും അയാൾക്കെതിരെ വിജിലൻസ് എൻക്വയറി നടക്കുന്നുണ്ടോയെന്നും അയാൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും അയാൾ ധനാപഹരണം നടത്തിയതായി ലോക്കൽ പോലീസ് സ്റ്റേഷനിൽ പരാതികൊടുത്തിരുന്നോയെന്നും സമിതി ആരാഞ്ഞതിന് പണാപഹരണം നടത്തിയ മുൻ സെക്രട്ടറി ശ്രീ. സുധാകരനാണെന്നും അദ്ദേഹം ഇപ്പോൾ പെൻഷനായെന്നും അന്നത്തെ ഭരണസമിതി തീരുമാനമെടുത്ത് ഗവൺമെന്റിലേക്ക് അയയ്ക്കുകയും അതിന്മേൽ വിജിലൻസ് അന്വേഷണം നടത്തി കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായെന്നും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായാണ് ഫയലിൽ കാണുന്നതെന്നും സെക്രട്ടറിയുടെ ചുമതലയുള്ള ജൂനിയർ സൂപ്രണ്ട് സമിതിയെ അറിയിച്ചു. അയാൾക്കെതിരെ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും സർവ്വീസിൽ നിന്നും മാറ്റിനിർത്തിയിട്ടുണ്ടോയെന്നുമുള്ള

സമിതിയുടെ ചോദ്യത്തിന് അയാൾക്കെതിരെ അന്വേഷണം നടത്തി 12% പലിശയുൾപ്പെടെ തുക തിരിച്ചടയ്ക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചെന്ന് പഞ്ചായത്തു ഡയറക്ടർ സമിതിയെ അറിയിച്ചു. 6-1-2002-ലെ കത്തു പ്രകാരം വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയതിനെ തുടർന്ന് വകുപ്പുതല അന്വേഷണവും വിജിലൻസ് അന്വേഷണവും ഒരുമിച്ചുകൊണ്ടു പോകാൻ പാടില്ലെന്നും 12-5-1992-ലെ ഗവൺമെന്റ് ഉത്തരവു പ്രകാരം വകുപ്പുതല നടപടി നിർത്തിവയ്ക്കുകയാണുണ്ടായതെന്നും അദ്ദേഹം തുടർന്ന് അറിയിച്ചു. കുറ്റക്കാരനായ ഉദ്യോഗസ്ഥന് ഡി.സി.ആർ.ജി. നൽകിയിട്ടില്ലെന്ന് ജൂനിയർ സൂപ്രണ്ട് വെളിപ്പെടുത്തി.

210. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, എസ്.എൽ.ഐ., ഗ്രൂപ്പ് ഇൻഷുറൻസ് പ്രീമിയം എന്നിവയിൽ അടയ്ക്കാനായി പലപ്പോഴായി പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച 1,54,328 രൂപ വ്യാജ ചെലാനുകൾ നൽകി അപഹരിച്ചതായി വ്യക്തമായ തെളിവുള്ള കേസ്സിൽ ബന്ധപ്പെട്ട സെക്രട്ടറിയെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്താത്തതിലും സർവ്വീസിലിക്കുന്ന ഒരാൾ ഇത്തരത്തിലുള്ള തെറ്റുകൾ ചെയ്താൽ അയാളെ മാറ്റിനിർത്തി വകുപ്പുതല അന്വേഷണം നടത്താത്തതിലും സമിതി അതൃപ്തി രേഖപ്പെടുത്തി. ധനാപഹരണം നടന്നിരിക്കുന്നത് 2002-03-ലാണെന്നും 2007-ലെ ഉത്തരവനുസരിച്ചാണ് വിജിലൻസിന് കേസ് വിട്ടിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. ഈ കേസിന്റെ നിലവിലുള്ള സ്ഥിതിയും മുൻ സെക്രട്ടറിയുടെ പെൻഷനിൽ നിന്ന് തുക തിരിച്ചുപിടിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ഓഡിറ്റ് പരാമർശത്തിന് സമിതി നിർദ്ദേശാനുസരണം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16-12-2008-ലെ 73811/എ.ബി. 1/07 തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം :

211. "ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശപ്രകാരം ടിയാനിൽ നിന്ന് തുക ഈടാക്കുന്നതിന് 27-5-2008-ൽ ആർ.ആർ. ഡിമാന്റ് നോട്ടീസ് നല്കിയിട്ടുണ്ട്. ആയതിന് ടിയാൻ നല്കിയ മറുപടി ലോക്കൽ ഫണ്ട് ഓഡിറ്റർക്ക് സെക്രട്ടറി 25-6-2008-ലെ എ1-211/08 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്. ടി പണാപഹരണത്തെ സംബന്ധിച്ച് വിജിലൻസ് ആന്റ് കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വി.സി.7/06 റ്റി.വി.എം. കേസിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമല്ലായെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രാദേശിക പരിശോധന നടത്തി 20-12-2008-ലെ എൽ.എഫ്. 20396/സ്പെ.സെൽ (ജി2)/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

212. ''2002-2003, 2003-04 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്തിലെ ജീവനക്കാരുടെ പെൻഷൻ വിഹിതം, പ്രോവിഡന്റ് ഫണ്ട്, എസ്.എൽ.ഐ. പ്രീമിയം, ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം എന്നിവ ഒടുക്കുന്നതിനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും വ്യാജ ചെലാനുകൾ ഹാജരാക്കി പണാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട

ഓഡിറ്റ് പരാമർശങ്ങളിന്മേൽ കല്ലറ ഗ്രാമ പഞ്ചായത്തിൽ നടത്തിയ പ്രാദേശിക പരിശോധനയുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന വിവരങ്ങൾ സമിതിയെ അറിയിക്കുന്നു.

(1) വിജിലൻസ് കേസിന്റെ നിലവിലുള്ള അന്വേഷണ ഫലം സംബന്ധിച്ച വിവരങ്ങളൊന്നുംതന്നെ പഞ്ചായത്തിൽ ലഭ്യമല്ല.

(2) ടി പഞ്ചായത്തിൽ യു. ഡി. ക്ലാർക്കായിരുന്ന ശ്രീ. എൻ. തങ്കച്ചൻ കുറ്റം ഏറ്റെടുക്കുകയും നഷ്ടം പരിഹരിക്കാമെന്ന് എഴുതി നൽകുകയും ചെയ്തതായും 26-9-2005-ൽ പഞ്ചായത്ത് ഡയറക്ടർ ടിയാന് കുറ്റാരോപണ മെമ്മോ നൽകിയതായും രേഖകളിൽ കാണുന്നു (ഉത്തരവുകൾ ലഭ്യമല്ല). എന്നാൽ തുകയൊന്നും ഈടാക്കിയിട്ടില്ല.

(3) ശ്രീ. എൻ. തങ്കച്ചനെ 28-1-2006-ൽ തുടർ അച്ചടക്ക നടപടിക്ക് വിധേയമായി തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ച് പാലക്കാട് ജില്ലയിലെ അഗളി ഗ്രാമപഞ്ചായത്തിൽ നിയമനം നൽകിയതായി രേഖകളിൽ കാണുന്നു. മറ്റ് തുടർ വിശദാംശങ്ങൾ ലഭ്യമല്ല.

(4) മുൻ സെക്രട്ടറിയായിരുന്ന ശ്രീ. കെ. സുധാകരന് നിലവിലെ സെക്രട്ടറി 27-5-08-ൽ 2,10,212 രൂപ ഒടുക്കുവാൻ ആവശ്യപ്പെട്ട് റവന്യൂ റിക്കവറി നോട്ടീസ് നൽകിയതായും കാണുന്നു.

ഇക്കാര്യത്തിൽ മറ്റ് ക്രിയാത്മക നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലെന്നും കേസിന്റെ അന്വേഷണഫലം ലഭ്യമല്ലായെന്നുമുള്ള വിവരം സമിതിയെ അറിയിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

213. **വ്യാജ ചെലാനുകൾ ഹാജരാക്കി പണാപഹരണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നിലനിൽക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യുക. ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ പഞ്ചായത്തിൽ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. എൻ. തങ്കച്ചൻ കുറ്റം ഏറ്റെടുക്കുകയും നഷ്ടം പരിഹരിക്കാമെന്ന് എഴുതി നൽകുകയുണ്ടായെന്നും തുടർന്ന് പഞ്ചായത്ത് ഡയറക്ടർ ടിയാന് കുറ്റാരോപണ മെമ്മോ നൽകിയതായും രേഖകളിൽ കാണുന്നതായി, സമിതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ സൂചിപ്പിച്ചിരിക്കുന്ന നഷ്ടം അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതിനും, പണാപഹരണം നടത്തിയതിന് അദ്ദേഹത്തിനെതിരെ ക്രിമിനൽ കേസ് ചാർജ് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു.**

## പെരുങ്കടവിള ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണികൾക്ക് അധികം നിരക്ക് നൽകിയത്**

കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തുമ്പോൾ സാധാരണ മണ്ണിന്റെ നിരക്ക് മാത്രമേ നൽകാവൂ എന്ന പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടെ 30-6-1985-ലെ സി6-6113/84/ഇ. കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇപ്രകാരം മണ്ണ്

കൊണ്ടുവരുന്നതിന് നിരക്കു കണക്കാക്കുമ്പോൾ ഡാറ്റ 58-ഉം 59-ഉം പ്രകാരം ഓരോ ലീഡും ലിഫ്റ്റും കുറവ് ചെയ്യേണ്ടതാണെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13584/എഫ്.ഐ.ഡബ്ല്യൂ.4/86/ഫിൻ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകൾക്ക് വിരുദ്ധമായി പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളായ മാരായമുട്ടം എച്ച്. എസ്. മുതുത്തോട്ടം റോഡ് നിർമ്മാണം, മാറാട്ടുകുഴി പട്ടികജാതി കോളനിയിലെ ലിങ്ക് റോഡ് നിർമ്മാണം, മേപ്പാംകോട് പള്ളിവിള റോഡ് പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾക്ക് 25,730 രൂപ അധികം നൽകിയിരുന്നു. തെറ്റായ നിരക്കിൽ അധികമായി നൽകിയ തുക നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.1.3.1)

ഓഡിറ്റ് ഖണ്ഡികക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/ എ.ബി. 1/തസ്വഭവ. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി:

214. "പെരുങ്കടവിള ഗ്രാമപഞ്ചായത്തിന്റെ 2002-03 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. എൽ.എഫ്. സമാഹൃത ഓഡിറ്റു റിപ്പോർട്ടും റിട്ട. എ.ഇ. ശ്രീ. സാം ഡേവിഡിന്റെ കത്തും 29-10-2007-ലെ IV (10) ആയി പഞ്ചായത്ത് കമ്മിറ്റി പരിഗണിച്ചിട്ടുള്ളതാണ്. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള മൂന്ന് പ്രവൃത്തികൾ ലാഭേച്ഛയില്ലാതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് ചെയ്ത പണികളാണ്. 1999-ലെ എസ്റ്റിമേറ്റ് നിരക്കാണ് 2003-04-ൽ നൽകിയിട്ടുള്ളത്. എം.ബുക്ക്, പി.സി. ബില്ലും പ്രകാരമുള്ള തുകയെ ഗുണഭോക്തൃ സമിതിക്ക് നൽകിയിട്ടുള്ളൂ.

ചീഫ് എഞ്ചിനീയറുടെ 6-1-2005-ലെ സർക്കുലറിൽ പ്രസ്താവിച്ചിട്ടുള്ള വിധം ലീഡും ലിഫ്റ്റും വിവിധ റ്റി.എസ്. കമ്മിറ്റികൾ അനുവദിച്ചിട്ടുള്ളതാണെന്ന് വ്യക്തമാകുന്നു. പൊതുമരാമത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന റേറ്റ് അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ലീഡും ലിഫ്റ്റും സംബന്ധിച്ചു ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം 6-1-2005-ൽ ആണ് നൽകിയിട്ടുള്ളതെന്നും ആകയാൽ മുമ്പ് നൽകിവന്ന നിരക്കിൽ അപാകതയില്ലെന്നും, മുൻ. റ്റി.എസ്. കമ്മിറ്റി കൺവീനറും കേരള നിയമസഭാ കോംപ്ലക്സ് സബ്ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയ ശ്രീ. വർഗ്ഗീസ് ഇതേ സംഗതി സംബന്ധിച്ച എഴുതി സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള എ.ഇ.-യും ടി നിരക്ക് നൽകിയത് നിയമപരമായി ആണ് എന്ന് എഴുതി അറിയിച്ചിട്ടുള്ളതാണ്. ടി റോഡ് നിർമ്മാണം മുഖേന പട്ടികജാതി കോളനി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ വൻ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. ടി വർക്കുകൾക്ക് 10% സി.പി. നൽകിയിട്ടില്ല. സന്നദ്ധ സേവനമുൾപ്പെടെ വൻതുക വിനിയോഗിച്ചിട്ടുണ്ട്. ആകയാൽ പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടുള്ളതല്ല. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ മേൽ ബാദ്ധ്യത ഒഴിവാക്കി ഉത്തരവാകണമെന്ന് ബഹുമാനപ്പെട്ട ആഡിറ്റ് മേലധികാരികളോട് അപേക്ഷിച്ചിട്ടുള്ളതാണ്."

215. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട 6-2-2008-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ 25,730 രൂപ അധികമായി കൊടുക്കുവാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് കൺസൾട്ടേഷൻ ചാർജായിട്ടാണ്

പ്രസ്തുത തുക നൽകിയതെന്നും 5 കിലോമീറ്റർ ലോറി കൺവേയൻസ്, കട്ടിംഗ് ചാർജ് എന്നിവയ്ക്കായി ചീഫ് എഞ്ചിനീയർ അംഗീകരിച്ച് കമ്മിറ്റി പാസ്സാക്കിയ തുക മാത്രമേ കൊടുത്തിട്ടുള്ളൂവെന്നും അതിൽ കൂടുതലായി അനാവശ്യമായി ഒരു രൂപയും കൊടുത്തിട്ടില്ലെന്നും മുൻ അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ചീഫ് എഞ്ചിനീയറുടെ 1984-ലെ സർക്കുലറിലുണ്ടായിരുന്നത് ലീഡും ലിഫ്റ്റും കൊടുക്കാൻ പാടില്ലെന്നാണെന്നും അതു കൊടുത്തിട്ടില്ലെന്നും 949 രൂപ എന്നത് തിരുവനന്തപുരം താലൂക്ക് മുഴുവൻ അംഗീകരിച്ച് നൽകി വരുന്ന റേറ്റാണെന്നും പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

216. ഈ വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഡയറക്ടറുടെ അഭിപ്രായം സമിതി ആരാഞ്ഞു. ലീഡും ലിഫ്റ്റും പ്രിലിമിനറി എക്സ്പെൻസിന്റെ ചാർജിലുള്ളതാണെന്നും അത് എടുത്തിട്ടില്ലെന്ന് പറയുന്നതുകൊണ്ട് വിശദവിവരങ്ങൾ സഹിതം ഓഡിറ്റിനു സമർപ്പിക്കുകയാണെങ്കിൽ സ്ഥലം പോയി പരിശോധിച്ച് ഈ വിഷയം പരിഗണിക്കുന്നതാണെന്നും അല്ലാതെ പറയുന്നത് മുൻനിർത്തി തീരുമാനമെടുക്കാൻ സാധിക്കില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകി. ഇതു സംബന്ധിച്ച മുഴുവൻ രേഖകളും മറ്റ് വിശദാംശങ്ങളും രണ്ടാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 25-6-2008-ലെ എൽ.എഫ്. 20396/സ്പെ. സെൽ(ജി2)/07 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം താഴെ ചേർക്കുന്നു :

217. "അധികനിരക്ക് നൽകിയത് സാധൂകരിക്കുന്നതിന് മതിയായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. 1999-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരമാണ് മരാമത്ത് പണികൾ നിർവ്വഹിച്ചിട്ടുള്ളത്. ഇവയിൽ കരാറുകാരന്റെ സ്വന്തം മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുന്നതിന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13584/എഫ്.ഐ. ഡബ്ല്യൂ.സി/86-ാം നമ്പർ സർക്കുലർ പ്രകാരം അനുവദിക്കാവുന്ന നിരക്ക് 730.25 രൂപ മാത്രമാണ്. കൂടാതെ കൺസോളിഡേഷനു നൽകിയ നിരക്കും അനുവദനീയമല്ല.

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സർക്കുലർ നിലനിൽക്കുന്നതിനാൽ മറുപടിയിൽ പറഞ്ഞ പ്രകാരമുള്ള ചീഫ് എഞ്ചിനീയറുടെ സർക്കുലർ നിലനിൽക്കുന്നതല്ല. മേൽ കാരണങ്ങളാൽ പഞ്ചായത്തിനു സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ടെന്നുമുള്ള ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതാണെന്ന് റിപ്പോർട്ടു ചെയ്തു കൊള്ളുന്നു."

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 20-8-2009-ലെ 73811/എ.ബി. 1/07/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം :

218. പരാമർശിത വിഷയവുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സാം ഡേവിഡ് നല്കിയ മറുപടിയും അത് പരിഗണിച്ചു പഞ്ചായത്തിനു സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാൽ ടി ബാദ്ധ്യത ഒഴിവാക്കണമെന്ന് അപേക്ഷിച്ചു കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും മറ്റ് ബന്ധപ്പെട്ട രേഖകളും സഹിതം ലോക്കൽ ഫണ്ടു ഓഡിറ്റ് ഡയറക്ടർക്ക് 7-2-2008-ലെ എ.297/07 നമ്പർ കത്തു പ്രകാരം സമർപ്പിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽ പരാമർശിച്ചിരിക്കുന്ന കത്ത് പരിശോധിച്ച് ഓഡിറ്റ് വകുപ്പ് 31-8-2009-ലെ എൽ.എഫ്. 14484/സ്പെ.സെൽ ജി2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

219. "മരാമത്ത് പണികൾക്ക് അധിക നിരക്ക് നൽകിയെന്ന ഓഡിറ്റ് പരാമർശത്തിന് 5-8-2009-ലെ എ.1007/09 നമ്പർ കത്ത് പ്രകാരം മറുപടി സമർപ്പിച്ചിട്ടുണ്ട്. പരാമർശം ഒഴിവാക്കണമെന്ന പഞ്ചായത്തിന്റെ 24-7-2009-ലെ 4(11)-ാം നമ്പർ തീരുമാനത്തിന്റെ പകർപ്പും മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സാം ഡേവിഡിന്റെ മറുപടിയും കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. സാം ഡേവിഡിന്റെ മറുപടിയും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും പരാമർശത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടുള്ളതല്ല. കൺവീനറുടെ സ്വന്തം മണ്ണുപയോഗിച്ചുള്ള ഫില്ലിംഗിന് പ്രാരംഭ ലീഡും ലിഫ്റ്റും കുറവു ചെയ്യണമെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13,584 എഫ്.എ.ഡബ്ല്യൂ.സി/86-ാം നമ്പർ സർക്കുലർ നിർദ്ദേശിച്ചിട്ടുള്ളത് ചീഫ് ടെക്നിക്കൽ എക്സാമിനറുടെതന്നെ 29-5-2004-ലെ 44,424 എഫ്.ഐ.ഡബ്ല്യൂ.സി3/04/ഫിൻ. കത്ത് പ്രകാരം സ്ഥിരീകരിച്ചിട്ടുള്ളതു മാണ്. എസ്റ്റിമേറ്റ് നിരക്ക് സംബന്ധിച്ച് സി.റ്റി.ഇ.-യുടെ ഉത്തരവാണ് അന്തിമമായി ബാധകമായിട്ടുള്ളത്. മേൽ വർക്കിന്റെ എസ്റ്റിമേറ്റ് ശ്രീ. സാം ഡേവിഡ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയപ്പോൾ ഡേറ്റ ഇനം 56-ൽ 2 ലീഡും ലിഫ്റ്റും ഉൾപ്പെട്ടിട്ടുള്ള തിനാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ മേൽ ഉത്തരവ് പാലിച്ച് ഒരു ലീഡും ലിഫ്റ്റ് കുറവ് ചെയ്യേണ്ടിയിരുന്നു. ആയത് കുറവു ചെയ്യാതിരുന്നതുമൂലം അധിക നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടുപോയതാണ്. അധിക നിരക്ക്/തുക നൽകാൻ കാരണ മെന്നുള്ളതിനാൽ ഉത്തരവാദിത്വത്തിൽ നിന്നും ടിയാനെ ഒഴിവാക്കുവാൻ കഴിയില്ല.

ഈ സാഹചര്യത്തിൽ അധികനിരക്ക് നൽകിയത് മൂലമുള്ള നഷ്ടം ഈടാക്കേണ്ട തായിട്ടുള്ളതിനാൽ പരാമർശം നിലനിൽക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

220. **ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പണികൾ ലാഭേച്ഛയില്ലാതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ളതാണെന്നും എം. ബുക്കും ബില്ലും പ്രകാരമുള്ള തുക മാത്രമേ സമിതികൾക്കു നൽകിയിട്ടുള്ളൂവെന്നും പഞ്ചായത്തിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്നും ഭരണവകുപ്പിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു.**

221. **മണ്ണു ഫില്ലിംഗ് നടത്തുമ്പോൾ ലീഡും ലിഫ്റ്റും കണക്കാക്കുന്നതു സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടേയും ചീഫ് ടെക്നിക്കൽ എക്സാമിനറുടേയും നിർദ്ദേശങ്ങൾ/വിവിധ സർക്കുലറുകൾ ആശയക്കുഴപ്പവും അവ്യക്തതയും നിലനിൽക്കുന്നതിനാൽ ആയത് ദൂരീകരിക്കുന്നതിന് സർക്കാർ തലത്തിൽ ബന്ധപ്പെട്ട അധികാരികൾ ചർച്ച ചെയ്ത് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## നാവായിക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മത്തനാട്ട് കുളം പുനരുദ്ധാരണം : മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല**

1,51,200 രൂപ എസ്റ്റിമേറ്റായുള്ള പണിക്ക് കൺവീനർ നാല് ഗഡുക്കളായി 1,17,500 രൂപ കൈപ്പറ്റി എം.ബുക്ക് പ്രകാരം 50,560 രൂപയ്ക്കുള്ള പണി മാത്രമേ നടത്തിയ തായി കാണുന്നുള്ളൂ. ഗുണഭോക്തൃ സമിതി പണി നടത്തിയതായി വ്യാജരേഖകൾ ചമച്ച് കൺവീനർ മുൻകൂർ കൈപ്പറ്റി വിദേശത്തേക്ക് കടന്നതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. അനർഹമായി കൈപ്പറ്റിയ തുക ഈടാക്കുന്നതിന് കൺവീനറുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഈ വിഷയത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.1.1.5.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 21-12-2007-ലെ 73811/ എബി/07 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി:

222. 28-5-1998-ൽ 1-ാമത് അഡ്വാൻസ് രൂപ 31,500 മൊബിലൈസേഷൻ അഡ്വാൻസ് എന്ന നിലയിലാണ് കൊടുത്തത്. തുടർന്ന് 17-6-1998-ൽ (II) രൂപ 46,000-ഉം 24-6-1998-ൽ (III) രൂപ 30,000-ഉം 17-7-1998-ൽ (IV) രൂപ 10,000-ഉം കൊടുത്തത് പണി സൂപ്പർവൈസ് ചെയ്ത ബി.എൽ.ഇ.സി. മെമ്പറായ എ.ഇ.യുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സെക്യൂവേർഡ് അഡ്വാൻസ് ആയാണ് എം.ബുക്ക്-ൽ 50,560 രൂപ അളവുകൾ മാത്രമെ രേഖപ്പെടുത്തിയിരുന്നുള്ളൂ. തുടർന്ന് വാല്യുവേഷൻ സർട്ടിഫിക്കറ്റുകൾ തന്നുവെങ്കിലും ആകെ നടന്ന പണികൾ (മൂല്യം രൂപ 1,48,744) സംബന്ധിച്ച അളവുകൾ എം.ബുക്കിൽ ചേർക്കാനും ഫൈനൽ ബിൽ തയ്യാറാക്കി സമർപ്പിക്കുവാനും അന്നത്തെ അസിസ്റ്റന്റ് എഞ്ചിനീയർ വീഴ്ച വരുത്തി പണിയുടെ എസ്റ്റിമേറ്റ് രൂപ 1,43,561-ഉം ചെലവ് രൂപ 1,17,500-ഉം ആണ്. പണിയുടെ മൊത്തം വാല്യുവേഷൻ രൂപ 1,48,744 ആണ്. പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വന്നിട്ടില്ല.

223. ഓഡിറ്റ് പരാമർശം സംബന്ധിച്ച സമിതിയുടെ 6-2-2008-ലെ തെളിവെടുപ്പ് യോഗത്തിൽ മത്തനാട്ടുകുളം പുനരുദ്ധാരണത്തിന് മുൻകൂർ പണം കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ ആ തുക തിരിച്ചു പിടിക്കണമെന്ന ഓഡിറ്റ് ഒബ്ജക്ഷൻ സംബന്ധിച്ച ഫയൽ ഉണ്ടോയെന്നും എന്നാണ് മറുപടി കൊടുത്തതെന്നും വർക്ക് ചെയ്തിട്ടുണ്ടോയെന്നും ചെയ്ത പണിയുടെ വിശദാംശങ്ങൾ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു. ഇതു സംബന്ധിച്ച ഫയൽ ഉണ്ടെന്നും ഓഡിറ്റ് റിപ്പോർട്ടിന് എന്നാണ് മറുപടി നൽകിയത് എന്നതു സംബന്ധിച്ച്

കൃത്യമായി അറിയില്ലെന്നും മൊബിലൈസേഷൻ അഡ്വാൻസും പിന്നെ 3 അഡ്വാൻസു മായി നാലു പ്രാവശ്യമായാണ് തുക നൽകിയതെന്നും വാല്യുവേഷൻ പ്രകാരം 1,48,744 രൂപ ചെലവ് വന്നിട്ടുണ്ടെന്നും ചെയ്ത പണി എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടു ണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. 50,560 രൂപയുടെ പണി മാത്രമേ ചെയ്തി ട്ടുള്ളൂവെന്ന് ഓഡിറ്റ് വകുപ്പ് കണ്ടെത്തിയതിനുശേഷമാണോ ബാക്കി പണി നടന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും സമിതി ആരാഞ്ഞതിന് ഓഡിറ്റ് സമയത്ത് അവസാനത്തെ ടോട്ടൽ മാത്രമേ എടുത്തിട്ടുള്ളൂവെന്നും അതിന് മുമ്പുള്ള വർക്ക് രേഖപ്പെടുത്തിയിരുന്നത് നോക്കിയിരുന്നില്ലെന്നും എം. ബുക്കിലെ പേജ് നമ്പർ 7-ൽ 15-6-1999-ൽ 57,504 രൂപ 37 പൈസയും പേജ് നമ്പർ 11-ൽ 24-6-1998-ൽ 40,680 രൂപ 29 പൈസയും പേജ് നമ്പർ 16-ൽ 28-8-1998-ൽ 50,560 രൂപ 27 പൈസയു മടക്കം ആകെ 1,48,744 രൂപ 93 പൈസയുടെ വർക്ക് ചെയ്തതായി രേഖപ്പെടുത്തിയിട്ടു ണ്ടെന്നും 1,51,200 രൂപയാണ് എസ്റ്റിമേറ്റ് തുകയെന്നും സെക്രട്ടറി അറിയിച്ചു. എന്തുകൊണ്ടാണ് ഫൈനൽ ബിൽ തയ്യാറാക്കി സെറ്റിൽ ചെയ്യാത്തതെന്നും കുളം ആളുകൾ ഉപയോഗിക്കുന്നുണ്ടോയെന്നും ആകെ എത്ര രൂപ കൺവീനർക്ക് നൽകിയിട്ടു ണ്ടെന്നും 1,48,246 രൂപയുടെ പണി അയാൾ ചെയ്തിട്ടുണ്ടോയെന്നും അയാൾക്ക് നോട്ടീസ് അയച്ചോയെന്നും എത്ര രൂപയ്ക്കാണ് നോട്ടീസ് അയച്ചതെന്നും സമിതി ആരാഞ്ഞതിന്, പണി പൂർത്തീകരിക്കാത്തതിനാലാണ് ഫൈനൽ ബില്ലാവാത്തതെന്നും കുളം ആളുകൾ ഉപയോഗിക്കുന്നുണ്ടെന്നും കൺവീനർ സ്ഥലം വിട്ടുപോയതിനാലാണ് ഫൈനൽ ബിൽ സെറ്റിൽ ചെയ്യാത്തതെന്നും 1,17,500 രൂപ ആകെ കൊടുത്തിട്ടുണ്ടെന്നും 1,48,246 രൂപയുടെ പണി ചെയ്തതായി വാല്വേഷൻ ഉണ്ടെന്നും പണി പൂർത്തീകരി ക്കാത്തതിനാൽ 18.5% പലിശയടക്കമുള്ള തുകയ്ക്കാണ് നോട്ടീസ് കൊടുത്തതെന്നും സെക്രട്ടറി അറിയിച്ചു. ഭരണസമിതി തീരുമാനത്തിലും കൺവീനർക്കയച്ച നോട്ടീസിലും 50,560 രൂപയുടെ വർക്ക് മാത്രമേ ചെയ്തതായി പറഞ്ഞിട്ടുള്ളൂവെന്ന കാര്യം സമിതി ചൂണ്ടിക്കാട്ടി.

224. ഇത്തരത്തിലുള്ള സംശയം വന്നിട്ടുള്ളതിനാൽ പണിയുടെ കൃത്യത ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചോയെന്നും പണി ഉപേക്ഷിച്ചുപോയ ആളിന്റെ സാന്നിദ്ധ്യം ഇല്ലാതെ എങ്ങനെയാണ് എം. ബുക്കിൽ പണി സംബന്ധിച്ച് രേഖപ്പെടുത്തിയതെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് പണിയുടെ കൃത്യത ഉറപ്പാക്കുന്നതിന് 26-12-2007-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്തയച്ചിരുന്നുവെന്നും അതിന് എം.ബുക്കിൽ പ്രവൃത്തിയുടെ യഥാർത്ഥ അളവുകൾ പ്രസ്തുത പണിയുടെ മേൽനോട്ടം വഹിച്ച ആളിനു മാത്രമേ രേഖപ്പെടുത്തുവാൻ കഴിയുകയുള്ളൂവെന്നും വാല്വേഷൻ മുഖാന്തിരം, ബി.എൽ.ഇ.സി. മെമ്പർ എടുത്തിട്ടുള്ള അളവുകൾ മറ്റൊരാൾക്ക് എം. ബുക്കിൽ പകർത്താൻ അവകാശമില്ലെന്നും മാത്രമല്ല 9 വർഷങ്ങൾക്കുമുമ്പു നടന്ന പ്രവൃത്തിയുടെ അളവുകൾ നിലവിൽ കാണാൻ കഴിയുന്നതു മാത്രമേ ഇപ്പോൾ രേഖപ്പെടുത്താൻ നിർവ്വാഹമുള്ളൂവെന്നുമാണ് മറുപടി ലഭിച്ചതെന്നും അദ്ദേഹം അറിയിച്ചു. അന്ന് ബി.എൽ.ഇ.സി. എഞ്ചിനീയർ 15-6-1998-ൽ എം. ബുക്കിലെ 7-ാം പേജിലാണ് ആദ്യം രേഖപ്പെടുത്തിയിരിക്കുന്നതെന്നും അതിൽ

57,504 രൂപ 37 പൈസയാണുള്ളതെന്നും അതിന് വാലേഷൻ ഉണ്ടെന്നും രണ്ടാമത് 25-6-1998-ൽ എം.ബുക്കിലെ 11-ാം പേജിൽ വാലേഷന്റെ അടിസ്ഥാനത്തിൽ 40,680 രൂപ 29 പൈസയാണെന്നും 28-6-1998-ലേത് 50,560 രൂപ 27 പൈസയെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചു. ആകെ 1,48,000 രൂപയാണെന്നും ഓഡിറ്റ് സമയത്ത് എം.ബുക്ക് പരിശോധിച്ചിട്ടുണ്ടെന്നും കൂടുതൽ വിദഗ്ദ്ധ അഭിപ്രായം തരാൻ സാധിക്കില്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്നും സെക്രട്ടറി അറിയിച്ചു.

225. പ്രത്യേകതരം സിമന്റുകൊണ്ട് കൂടുതൽ പ്ലാസ്റ്റർ ചെയ്തുവെന്നാണ് ഓഡിറ്റ് സമയത്ത് പരാമർശിച്ചിരുന്നതെന്നും കൃത്യമായ തുക അഡ്വാൻസ് വാങ്ങി അതിനാവശ്യമായ സാധനം വാങ്ങി ആവശ്യമായ തൊഴിലാളികളെക്കൊണ്ട് ചെയ്യിച്ചുവെന്നാണ് പഞ്ചായത്ത് ബോധിപ്പിച്ചതെങ്കിലും ലഭ്യമായ രേഖ വച്ചുകൊണ്ട് പഞ്ചായത്തിന്റെ വാദം അനുവദിക്കാൻ സാധിക്കില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. വാലേഷൻ അനുസരിച്ച് 6516 കിലോ സിമന്റിന്റെ ജോലി ഉണ്ടായിരുന്നുവെന്നും എന്നാൽ 2500 കിലോ മാത്രമേ വാങ്ങിയിട്ടുള്ളൂവെന്നും ഇതിനുള്ള ബിൽപോലും ഫയലിൽ ഉണ്ടായിരുന്നില്ലെന്നും ടെക്നിക്കൽ അതോറിറ്റി യുടെ വാലേഷൻ ഇല്ലാതെയുള്ള റിപ്പോർട്ട് അംഗീകരിക്കാൻ സാധിക്കില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചു.

226. ഉത്തരവാദിത്വമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടേയോ അതേ റാങ്കിലുള്ള ആരുടെയെങ്കിലുമോ ഓരോ സാങ്കേതിക റിപ്പോർട്ടു വാങ്ങി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് വസ്തുതകൾ സഹിതം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 16-12-2008-ലെ 73811/എബി1/07/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ഇപ്രകാരമാണ് :

227. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശമനുസരിച്ച് ടി പ്രവർത്തി സ്ഥലവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തി സംബന്ധിച്ച സാങ്കേതിക റിപ്പോർട്ട് നൽകുന്നതിന് കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും ആയത് ലഭിച്ചാലുടൻ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിന്നും 25-9-2009-ലെ എൽ.എഫ്. 15961/സ്പെ. സെൽ.ജി2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

228. "സമിതിയുടെ നിർദ്ദേശപ്രകാരം ടി പ്രവൃത്തി സ്ഥലവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച് പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തി സംബന്ധിച്ച സാങ്കേതിക റിപ്പോർട്ട് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16-2-2008-ലെ തീരുമാനപ്രകാരവും 30-10-2008-ലെ സെക്രട്ടറിയുടെ കത്ത് പ്രകാരവും കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല. മേൽ സാഹചര്യത്തിൽ പരാമർശം നിലനിൽക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

229. **സമിതി നിർദ്ദേശപ്രകാരം പ്രവൃത്തി സ്ഥലവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച്, പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തി സംബന്ധിച്ച സാങ്കേതിക റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിനും അല്ലാത്തപക്ഷം ബാദ്ധ്യത തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 മാർച്ച് 21.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | മംഗലപുരം ഗ്രാമപഞ്ചായത്ത് | 6 | 27-12-2007-ലെ തെളിവെടുപ്പ് യോഗത്തിൽ 1996-ലെ വരൾച്ച കുടിവെള്ളം വിതരണത്തിലെ ക്രമക്കേടുകളും നഷ്ടവും എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കുടിവെള്ളം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും മറ്റ് രേഖകളും ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ സമിതി വ്യക്തമായ നിർദ്ദേശം പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെ സമിതിനിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ സമിതി നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് തടസ്സപ്പെടുത്തിയ മുഴുവൻ തുകയും അധികമായി തുക കൈപ്പറ്റിയ കോൺട്രാക്ടറിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | വെള്ളനാട് ഗ്രാമപഞ്ചായത്ത് | 13 | സമിതി നിർദ്ദേശപ്രകാരം ശ്രീമതി രാജമ്മയുടെ പേരിലുള്ള ഓഡിറ്റ് പരാമർശം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 18-3-2010-ലെ സ.ഉ.(സാധാ.) നമ്പർ 921/2010/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ഒഴിവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിരിക്കുന്നതിനാൽ ഓഡിറ്റ് ഖണ്ഡികയിന്മേൽ തുടർനടപടി ആവശ്യമില്ല എന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | കാട്ടാക്കട ഗ്രാമപഞ്ചായത്ത് | 18 | 'സമഗ്ര പുരയിട കൃഷി പദ്ധതി'യുടെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന ശ്രീ. എൻ. രാജീവ് പണം മനഃപ്പൂർവ്വം കൈവശം വയ്ക്കുകയോ, തിരിമറി നടത്തു |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കയോ ചെയ്തിട്ടില്ലെന്ന് ബോദ്ധ്യമായതായി 17-11-2008-ലെ VIII(1)-ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉള്ളതായും എന്നാൽ വ്യക്തമായ രേഖകളുടെ അഭാവ ത്തിൽ ടി തീരുമാനത്തിന്റെ സാധുത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല എന്നും ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിനാൽ പരാമർശ വിധേയനായ ഉദ്യോഗസ്ഥന്റെ പ്രവൃത്തി ന്യായീകരിക്കുന്ന തിനാവശ്യമായ രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ചെമ്മരുതി ഗ്രാമപഞ്ചായത്ത് | 22 | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് തയ്യൽമെഷീൻ വാങ്ങി വിതരണം ചെയ്തതു മായി ബന്ധപ്പെട്ട് ഒറിജിനൽ കാഷ് ബിൽ, പർച്ചേയ്സ് ബിൽ, ഫയൽ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാകാത്ത സാഹചര്യത്തിൽ ബാധ്യത തുകയായ 17,904 രൂപ നഷ്ടത്തിന് ഉത്തരവാദിയായ മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി എ. ലളിതാംബികയിൽ നിന്ന് പലിശ സഹിതം തുക ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 5 | കാരോട് ഗ്രാമപഞ്ചായത്ത് | 27 | ഓഡിറ്റ് വേളയിൽ ശരിയായ വിശദീകര ണവും രേഖകളും ലഭ്യമാക്കാതിരുന്നതും രേഖകളിൽ റീച്ച് രേഖപ്പെടുത്താതിരു ന്നതുമാണ് ഓഡിറ്റ് പരാമർശത്തിന് കാരണ മെന്നും, പ്രോജക്ടുമായി ബന്ധപ്പെട്ട യഥാർത്ഥ രേഖകൾ ഹാജരാക്കിയിട്ടുണ്ടെന്നും ആയത് പരിശോധിച്ചതിൽ നിന്നും 1999-2000-ലെ 11-ാം പ്രോജക്ട് പ്രകാരം ചെയ്ത പണിയും 2000-01-ലെ 7-ാം നമ്പർ പ്രോജക്ട് പ്രകാരം ചെയ്ത പണിയും രണ്ടാ ണെന്ന് ബോധ്യപ്പെട്ടിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | കാരോട് ഗ്രാമപഞ്ചായത്ത് | 28 | മരാമത്തു പണികളിൽ പ്രത്യേകിച്ച് റോഡ്, തോട്, കുളം പുനരുദ്ധാരണം എന്നിവയിൽ പണിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്താത്തതുമൂലം പല ഓഡിറ്റ് തടസ്സങ്ങളും, നിരാകരണങ്ങളും ഉണ്ടാകുന്നുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ റോഡ്, തോട് എന്നിവയുടെ പണി ചെയ്യുമ്പോൾ ഏതു റീച്ചാണ് പണി ചെയ്യുന്നതെന്നതു സംബന്ധിച്ച് വ്യക്തമായ സൂചന എസ്റ്റിമേറ്റിലും ടെണ്ടറിലും കാണിച്ചിരിക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറിമാർക്കു നിർദ്ദേശം നൽകണമെന്നു സമിതി ശുപാർശ ചെയ്യുന്നു. |
| 6 | കഴക്കൂട്ടം ഗ്രാമപഞ്ചായത്ത് | 34 | കഴക്കൂട്ടം മാർക്കറ്റ് നവീകരണം എന്ന പ്രവൃത്തിയിൽ കരാറുകാരനായ ശ്രീ. ജീമോന്റെ ബാധ്യത തുകയായ 15,731 രൂപ ടിയാൻ തിരികെ അടയ്ക്കാത്തതിനാൽ, ടിയാൻ 21-5-1999-ൽ 82063/56-ാം നമ്പർ രസീതു പ്രകാരമടച്ച ഇ.എം.ഡി. 12,000 രൂപയും 17-6-1999-ൽ 82063/99-ാം നമ്പർ രസീതു പ്രകാരമടച്ച സെക്യൂരിറ്റി ഡെപ്പോസിറ്റ് 17,000 രൂപയും പഞ്ചായത്ത് കമ്മിറ്റിയുടെ 11-4-2008-ലെ 13(1)ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടെന്നും ആയതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം ഒഴിവായിട്ടുളളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 39 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് കൺവീനറായ ശ്രീ. വിശ്വംഭരനെ ബാദ്ധ്യതയിൽ നിന്നൊഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റിയെടുത്ത തീരുമാനം അംഗീകരിക്കാൻ കഴിയില്ലെന്നും ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായും ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, കൺവീനർ ശ്രീ. വിശ്വംഭരനിൽ നിന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സി.പി.യായി നൽകിയ 18,200 രൂപ തിരികെ ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 7 | അമ്പൂരി ഗ്രാമപഞ്ചായത്ത് | 44 | ചീനിക്കാല അംഗനവാടി നിർമ്മാണം അഡ്വാൻസും പാർട്ട് ബില്ലും കൈപ്പറ്റിയ ശേഷം പ്രവൃത്തി അപൂർണ്ണമായി ഉപേക്ഷിച്ചു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ എം.ബുക്ക്, ഫൈനൽ ബിൽ എന്നിവ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോടും ആയത് പരിശോധിച്ച് സമിതിക്കു റിപ്പോർട്ടു നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി നിർദ്ദേശിക്കുന്നു. |
| ,, | ,, | 49 | തേക്കുംപാറ കൊണ്ടകെട്ടി റോഡിന്റെ വർക്ക് ബില്ലിൽ അധികം നൽകിയ 19,348 രൂപ ഈടാക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 8 | പാറശ്ശാല ഗ്രാമപഞ്ചായത്ത് | 55 | ഊറാക്കുളം പുനരുദ്ധാരണം—മൺപണിക്ക് അധിക നിരക്ക് നൽകിയതുമൂലം പഞ്ചായത്തിനുണ്ടായ 21,767 രൂപയുടെ നഷ്ടം സാധൂകരിക്കാനാവശ്യമായ രേഖകൾ ലോക്കൽ ഫണ്ടിന് സമർപ്പിച്ചതായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് സമിതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും "ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന നഷ്ടം ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നതായി" ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നതിനാൽ പരാമർശം ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാൻ ഗ്രാമപഞ്ചായത്തിനോട് സമിതി നിർദ്ദേശിക്കുന്നു. അല്ലാത്ത പക്ഷം ഓഡിറ്റിൽ പരാമർശിച്ചിരിക്കുന്ന നഷ്ടം, ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | മടവൂർ ഗ്രാമപഞ്ചായത്ത് | 58 | കെട്ടിടനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അനാസ്ഥ കാട്ടിയതുമൂലമുണ്ടായ നഷ്ടത്തിന് കാരണക്കാരായവരിൽ മരണപ്പെട്ട ഷാജിലാൽ ഒഴികെ എസ്. രവീന്ദ്രൻ നായർ, എസ്. രാജേന്ദ്രൻ, ജി. എസ്. മുരളീധരൻ നായർ, റ്റി. തങ്കപ്പൻ, ബി. എസ്. സുനിൽകുമാർ, സി. അജിത്കുമാർ എന്നിവരിൽ നിന്നും ഓരോരുത്തരുടെയും ബാധ്യത തുക തിട്ടപ്പെടുത്തി ഈടാക്കി ടി വിവരം അടിയന്തിരമായി റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 61 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുള്ള ബാദ്ധ്യത ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്ന് ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ നിർദ്ദേശിക്കുന്നു. അന്തിമ മറുപടി സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 67 | പുലിയൂർക്കോണം-അടുക്കോട്ടുകോണം റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് കലുങ്കിന്റെ അബട്ട്മെന്റ് പണി അനിവാര്യമായിരുന്നു എന്ന എൽ.എസ്.ജി.ഡി. മടവൂർ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പദ്ധതിക്ക് ഡി. പി. സി. അംഗീകാരമുണ്ടായിരുന്നു എന്ന വസ്തുതയുടെ അടിസ്ഥാനത്തിലും സമിതിയിലെ സാങ്കേതിക വിദഗ്ദ്ധൻ ഇക്കാര്യത്തിൽ വ്യക്തമായി അഭിപ്രായം രേഖപ്പെടുത്താതെ അംഗീകാരം നൽകുകയും പണി നടപ്പാക്കുകയും ചെയ്തതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് | 73 | ഓഡിറ്റ് കാലയളവിലെ മുൻ പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി എം. ബി. രാജലക്ഷ്മി, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി ലില്ലി എന്നിവരോട് പഞ്ചായത്തിന് നഷ്ടം വന്ന തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാൻ പഞ്ചായത്തിൽ നിന്ന് നിർദ്ദേശം നൽകിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ തുക ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും, തുക തുല്യമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 77 | കരിക്കകം സ്റ്റെപ്പ് നിർമ്മാണം പദ്ധതിയിൽ കൺവീനർക്ക് നൽകിയ 15,000 രൂപ പലിശ സഹിതം ഈടാക്കുന്നതിന് ആർ.ആർ. നടപടി സ്വീകരിച്ച് അടിയന്തിരമായി സമിതിയിൽ റിപ്പോർട്ട് ചെയ്യുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 78 | കുറവൻകുഴി പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിയുടെ പ്രോജക്ട് ഫയൽ പ്രവൃത്തി ഉപേക്ഷിക്കാനുണ്ടായ കാരണം വ്യക്തമാക്കുന്ന രേഖകൾ, ഈ പദ്ധതി ഉപേക്ഷിച്ചുകൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുക. ആയതിന് സാധിക്കാത്തപക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന് ഉത്തരവാദികളായവരെ കണ്ടെത്തി ബാദ്ധ്യത തുക പലിശ സഹിതം ടി ആളുകളിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 79 | താന്നിമൂട്-പറയൻകാവ് റോഡ് പണിയുമായി ബന്ധപ്പെട്ട് പണി ഉപേക്ഷിച്ചത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനങ്ങളുടെ കോപ്പിയും വകയിരുത്തിയ ബാക്കി തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങളും പൂർത്തിയായിടത്തോളം പണികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റുകളും |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുക. ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് സമിതിക്ക് റിപ്പോർട്ടു ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | വെമ്പായം ഗ്രാമപഞ്ചായത്ത് | 85 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം പ്രാവർത്തികമാക്കിയിട്ടില്ല എന്നു സമിതി വിലയിരുത്തുന്നു. പരാമർശം നിലനിൽക്കുന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നുവെങ്കിലും പദ്ധതി തുടർന്നുകൊണ്ടുപോകുന്നതിന് മതിയായ നിക്ഷേപം ഇല്ലാതിരുന്നതുമൂലമാണ് ആയതു നിലച്ചുപോയതെന്നുമുള്ള വിശദീകരണം സമിതി അനുഭാവപൂർവ്വം പരിഗണിക്കുന്നു. ഈ പദ്ധതിക്കായി സാധനങ്ങൾ വാങ്ങിയ വകയിൽ ചെലവു ചെയ്ത 93,500 രൂപയുടെയും വയറിംഗ് ചെയ്ത ഇനത്തിൽ ചെലവായ 6,500 രൂപയുടെയും വൗച്ചറുകളും അനുബന്ധ ഫയലുകളും പരിശോധിച്ച് ആയത് ക്രമപ്രകാരമാണോ എന്നതു സംബന്ധിച്ച് സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് സമിതി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു. പരാമർശ വിധേയമായ തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 90 | പഞ്ചായത്ത് അതിർത്തിക്ക് വെളിയിലുള്ള കന്യാകുളങ്ങര ഗവൺമെന്റ് ഗേൾസ് ഹൈസ്ക്കൂളിന് 5 സെന്റ് സ്ഥലം വാങ്ങിയ ചെലവിന് സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 457/09/ തസ്വഭവ. തീയതി 21-2-2009 പ്രകാരം സാധൂകരണം ലഭിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | വെമ്പായം ഗ്രാമപഞ്ചായത്ത് | 94 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് എസ്.സി./എസ്.റ്റി. ഫണ്ട് വകമാറ്റി ചെലവഴിക്കാൻ പാടില്ലെന്ന് ഗവൺമെന്റിന്റെ കർശന നിർദ്ദേശം ഉണ്ടെന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ട്രെയിനിംഗിനായിത്തന്നെ സെന്റർ തുടർന്നും ഉപയോഗിക്കണം എന്ന വ്യവസ്ഥയിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 12 | നഗരൂർ ഗ്രാമപഞ്ചായത്ത് | 98 | ആയുർവ്വേദാശുപത്രിക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് കൺവീനർ ശ്രീ. രാജ്കുമാർ കൈപ്പറ്റിയ 24,000 രൂപയ്ക്ക് നാളിതുവരെയുള്ള പലിശയും പിഴപ്പലിശയും ഉൾപ്പെടെയുള്ള തുക ഈടാക്കുന്നതിനുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തുക. നടപടിയുടെ വിശദവിവരം അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 104 | നഗരൂർ ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ രേഖകൾ പരിശോധിച്ച്, ഈഞ്ചമൂല സ്ലൂയിസ്-കം-ബ്രിഡ്ജ് എന്ന പദ്ധതി 30-3-2000-ൽ പൂർത്തീകരിച്ചതായും, പദ്ധതി പൂർത്തീകരിക്കാൻ 13,98,166 രൂപ ചെലവായെന്നും, 1,834 രൂപ നീക്കിയിരിപ്പുണ്ടെന്നും, 14 ലക്ഷം രൂപയുടെ പദ്ധതിയിൽ മുൻകൂർ നൽകിയ 10 ലക്ഷം രൂപ കിഴിച്ചുള്ള 4 ലക്ഷം രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകിയതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അവശേഷിക്കുന്ന 10 ലക്ഷം രൂപയ്ക്ക് കൂടി സർക്കാർ സാധൂകരണം വാങ്ങുന്നതിന് നടപടി സ്വീകരിക്കുവാനും സാധൂകരണം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. സാധൂകരണം ലഭ്യമാകുന്നത് സംബന്ധിച്ച വിവരം സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത് | 112 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കോടതി കേസിന്റെ പുരോഗതി അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ശുപാർശ ചെയ്യുന്നു. |
| 14 | വട്ടിയൂർക്കാവ് ഗ്രാമപഞ്ചായത്ത് | 119 | 'റാണിക്കുളം പുനരുദ്ധാരണ ജോലി അധികരിച്ച റേറ്റ് നൽകിയത്'—എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഓഡിറ്റ് വകുപ്പ് ആവശ്യപ്പെട്ട രേഖകൾ കണ്ടെത്താനായിട്ടില്ലെന്നും നഷ്ടം ഈടാക്കിയിട്ടില്ലെന്നും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുള്ളകാര്യം സമിതി മനസ്സിലാക്കുന്നു. കൂടാതെ ഓഡിറ്റ് പരാമർശത്തിന് തൃപ്തികരമായ വിശദീകരണം നല്കാനും കഴിയാത്ത സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം കൺവീനറിൽ നിന്നും ആർ. ആർ. നടപടിയിലൂടെ ഈടാക്കി അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | വെള്ളറട ഗ്രാമപഞ്ചായത്ത് | 126 | കോവില്ലൂർ-വഴിയമ്പലം പുനരുദ്ധാരണം മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ ശേഷം പ്രവൃത്തി ഉപേക്ഷിച്ചു എന്ന പരാമർശത്തിന്മേൽ ഗുണഭോക്തൃ കമ്മിറ്റി ചെയർമാൻ ശ്രീ. തങ്കപ്പൻ, കൺവീനർ, ശ്രീ. നെൽസൺ എന്നിവർക്കെതിരെയുള്ള ആർ.ആർ. നടപടി ത്വരിതപ്പെടുത്തി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 16 | വാമനപുരം ഗ്രാമപഞ്ചായത്ത് | 136 | "ജനറൽ പി.ഡി. ചെക്കിൽ തിരിമറി നടത്തി 7,75,984 രൂപ അപഹരിച്ചു" എന്ന പരാമർശത്തിൽ പരാമർശവിധേയയായ സെക്രട്ടറി ശ്രീമതി പുഷ്പരത്നത്തിൽ നിന്നും ആർ.ആർ. നടപടിയിലൂടെ ബാക്കി ഈടാക്കേണ്ടതായ തുക (2,87,952 രൂപ) അടിയന്തിരമായി ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 16 | വാമനപുരം ഗ്രാമപഞ്ചായത്ത് | 147 | 1996 മുതൽ 2000 വരെയുള്ള കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. ശ്രീകണ്ഠൻ നായരുടെ കാലഘട്ടത്തിൽ പഞ്ചായത്ത് ഓഫീസിൽ ലഭ്യമാക്കിയിരുന്ന ഇലക്ട്രിസിറ്റി ബിൽ രജിസ്റ്ററിൽ ലോഡ്ജ് മുറികൾക്കുള്ള വൈദ്യുത മീറ്ററിനെ സംബന്ധിച്ചുള്ള യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ലായിരുന്നെന്നും, പഞ്ചായത്ത്, വൈദ്യുതി ചാർജ് അടയ്ക്കേണ്ട കൺസ്യൂമർ ലിസ്റ്റിൽ പ്രസ്തുത മുറികളുടെ മീറ്റർ നമ്പർ ഉണ്ടായിരുന്നില്ലെന്നുള്ള സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. ശ്രീകണ്ഠൻ നായരെ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയതിന് ഉത്തരവാദിയാക്കിയ നടപടി ശരിയല്ല എന്ന് സമിതി നിരീക്ഷിക്കുന്നു. മാത്രമല്ല പഞ്ചായത്തിന്റെ പ്രവർത്തനം മുകളിലത്തെ നിലയിലെ മുറികളിലേക്ക് വ്യാപിപ്പിക്കുന്നതിന് വൈദ്യുതി ലഭ്യമാക്കുക എന്നത് പുതുതായി ചാർജെടുത്ത സെക്രട്ടറി ശ്രീ. എം. രാമചന്ദ്രൻ നായർക്ക് ഒഴിവാക്കാനാവാത്ത കാര്യമായതിനാൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനായി പിഴയും പിഴപ്പലിശയും ചേർത്ത് കുടിശ്ശിക അദ്ദേഹത്തിന് ഒടുക്കേണ്ട സാഹചര്യവുംകൂടി കണക്കിലെടുക്കുമ്പോൾ പരാമർശവിധേയരായ രണ്ട് സെക്രട്ടറിമാരും മനഃപൂർവ്വം വീഴ്ച വരുത്തിയിട്ടില്ലെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 17 | പെരിങ്ങമ്മല ഗ്രാമപഞ്ചായത്ത് | 159 | കന്യാരുകുഴി നടപ്പാലം നിർമ്മാണം, വേലൻകോണം ഹരിജൻകോളനി പടിക്കെട്ട് നിർമ്മാണം എന്നീ പദ്ധതികൾക്ക് അധികം ചെലവ് ചെയ്ത തുക ആർ.ആർ. നടപടിയിലൂടെ കൺവീനറിൽ നിന്ന് ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കൺവീനറിൽ നിന്നും തുക ലഭ്യമാക്കാൻ സാധിക്കുന്നില്ലെങ്കിൽ തുക അധികം നൽകിയ സെക്രട്ടറി ശ്രീ. മുഹമ്മദ് റഷീദിൽ നിന്നും ആയത് ഈടാക്കി സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 18 | നന്ദിയോട് ഗ്രാമപഞ്ചായത്ത് | 165 | ''വൗച്ചറുകളില്ലാതെ പഞ്ചായത്ത് ഫണ്ടിൽ നിന്നും അനധികൃതമായി പിൻവലിച്ച 8,115 രൂപ അംഗീകരിക്കുന്നില്ല'' എന്ന പരാമർശത്തിൽ ബാധ്യത തുക പരാമർശ വിധേയനായ മുൻ സെക്രട്ടറി ശ്രീ. ബദറുദ്ദീന്റെ ഡി.സി.ആർ.ജി.-യിൽ നിന്ന് ഈടാക്കി ടി വിവരം സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | കോട്ടുകാൽ ഗ്രാമപഞ്ചായത്ത് | 168 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫൈനൽ ബിൽ സെറ്റിൽ ചെയ്തെന്നും, ചെലവിന്റെ 20% ഗുണഭോക്തൃ വിഹിതം ആയിരിക്കണമെന്ന ഉത്തരവിൻ പ്രകാരം പ്രസ്തുത പണിക്ക് അപ്രകാരംതന്നെ ഉപഭോക്തൃവിഹിതം ഈടാക്കിയെന്ന സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 176 | തെങ്ങുവിള ശ്രീനാരായണപുരം റോഡ് പുനരുദ്ധാരണം പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പുതുക്കി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുക. |
| 20 | മണമ്പൂർ ഗ്രാമപഞ്ചായത്ത് | 184 | പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി സംബന്ധിച്ച പരാമർശവുമായി ബന്ധപ്പെട്ട് സാങ്കേതികമായി കൂടുതൽ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്തിരുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് വകുപ്പ് സമിതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക പരിശോധന നടത്തി ആയതിന്റെ റിപ്പോർട്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഓഡിറ്റ് വകുപ്പിന് ഹാജരാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശുപാർശ ചെയ്യുന്നു. റിപ്പോർട്ട് പരിശോധിച്ച് പരാമർശം ഒഴിവാക്കാവുന്നതാണെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കാൻ സമിതി ഓഡിറ്റിനോട് ശുപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം ഓഡിറ്റ് നഷ്ടം ബന്ധപ്പെട്ട വരിൽ നിന്ന് ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 21 | ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് | 190 | നിർദ്ധനരായ യുവതികൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ ആദായകരമായി പ്രവർത്തിച്ചുവരുന്നതായും പദ്ധതി ലക്ഷ്യം കൈവരിച്ചതായും ലോക്കൽ ഫണ്ട് ഓഡിറ്റു വകുപ്പിന്റെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 22 | വിളപ്പിൽ ഗ്രാമപഞ്ചായത്ത് | 198 | മാർക്കറ്റ് ലേലം—നിബന്ധനകൾ പാലിച്ചിട്ടില്ല എന്ന പരാമർശവുമായി ബന്ധപ്പെട്ട് സമിതി നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നടത്തിയ വിശദമായ അന്വേഷണത്തിൽ പഞ്ചായത്തിനുണ്ടായ ബാദ്ധ്യതയ്ക്ക് ഉത്തരവാദികൾ പരാമർശ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. എൻ. അബ്ദുൾ റഹ്മാനും, യു.ഡി.സി. യായിരുന്ന ശ്രീ. സജീവ് ലാലുമാണെന്ന് വ്യക്തമായിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാദ്ധ്യത തുക പലിശയും ഉൾപ്പെടെ ടി രണ്ടു വ്യക്തികളിൽനിന്നും തുല്യമായി ഈടാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| ,, | ,, | 202 | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരുന്ന നഷ്ടം പിഴപ്പലിശയടക്കം ഈടാക്കി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 22 | വിളപ്പിൽ ഗ്രാമപഞ്ചായത്ത് | 207 | ശ്രീ. അബ്ദുൾ റഹ്മാൻ ഫയൽ ചെയ്ത WP(C) No. 17520/08(1) കേസിൽ കോടതി അനുവദിച്ച സ്റ്റേ ഒഴിവാക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും കേസ് ത്വരിതപ്പെടുത്തി തീർപ്പ് ഉണ്ടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 23 | കല്ലറ ഗ്രാമപഞ്ചായത്ത് | 213 | വ്യാജ ചെലാനുകൾ ഹാജരാക്കി പണാപഹരണം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ നിലനിൽക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി അടിയന്തിരമായി സമിതിക്ക് റിപ്പോർട്ട് ചെയ്യുക. ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്തിയ പ്രാദേശിക പരിശോധനയിൽ പഞ്ചായത്തിൽ യു.ഡി. ക്ലാർക്കായിരുന്ന ശ്രീ. എൻ. തങ്കച്ചൻ കുറ്റം ഏറ്റെടുക്കുകയും നഷ്ടം പരിഹരിക്കാമെന്ന് എഴുതി നൽകുകയുണ്ടായെന്നും തുടർന്ന് പഞ്ചായത്ത് ഡയറക്ടർ ടിയാന് കുറ്റാരോപണ മൊമ്മോ നൽകിയതായും രേഖകളിൽ കാണുന്നതായി, സമിതിയിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ സൂചിപ്പിച്ചിരിക്കുന്ന നഷ്ടം അദ്ദേഹത്തിൽ നിന്നും ഈടാക്കുന്നതിനും, പണാപഹരണം നടത്തിയതിന് അദ്ദേഹത്തിനെതിരെ ക്രിമിനൽ കേസ് ചാർജ് ചെയ്യാനും സമിതി ശുപാർശ ചെയ്യുന്നു. |
| 24 | പെരുങ്കടവിള ഗ്രാമപഞ്ചായത്ത് | 220 | ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള പണികൾ ലാഭേച്ഛയില്ലാതെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ളതാണെന്നും എം. ബുക്കും ബില്ലും പ്രകാരമുള്ള തുക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മാത്രമേ സമിതികൾക്കു നൽകിയിട്ടുള്ളൂ വെന്നും പഞ്ചായത്തിന് യാതൊരുവിധ സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്നും ഭരണവകുപ്പിന്റെ മറുപടിയിൽ നിന്നും സമിതി മനസ്സിലാക്കുന്നു. |
| 24 | പെരുങ്കടവിള ഗ്രാമപഞ്ചായത്ത് | 221 | മണ്ണു ഫില്ലിംഗ് നടത്തുമ്പോൾ ലീഡും ലിഫ്റ്റും കണക്കാക്കുന്നതു സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയറുടേയും ചീഫ് ടെക്നിക്കൽ എക്സാമിനറുടേയും നിർദ്ദേശങ്ങൾ/വിവിധ സർക്കുലറുകൾ ആശയ ക്കുഴപ്പവും അവ്യക്തതയും നിലനിൽക്കുന്ന തിനാൽ ആയത് ദൂരീകരിക്കുന്നതിന് സർക്കാർ തലത്തിൽ ബന്ധപ്പെട്ട അധികാരികൾ ചർച്ച ചെയ്ത് വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 25 | നാവായിക്കുളം ഗ്രാമപഞ്ചായത്ത് | 229 | സമിതി നിർദ്ദേശപ്രകാരം പ്രവൃത്തി സ്ഥലവും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച്, പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തി സംബന്ധിച്ച സാങ്കേതിക റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ലാ ത്തതിനാൽ ഓഡിറ്റ് പരാമർശം നിലനിൽക്കു ന്നതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിയിൽ റിപ്പോർട്ട് ചെയ്തിരി ക്കുന്നതിന്റെ അടിസ്ഥാനത്തിൽ ടി രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിനും അല്ലാത്തപക്ഷം ബാദ്ധ്യത തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |